www.malankaralibrary.com

# പൈതൃകപ്രബോധനം

റവ. ഫാദർ ഗീവർഗ്ഗീസ് ചേടിയത്ത്

www.malankaralibrary.com

# അവതാരിക

ഇന്നു് എല്ലാ വിഷയങ്ങളിലുമുള്ള ഗ്രന്ഥങ്ങൾ സുലഭമാണു്. നോവൽ, കഥ, നാടകം എന്നിവയുടെ ''സൂരകപ്രസവങ്ങൾ'' നാട്ടനീളെ നടക്കുന്നു. എന്നാൽ ഈട്ടററ കാര്യങ്ങളെക്കുറിച്ചു പ്രതിപാദിക്കുന്ന ഗ്രന്ഥങ്ങൾ നന്നേചുരുങ്ങും; പ്രത്യേകിച്ചു് മതപരമായ ഗ്രന്ഥങ്ങൾ. ഇമ്മാതിരി ഗ്രന്ഥങ്ങൾ രചിക്കപ്പെട്ടാലും വായിക്കാനാളില്ല. പാൽപ്പായസം കുടിക്കാൻ ആർക്കും ഇഷ്ടമാണു്. കഷായമോ ? പക്ഷേ കഷായപ്രായമായ കഴമ്പുള്ള ഗ്രന്ഥങ്ങൾ അവശ്യംവേണ്ടിയിരിക്കുന്നു. പ്രശ്നങ്ങളും ക്ലേശങ്ങളുംകൊണ്ടു വീർപ്പുമുട്ടികഴിയുന്ന ആധുനികതലമുറ ഉറച്ച സത്യങ്ങളും മൂല്യങ്ങളുമാകുന്ന കഷായം സേവിച്ചു് സുഖവും ശാന്തിയും പ്രാപിക്കേണ്ടതാവശ്യമാണു്. ആ രീതിയിലുള്ള ഒരു പ്രബന്ധം ഇതാ ഞാനവതരിപ്പിക്കുന്നു. അതിന്റെ പേരാണു് ''പൈതൃകപ്രബോധനം''. പിതാക്കന്മാർ നല്കുന്ന പ്രബോധനങ്ങൾ എന്നു കുറേക്കൂടി വ്യക്തമായി പറയാം.

സഭാപിതാക്കന്മാരുടെ പ്രബോധനം ക്രൈസ്തവസഭയുടെ ഈട്ടററ മുതൽക്കൂട്ടാണു്. ക്രൈസ്തവസഭ ''വെളിപാടിന്റെ മതമാണു്'' (revealed religion). ദൈവപുത്രനായ യേശുക്രിസ്തുവഴി ഈ വെളിപാടു സഭയ്ക്കുലഭിച്ചു. സഭ അതു് അഭംഗം സൂക്ഷിക്കുകയുംചെയ്യുന്നു.

ഈ വെളിപാടുസൂക്ഷിക്കുന്ന രണ്ടു കലവറകൾ ക്രൈസ്തവസഭയ്ക്കുണ്ടു്. ഒന്നാമത്തേതു് ''ദൈവവചനം'' എന്നു വിശേഷിപ്പിക്കപ്പെടുന്ന വേദപുസ്തകം (Bible). രണ്ടാമത്തേതു് ''പാരമ്പര്യം'' (tradition). കാലാകാലങ്ങളിൽ തലമുറ തലമുറകളായി കൈമാറി നിലവിലിരിക്കുന്ന വിശ്വാസസത്യങ്ങളും ആചാരസംഹിതയും ഇതിൽപ്പെടും. പാരമ്പര്യത്തിന്റെ പ്രധാന ഉറവിടം ''സഭാപിതാക്കന്മാർ'' എന്നറിയപ്പെടുന്ന പണ്ഡിതരും വിശുദ്ധരുമായ ആചാര്യശ്രേഷ്ഠന്മാരുടെ പ്രബോധനമാണു്. ക്രൈസ്തവസഭയുടെ ആദിഘട്ടത്തിൽ ജീവിച്ചവരും പിന്നീടു് പല നൂററാണ്ടുകളിൽപ്പെടുന്നവരുമായ പിതാക്കന്മാരുടെ പ്രബോധനം നമുക്കുണ്ടു്. ഇവരിൽ പൗരസ്ത്യരും പാശ്ചാത്യരുമ

www.malankaralibrary.com



ണ്ടു്. ഇങ്ങനെയുള്ള സഭാപിതാക്കന്മാരുടെ പ്രബോധനത്തിന്റെ ഒരംശം ഗവേഷകകുതുകിയും അദ്ധ്യാപനശീലനുമായ ചേടിയത്തച്ചൻ വിവർത്തനംചെയ്തു പ്രസിദ്ധപ്പെടുത്തുന്നതാണീഗ്രന്ഥം. വിദേശത്തു് ഉന്നതപഠനത്തിനുപോയിരിക്കുന്ന ഗ്രന്ഥകാരന്റെ അഭാവത്തിൽത്തന്നെ അദ്ദേഹത്തിനും ഗ്രന്ഥത്തിനും ഭാവുകങ്ങൾ നേർന്നു് ഇതു് കേരളീയ ക്രൈസ്തവസഭാസമക്ഷം അവതരിപ്പിച്ചുകൊള്ളുന്നു.

പ്രൊഫസ്സർ,
ഡി. അയ്യനേത്തു് എം. എ. എൽ,
പി. എച്ചു്, എൽ. ഡി.

അഞ്ചൽ,
17—11—1973.

www.malankaralibrary.com

# ഡിഡാക്കേ.

ഡിഡാക്കേ അഥവാ പന്ത്രണ്ടപ്പോസ്തലന്മാരുടെ പ്രബോധനം എന്ന പേരിൽ അറിയപ്പെടുന്ന ചരിത്രരേഖ.

സഭാസംബന്ധമായി വളരെ പഴക്കമുള്ളതാണ് ഈ രേഖ. ഇതിന്നു് Doctrina Domini Gentibus per duodecim apostolos എന്നും പേരുണ്ടു്. 1873 ലാണു് ഈ രേഖകണ്ടുപിടിക്കപ്പെട്ടതു്. നിക്കോമേഡിയായിലെ ഓർത്തഡോക്സു് മെത്രാപ്പോലീത്താ ആയിരുന്ന philotheos Byrennios ആണു് കണ്ടുപിടിച്ചതു്. 1883 ൽ അദ്ദേഹം അതു് പ്രസിദ്ധീകരിച്ചു. ഒരിജനം അലക്സാണ്ട്റിയായിലെ ക്ലെമൻറും ഡിഡാക്കേയിൽനിന്നും ഉദ്ധരിച്ചിട്ടുണ്ടു്. ഇതു് വളരെ ഉപയോഗപ്രദമായ പുസ്തകമാണെന്നു് വി. അത്തനാസ്യോസ് സാക്ഷിച്ചിരിക്കുന്നു. ലത്തീനിലും അറബിയിലുമായി രണ്ടു് അപൂർണ്ണരേഖകളും കണ്ടെടുക്കപ്പെട്ടിട്ടുണ്ടു്.

ഡിഡാക്കേയുടെ കർത്താവു് ചില ഗ്രന്ഥങ്ങൾ ഉപയോഗിച്ചിട്ടുള്ളതായി കാണുന്നു. ഇവയിൽ പ്രധാനപ്പെട്ടതു് ''രണ്ടു പാതകൾ'' എന്ന ചെറിയ ധാർമ്മികഗ്രന്ഥമാണു്. ഡിഡാക്കേയിക്കു് രണ്ടു ഭാഗങ്ങളുണ്ടു്: (1) ക്രിസ്തീയതത്വസംഹിത ജീവവഴിയും മൃത്യുപാതയും തമ്മിലുള്ള തെരഞ്ഞെടുപ്പായി ചിത്രീകരിച്ചിരിക്കുന്നു. അതായതു് നാം ചെയ്യേണ്ടതും ചെയ്യരുതാത്തതുമായ കാര്യങ്ങൾ അതിലുൾപ്പെടുന്നു...... (2) സഭാ നടപടിക്രമം. —സ്നാനം, ഉപവാസം, അഗാപ്പേ, വഴിയാത്രക്കാരായ പ്രവാചകർ, മെത്രാന്മാരുടേയും, ശെമ്മാശന്മാരുടേയും, പ്രാദേശിക ശുശ്രൂഷകൾ, കാലാന്ത്യം എന്നിവയെപ്പററി രണ്ടാം ഭാഗം ചർച്ചചെയ്യുന്നു. ആകെ പതിനാറു് അദ്ധ്യായങ്ങളുണ്ടു്. എഴുപതിനും തൊണ്ണൂറിനും ഇടയ്ക്കു് ഇതു് എഴുതപ്പെട്ടു എന്നു് പണ്ഡിതന്മാർ പൊതുവേ കരുതുന്നു. ഇന്നു് നമുക്കു് ലഭിച്ചിരിക്കുന്ന രൂപത്തിലായതു് 110 നും 150 നും ഇടയ്ക്കാണു്. ആദ്യത്തെ അഞ്ചദ്ധ്യായങ്ങൾ 'ബർന്നബാസിന്റെ എഴുത്തിന്റെ' (100—130) അന്ത്യത്തിൽ മററൊരു രീതിയിൽ കാണുന്നുണ്ടു്.

www.malankaralibrary.com



അലക്സാണ്ട്റിയായാണ് ഇതിന്റെ ഉത്ഭവസ്ഥാനമെന്ന് പലരും കരുതുന്നു.

150ൽ അലക്സാണ്ട്റിയായിൽവച്ച് ഒരെഴുത്തുകാരൻ കൈയ്യിൽക്കിട്ടിയ രണ്ടു് പ്രാചീന രേഖകരം എഡിററുചെയ്തതാകാം എന്നൊരഭിപ്രായമുണ്ടു്, അതിലൊന്നു് ''രണ്ടുവഴികരം'' എന്ന ലഘുഗ്രന്ഥം, മറെറാന്നു് സിറിയായിൽനിന്നു കിട്ടിയ ''സഭാനടപടിക്രമം''. ഗ്രീക്കിലുള്ള കയ്യെഴുത്തുപ്രതി 1056 ൽ ലെയോ എന്ന എഴുത്തുകാരൻ എഴുതിയതാണു്. അതാണു് 1873-ൽ Byrennios കണ്ടെടുത്തതു്. അതിനു് ''കോഡക്സ് ജെറുസലേം'' എന്നാണു് പേരു്. ഡിഡാക്കേയെ സംബന്ധിച്ച് വളരെയധികം ലേഖനങ്ങളും പുസ്തകങ്ങളും പുറത്തുവന്നിട്ടുണ്ടു്.

www.malankaralibrary.com

# പന്ത്രണ്ടപ്പോസ്തോലന്മാരുടെ പ്രബോധനം

—അഥവാ—

# ഡിഡാക്കേ.

## പന്ത്രണ്ടപ്പോസ്തലന്മാർവഴി പുറജാതികളോടുള്ള കർത്തൃപ്രബോധനം.

## I

1) ജീവന്റെ വഴിയെന്നും മരണത്തിന്റെ വഴിയെന്നും പാതകൾ രണ്ടുണ്ടു്. ഈ രണ്ടു പാതകൾ തമ്മിൽ വലിയ അന്തരമുണ്ടു്.

2) ഇതാണു് ജീവന്റെ പാത. ഒന്നാമതായി നിന്നെ സൃഷ്ടിച്ചദൈവത്തെ നീ സ്നേഹിക്കണം. രണ്ടാമതായി നിന്നെപ്പോലെ നിന്റെ അയൽക്കാരനെയും സ്നേഹിക്കണം. മനുഷ്യർ നിങ്ങളോടു ചെയ്യരുതെന്നു് നിങ്ങൾ ആഗ്രഹിക്കുന്നവ അവരോടു് നിങ്ങൾ ചെയ്യരുതു്.

3) ഈ തത്വങ്ങൾ പഠിപ്പിക്കുന്നതിതാണു്. നിങ്ങളെ ശപിക്കുന്നവരെ അനുഗ്രഹിക്കുവിൻ. ശത്രുക്കൾക്കുവേണ്ടി പ്രാർത്ഥിക്കുവിൻ. കൂടാതെ നിങ്ങളെ പീഡിപ്പിക്കുന്നവർക്കുവേണ്ടി ഉപവസിക്കുവിൻ. എന്തെന്നാൽ നിങ്ങളെ സ്നേഹിക്കുന്നവരെ സ്നേഹിച്ചാൽ നിങ്ങളുടെ ശ്രേഷ്ഠത എന്തു് ? പുറജാതികളും അങ്ങനെ ചെയ്യുന്നില്ലേ. നിങ്ങളോ, നിങ്ങളെ വെറുക്കുന്ന

www.malankaralibrary.com



വരെ സ്നേഹിക്കുവിൻ. അങ്ങനെ നിങ്ങൾക്കൊരു ശത്രുവും ഉണ്ടായിരിക്കുകയില്ല.

4) ശാരീരിക ദുരാശകളിൽനിന്നകലുവിൻ. നിൻെറ വലത്തെ ചെകിട്ടത്തു് ആരെങ്കിലും അടിച്ചാൽ മററതുംകൂടെ കാട്ടുക. അപ്പോൾ നീ പരിപൂർണ്ണനാകും. ഒരു മൈൽദൂരം പോകുവാൻ നിന്നെ നിർബന്ധിക്കുന്നവനോടുകൂടെ രണ്ടു മൈൽദൂരം പോകുക. നിൻെറ പുറങ്കുപ്പായം അപഹരിക്കുന്നവനു് നിൻെറ അങ്കികൂടെ കൊടുക്കുക. നിൻെറ വസ്തുവകകൾ എടുക്കുന്നവനോടു് തിരികെ ചോദിക്കരുതു്.

5) നിന്നോടു ചോദിക്കുന്നവനു കൊടുക്കുക. നീ തിരികെ ചോദിക്കരുതു്. കാരണം തൻെറ ദാനങ്ങൾ എല്ലാവക്കും വിതരണം ചെയ്യാനാണു് പിതാവു് ആഗ്രഹിക്കുന്നതു് കല്പന അനുശാസിക്കുന്നതുപോലെ കൊടുക്കുന്നവൻ ഭാഗ്യവാൻ; എന്തെന്നാൽ അവൻ കുററമററവനാണു്. എന്നാൽ വാങ്ങുന്നവനു് ഹാ കഷ്ടം! അവൻ ആവശ്യക്കാരനായി വാങ്ങിയെങ്കിൽ അവനിൽ കുററമില്ല. എന്നാൽ ആവശ്യക്കാരനല്ലാതിരിക്കെ വാങ്ങിയതെങ്കിൽ, എന്തിനുവേണ്ടി, എന്തുദ്ദേശത്തിനുവേണ്ടി. എന്നിവയ്ക്കു് അവൻ കണക്കുബോധിപ്പിക്കേണ്ടിവരും. അവൻ ജയിലിലടയ്ക്കപ്പെടുകയും അവൻെറ പ്രവൃത്തി പരിശോധനാ വിധേയമാക്കപ്പെടുകയും ചെയ്യും. അവസാനക്കാശുകൂടെ കൊടുത്തുവീട്ടുവോളം അവൻ പുറത്തുവരികയില്ല.

6) ഇതോടു ബന്ധപ്പെട്ട മറെറാരു ചൊല്ലുണ്ടു്. ആർക്കു കൊടുക്കണമെന്നു് നീ അറിയുന്നതുവരെ ദാനം നിൻെറ കൈയിലിരുന്നു വിയക്കട്ടെ.

## II

### 1. പ്രബോധനത്തിലെ രണ്ടാമത്തെ കല്പന.

2. കൊല്ലരുതു്, വ്യഭിചരിക്കരുതു്, കുട്ടികളെ ചീത്തയാക്കരുതു്; ജാരകർമ്മം നടത്തരുതു്; മോഷ്ടിക്കരുതു്, മന്ത്രവാദം ചെയ്യരുതു്, ആഭിചാരം ചെയ്യരുതു്, ഗർഭച്ഛിദ്രംവഴി ശിശുവിനെ വധിക്കുകയോ, ജനിച്ച ശിശുവിനെ കൊല്ലുകയോ അരുതു്. 3. അന്യൻെറ വസ്തുക്കൾ ആഗ്രഹിക്കരുതു്, കള്ളസ

www.malankaralibrary.com



ത്യം ചെയ്യരുത്, കള്ളസാക്ഷി പറയരുത്, അപവാദം പറയരുത്, വിരോധംവച്ചുകൊണ്ടിരിക്കരുത്. 4. ചഞ്ചലമനസ്സും വഞ്ചനയുള്ള നാവും അരുത്, കാരണം ദ്വിജിഹ്വാമാരകമായ കെണിയാണ്. 5. നിങ്ങളുടെ വാക്കുകൾ പരമാത്ഥതയില്ലാത്തതും പൊള്ളയായതുമാകരുത്. പ്രത്യുത, പ്രവൃത്തികളാൽ തെളിയിക്കപ്പെട്ടവയായിരിക്കണം. 6. ദുരാഗ്രഹിയോ, പിടിച്ചുപറിക്കാരനോ, കപടഭക്തനോ, ദുഷ്പ്രവൃത്തിക്കാരനോ, അഹങ്കാരിയോ ആകരുത്. നിന്റെ അയൽക്കാരനെതിരായി നീ ഗൂഢാലോചന നടത്തരുത്. 7. ആരേയും വെറുക്കരുത്. എന്നാൽ ചിലരെ ശാസിക്കണം, മററുചിലർക്കവേണ്ടി പ്രാത്ഥിക്കണം. ചിലരെ നിന്റെ സ്വന്തം ജീവനേക്കാരം സ്നേഹിക്കണം.

## III

### ഒഴിയേണ്ട തിന്മകൾ.

1. എന്റെ കുട്ടീ, എല്ലാ അകൃത്യങ്ങളിൽനിന്നും അങ്ങനെയുള്ള എല്ലാക്കാര്യങ്ങളിൽനിന്നും ഓടിയകലുക. 2. നീ കോപിഷ്ഠനാകരുത് കാരണം കോപം മരണത്തിലേക്ക് നയിക്കുന്നു. അസൂയപ്പെടരുത്, നീ വാഗ്വാദിയോ സാഹസപ്രകൃതിക്കാരനോ ആകരുത്, ഇവയെല്ലാം മരണത്തെ ജനിപ്പിക്കുന്നു. 3. എന്റെ കുട്ടീ, നീ വിഷയാസക്തനാകരുത്. എന്തെന്നാൽ വിഷയാസക്തി വേശ്യാസംഗത്തിലേക്ക് നയിക്കുന്നു. ദുർഭാഷണങ്ങളും കടക്കൺകടാക്ഷങ്ങളും അരുത്. കാരണം ഇവയെല്ലാം വ്യഭിചാരത്തിലേക്ക് നയിക്കുന്നു. 4. എന്റെ കുട്ടീ, നീ ലക്ഷണം പറയുന്നവനാകരുത് കാരണം അത് വിഗ്രഹാരാധനയിലേക്ക് നയിക്കുന്നു. ആഭിചാരകനോ, ജോത്സ്യനോ, മന്ത്രവാദിയോ, ആകരുത്. കൂടാതെ അത്തരം കാര്യങ്ങൾ ആഗ്രഹിക്കുകയോ പാടില്ല. കാരണം ഇവയെല്ലാം വിഗ്രഹാരാധന വളത്തുന്നു. 5. എന്റെ കുട്ടീ, നീ കള്ളം പറയരുത് കാരണം കള്ളം മോഷണത്തിലേക്ക് നയിക്കുന്നു. അത്യാഗ്രഹിയോ, വ്യത്ഥാഗ്രഹിയോ ആകരുത്. എന്തെന്നാൽ ഇവയെല്ലാം മോഷണത്തിലേക്ക് നയിക്കുന്നു. 6. എന്റെ

www.malankaralibrary.com



കട്ടീ, നീ പിറുപിറുക്കരുത്. പിറുപിറുപ്പ് മോഷണത്തിലേക്ക് നയിക്കുന്നു. മക്കടമുഷ്ടിയോ ദുഷ്ടചിത്തമോ അരുത്. അവയെല്ലാം ദൂഷണത്തെ വളത്തുന്നു. 7. താഴ്മയുള്ളവർ ഭൂമിയെ അവകാശമാക്കും. അതിനാൽ വിനയമുള്ളവനാകുക. 8. ക്ഷമ, ദയ, നിരുപദ്രവം, ശാന്തത, എന്നിവയുള്ളവനായിരിക്കുക നിനക്ക് നൽകപ്പെട്ടിട്ടുള്ള പ്രബോധനത്തോട് എപ്പോഴും ബഹുമാനമുണ്ടായിരിക്കണം. അധികാരഭാവം നടിക്കുകയോ ഗർവ്വിഷ്ഠനായി വത്തിക്കുകയോ അരുത്. അഹങ്കാരികളോടും ശക്തരോടും സംസ്ഗ്ഗം ചെയ്യരുത്. മറിച്ച് ഋജുമാനസരോടും താഴ്മയുള്ളവരോടും സഹചരിക്കുക. ദൈവത്തെക്കൂടാതെ ഒന്നും സംഭവിക്കയില്ലെന്നു ഗ്രഹിച്ച് നിനക്ക് എന്തെല്ലാം വന്നാലും നന്മയെന്നുകരുതി സ്വീകരിക്കുക.

# IV

## ചെയ്യേണ്ട നന്മകൾ

1) എന്റെ കട്ടീ നിന്നോട് ദൈവവചനം പ്രസംഗിക്കുന്നവനെ രാപകൽ നീ ഓക്കണം. നമ്മുടെ കത്താവിനെയെന്നപോലെ അവരെ ബഹുമാനിക്കണം. എന്തെന്നാൽ കത്താവിനെപ്പററി ചർച്ചചെയ്യുന്നിടത്തും അവിടുന്ന് സന്നിഹിതനാണ്. 2) എല്ലാദിവസവും വിശുദ്ധന്മാരുടെ സഹവാസം അന്വേഷിക്കണം. അവരുടെ സംഭാഷണം നിന്നെ ഉന്മേഷവാനാക്കും. 3) നീ ശീശ്മയ്ക്ക് ആരംഭമിടരുത്. മറിച്ച് മത്സരക്കാരെ യോജിപ്പിക്കുവാൻ ശ്രമിക്കണം. നിന്റെ വിധി നീതിപൂണ്ണമായിരിക്കട്ടെ. തെററുകാരനെ കുററപ്പെടുത്തുമ്പോൾ പക്ഷാഭേദം കാണിക്കരുത്. 4) നിന്റെ തീരുമാനങ്ങളിൽ ചഞ്ചലമാനസനാകരുത്.

5) കൊടുക്കേണ്ടിവരുമ്പോൾ കൈമുറുകെ അടയ്ക്കുകയും, സ്വീകരിക്കേണ്ടിവരുമ്പോൾ കൈപുറത്തേയ്ക്ക് നീട്ടുകയും അരുത്. 6) നിന്റെ അദ്ധ്വാനം നിനക്ക് ആദായമുണ്ടാക്കിയെങ്കിൽ അതിൽ ഒരോഹരി പാപപരിഹാരാർത്ഥം നൽകുക.

www.malankaralibrary.com



7) കൊടുക്കുന്നതിന് മടിക്കേണ്ട. സന്തുഷ്ടനായി കൊടുക്കുക എന്തെന്നാൽ സന്തുഷ്ടിയോടുകൂടി തരുന്നവനാരെന്ന് നീ കണ്ടെത്തും. 8) ആവശ്യക്കാരന്റെ നേരേ നീ വാതിൽ അടച്ചുകളയരുത്. എല്ലാം നിന്റെ സഹോദരനുമായി പങ്കിടുക. ഒന്നും നിന്റെ സ്വന്തമെന്ന് നീ പറയരുത്. എന്തെന്നാൽ നിത്യമായിട്ടുള്ളതു് പൊതുവെങ്കിൽ താല്ക്കാലികമായതു് എത്രയധികം?

9. നിന്റെ മകനോടോ മകളോടോ നിനക്കുള്ള കടമ നീ ഉപേക്ഷിക്കരുത്. പിന്നയോ അവരുടെ യൗവ്വനം മുതൽ ദൈവഭയമുള്ളവരായിരിക്കാൻ അവരെ നീ പഠിപ്പിക്കണം. 10. നിന്റെ അടിമകളായ പെൺകുട്ടികളോടു കല്പിക്കുമ്പോൾ പരുഷമായി വർത്തിക്കരുത്. നീ പ്രത്യാശിക്കുന്ന ദൈവത്തിൽത്തന്നെയാണ് അവരും പ്രത്യാശിക്കുന്നത്. തൽഫലമായി നിങ്ങൾ ഇരുക്കൂട്ടരുടേയും അധിപനായ ദൈവത്തെ അവർ ബഹുമാനിക്കാതിരുന്നേക്കാം. അവൻ നമ്മെ വിളിക്കാൻ വരുമ്പോൾ നമ്മുടെ സ്ഥാനത്തെ ബഹുമാനിക്കുകയേയില്ല. പ്രത്യുത അരൂപി ഒരുക്കിയിരിക്കുന്നവരെ അവൻ വിളിക്കും.

12. എല്ലാ കപടഭക്തിയും ദൈവത്തെ പ്രസാദിപ്പിക്കാത്ത മററെല്ലാ കാര്യങ്ങളും നിങ്ങൾ വെറുക്കണം. 13. ദൈവകല്പന നിങ്ങൾ ഉപേക്ഷിക്കരുത്. നിങ്ങൾക്കു നല്കപ്പെട്ടവ നിങ്ങൾ അനുവർത്തിക്കണം. അതിനോടൊന്നും കൂട്ടരുത്. അതിൽനിന്നൊന്നും മാററുകയും അരുത്. 14. സഭായോഗത്തിൽ നിങ്ങളുടെ പാപങ്ങൾ ഏററുപറയുവിൻ. ചീത്തമനസാക്ഷിയോടുകൂടി പ്രാർത്ഥനയെ സമീപിക്കരുത്. അതാണ് ജീവന്റെ പാത.

## V

## മൃത്യുവിന്റെ വഴി.

1) എന്നാൽ മൃത്യുവിന്റെ പാത ഇതാണ്. ഒന്നാമതായി അതു് ദുഷിച്ചതും പൂർണ്ണമായി ഈശ്വരനിന്ദകവുമാണ്: കൊലപാതകങ്ങൾ, വ്യഭിചാരങ്ങൾ, വിഷയാസക്തി, വേശ്യാവൃത്തി, മോഷണങ്ങൾ, വിഗ്രഹാരാധനകൾ, മന്ത്രവാദങ്ങൾ, ആഭിചാരം പിടിച്ചുപറി, കള്ളസാക്ഷി, കപടഭക്തി, കാ

www.malankaralibrary.com



പടൃം, ചതി, ഔദ്ധത്യം, പൈശൂന്യം, നിർബന്ധബുദ്ധി, അത്യാർത്തി, ദുർഭാഷണം, അസൂയ, ധിക്കാരം, അഹംഭാവം, ആത്മപ്രശംസ.

2) നല്ലയാളുകളെ പീഡിപ്പിക്കുന്നവർ, സത്യത്തെ വെറുക്കുന്നവർ, അസത്യത്തെ സ്നേഹിക്കുന്നവർ, നീതിനിഷ്ഠമായ ജീവിതത്തിന്റെ പ്രതിഫലത്തെ സംബന്ധിച്ച് അജ്ഞരായവർ നന്മയിലോ നീതിയിലോ നിലനിൽക്കാത്തവർ, നന്മ ചെയ്യുവാനല്ല തിന്മചെയ്യുവാൻ ശ്രദ്ധയുള്ളവർ, ശാന്തതയും ക്ഷമയും അവരിൽനിന്ന് വളരെ അകലത്താണ്. അവർ മിഥ്യയെ സ്നേഹിക്കുന്നു. സ്വന്തം നേട്ടങ്ങളിൽ മാത്രം കണ്ണുവയ്ക്കുന്നു. സ്വലാഭത്തിൽ ശ്രദ്ധിക്കുന്നു. അവർക്ക് പാവങ്ങളെപ്പററി യാതൊരു പരിഗണനയുമില്ല. മർദ്ദിതർക്കുവേണ്ടി അവർ സ്വയം വ്യയം ചെയ്യുന്നില്ല. അവരുടെ സ്രഷ്ടാവിനെ തിരസ്കരിക്കുന്നു. കുഞ്ഞുങ്ങളെ കൊല്ലുന്നു. ദൈവത്തിന്റെ ഛായയെ മലിനമാക്കുന്നു. ആവശ്യക്കാർക്ക് വാതിൽ അടച്ചുകളയുന്നു. ദുഃഖിതരെ ഞെരുക്കുന്നു. ധനവാനെ നീതീകരിക്കുന്നു. അനീതിപരമായി പാവപ്പെട്ടവനെ വിധിക്കുന്നു. അവർ പൂർണ്ണമായി ദുഷ്ടരാണ്. എന്റെ കുഞ്ഞുങ്ങളേ, നിങ്ങൾ ഇവയിൽനിന്നെല്ലാം രക്ഷിക്കപ്പെടട്ടെ.

# VI

## മരണവഴിവിട്ടകലാൻ.

1. ഈ പ്രബോധനത്തിന്റെ വഴിയിൽനിന്ന് ആരും നിങ്ങളെ തെററിക്കാതിരിക്കുവാൻ സൂക്ഷിച്ചുകൊള്ളുവിൻ. അത്തരക്കാരന്റെ പ്രബോധനം ദൈവികമല്ല.

2. കർത്താവിന്റെ പൂർണ്ണമായ നുകം നിനക്കുവഹിക്കാമെങ്കിൽ നീ പൂർണ്ണനാകും. അതിനശക്തനെങ്കിൽ നിന്നാലാവതു ചെയ്യുക.

3. ഇനി ആഹാരത്തെപ്പററി: നിനക്ക് ഇഷ്ടമുള്ളത് ഭക്ഷിക്കുക. എന്നാൽ വിഗ്രഹങ്ങൾക്ക് അർപ്പിച്ചതിൽനിന്ന് കർശനമായി ഒഴിഞ്ഞിരിക്കുക. കാരണം വിഗ്രഹാർപ്പണം മരിച്ച ദേവന്മാർക്കുള്ള ആരാധനയാണ്.

www.malankaralibrary.com



# VII

## മാമോദീസാമുക്കുന്ന രീതി

1) ഇനി ജ്ഞാനസ്നാനത്തെപ്പററി: ഇപ്രകാരമാണു് മാമോദീസാ മുക്കേണ്ടതു്. ഇക്കാര്യത്തെ സംബന്ധിച്ചു് പരസ്യമായ ഉപദേശം കൊടുക്കണം. അതിനുശേഷം പിതാവിൻെറയും പുത്രൻെറയും പരിശുദ്ധാത്മാവിൻെറയും നാമത്തിൽ ഒഴുക്കുള്ള വെള്ളത്തിൽ സ്നാനം നൽകണം. 2) ഒഴുക്കുള്ള വെള്ളമില്ലെങ്കിൽ മററേതിലെങ്കിലും സ്നാനപ്പെടുത്തുക. തണുത്തവെള്ളത്തിൽ അസാദ്ധ്യമെങ്കിൽ ചെറിയ ചൂടുള്ള വെള്ളത്തിൽ. 3. ഇതു രണ്ടുമില്ലെങ്കിൽ പിതാവിൻേയും പുത്രൻേറയും പരിശുദ്ധാത്മാവിൻെറയും നാമത്തിൽ തലയിൽ മൂന്നു പ്രാവശ്യം വെള്ളമൊഴിക്കുക, 4) സ്നാനത്തിനു മുമ്പു് മാമോദീസാ മുക്കുന്നവനും സ്വീകരിക്കുന്നവനും ഉപവസിക്കണം; അതുപോലെ കഴിവുള്ളവരെല്ലാം. സ്നാനം സ്വീകരിക്കുന്നവനോടു് ഒന്നു രണ്ടു് ദിവസം മുമ്പേ ഉപവസിക്കണമെന്നു് നാ പറയുക.

# VIII

## ഉപവാസവും പ്രാർത്ഥനയും.

1. നിങ്ങളുടെ ഉപവാസം കപടഭക്തന്മാരേപ്പോലെയാകരുതു്. അവർ തിങ്കളാഴ്ചയും വ്യാഴാഴ്ചയും ഉപവസിക്കുന്നു, നിങ്ങൾ ബുധനാഴ്ചയും വെള്ളിയാഴ്ചയും ഉപവസിക്കണം.

2) നിങ്ങൾ കപടഭക്തരെപ്പോലെ പ്രാർത്ഥിക്കരുതു്. പിന്നയോ കർത്താവു് തൻെറ സുവിശേഷത്തിൽ കല്പിച്ചതനുസരിച്ചു് താഴെപറയും വിധം പ്രാർത്ഥിക്കുക.

സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ, നിൻെറ തിരുനാമം പരിശുദ്ധമാക്കപ്പെടണമേ. നിൻെറ രാജ്യം വരണമേ. നിൻെറ തിരുവിഷ്ടം സ്വർഗ്ഗത്തിലേപ്പോലെ ഭൂമിയിലും ആകണമേ,

ഞങ്ങൾക്കാവശ്യമുള്ള അപ്പം ഇന്നു ഞങ്ങൾക്കു തരണമേ. ഞങ്ങളുടെ കടക്കാരോടു് ഞങ്ങൾ ക്ഷമിക്കുന്നതുപോലെ ഞങ്ങ

www.malankaralibrary.com



ളുടെ കടങ്ങളും പാപങ്ങളും ഞങ്ങളോടു ക്ഷമിക്കണമേ. പരീക്ഷയിലേക്കു ഞങ്ങളെ പ്രവേശിപ്പിക്കരുതേ. പിന്നയോ ദുഷ്ടനിൽനിന്നു ഞങ്ങളെ രക്ഷിച്ചുകൊള്ളണമേ. എന്തെന്നാൽ രാജ്യവും ശക്തിയും മഹത്വവും എന്നേക്കും നിനക്കുള്ളതാകുന്നു. ആമ്മീൻ. 3. ഇപ്രകാരം മൂന്നുപ്രാവശ്യം പ്രാർത്ഥിക്കണം.

## IX വിശുദ്ധകുർബാന.

1. ഇനിയും എവുക്കാറിസ്റ്റിയായെപ്പററി: ഇപ്രകാരമാണു നന്ദി പറയേണ്ടതു്.

2. ഒന്നാമതു് കാസായോടനുബന്ധിച്ചു്: "ഞങ്ങളുടെ പിതാവേ നിന്റെ പുത്രനായ ഈശോവഴി നീ വെളിപ്പെടുത്തിയ ദാവീദിന്റെ പരിശുദ്ധ മുന്തിരിച്ചെടിയെ പ്രതി ഞങ്ങൾ നിനക്കു നന്ദിപറയുന്നു. നിനക്കു എന്നും മഹത്വമുണ്ടായിരിക്കട്ടെ."

3. അതിനുശേഷം അപ്പത്തിൽനിന്നും മുറിക്കപ്പെട്ട കഷണങ്ങളോടനുബന്ധിച്ചു്; "ഞങ്ങളുടെ പിതാവേ, നിന്റെ പുത്രനായ ഈശോവഴി നീ വെളിപ്പെടുത്തിയ ജീവനെയും വിജ്ഞാനത്തെയുംപ്രതി ഞങ്ങൾ നിനക്കു നന്ദിപറയുന്നു.

4. മലമുകളിൽ ചിതറപ്പെട്ടുകിടന്ന ഗോതമ്പുമണികൾ ശേഖരിക്കപ്പെട്ടു് ഒരപ്പമാക്കിത്തീർത്തതുപോലെ നിന്റെ രാജ്യത്തിലേക്കു് ഭൂമിയുടെ അതിർത്തികളിലേക്കു് നിന്റെ സഭ ആനയിക്കപ്പെടട്ടെ എന്തെന്നാൽ യേശുക്രിസ്തുവഴി എന്നേക്കും ശക്തിയും മഹത്വവും നിനക്കുള്ളതാകുന്നു.

5. കർത്താവിന്റെ നാമത്തിൽ സ്നാനം പ്രാപിക്കാത്തവരാരും നിങ്ങളുടെ സ്തോത്രത്തിൽനിന്നു് തിന്നുകയോ കുടിക്കുകയോ ചെയ്യുവാൻ നിങ്ങൾ അനുവദിക്കരുതു്. എന്തെന്നാൽ തത്സംബന്ധമായി നമ്മുടെ കർത്താവു പറഞ്ഞു "പൂജ്യവസ്തു നായ്ക്കൾക്കു് കൊടുക്കരുതു്,

## X കുർബാനയെസ്സംബന്ധിക്കുന്ന പ്രാർത്ഥനകൾ.

1. നിങ്ങൾ തൃപ്തരായതിനുശേഷം ഇപ്രകാരം നന്ദിപറയുവിൻ: നിന്റെ പുത്രനായ ഈശോവഴി നീ വെളിപ്പെടുത്തിയ അറിവിനെയും വിശ്വാസത്തെയും അമർത്ത്യതയെയും പ്രതി

www.malankaralibrary.com



യും നിന്റെ പരിശുദ്ധനാമം ഞങ്ങളുടെ ഹൃദയങ്ങളിൽ സ്ഥാപിച്ചതിനെ പ്രതിയും പരിശുദ്ധപിതാവേ, ഞങ്ങൾ നിനക്കു് നന്ദിപറയുന്നു. നിനക്കു് എന്നേക്കും മഹത്വമുണ്ടായിരിക്കട്ടെ.

3. സർവ്വശക്തനായ യജമാനനേ, നിന്റെ നാമത്തെ പ്രതി എല്ലാം സൃഷ്ടിച്ചു. നിനക്കു് നന്ദിപറയുവാൻ നീ മനുഷ്യനു് ഭക്ഷണവും പാനീയവും നൽകി. എന്നാൽ നിന്റെ പുത്രനീശോ വഴി നീ ഞങ്ങൾക്കു് ആത്മീയ ഭക്ഷണവും പാനീയവും നിത്യജീവനും നൽകി.

4. എല്ലാററിനുമുപരിയായി നീ ശക്തനായതുകൊണ്ടു് നിനക്കു് നന്ദിപറയുന്നു. നിനക്കു് എന്നേക്കും നന്ദിയുണ്ടായിരിക്കട്ടെ

5. കർത്താവേ, എല്ലാ തിന്മകളിൽനിന്നും നിന്റെ സഭയെ രക്ഷിക്കുന്നതിനും, നിന്റെ സ്നേഹത്താൽ അവളെ പൂർണ്ണയാക്കുന്നതിനും നിന്റെ സഭയെ നീ ഓർക്കേണമെ. അവൾക്കു വേണ്ടി നീ ഒരുക്കിയിരിക്കുന്ന നിന്റെ രാജ്യത്തിലേക്കു് നാലുദിക്കുകളിൽനിന്നും അതിനെ നീ ഒന്നിച്ചു ചേർക്കണമെ, എന്തെന്നാൽ ശക്തിയും മഹത്വവും എന്നേക്കും നിനക്കുള്ളതാകുന്നു.

6. ''കൃപവരികയും ('Jesus Christ') ഈ ലോകം കടന്നുപോകുകയും ചെയ്യട്ടെ''. ''ദാവീദിന്റെ ദൈവത്തിനു് ഓശാന''. 'പരിശുദ്ധൻ സമീപിക്കട്ടെ'. ''അല്ലാത്തവൻ അനുതപിക്കട്ടെ''. ''ഞങ്ങളുടെ കർത്താവേ ! വന്നാലും'' (മാറാൻ അഥാ). ആമ്മേൻ.

7. പ്രവാചകന്മാരെ സംബന്ധിച്ചു് അവരുടേതായ വിധത്തിൽ നന്ദിപറയുവാൻ അവരെ അനുവദിക്കുവിൻ.

## XI ശ്ലീഹന്മാരും പ്രവാചകന്മാരും

1) ഞങ്ങൾ പറഞ്ഞുകൊണ്ടിരുന്ന ഈ കാര്യങ്ങൾ പഠിപ്പിക്കുവാൻ ആരെങ്കിലും നിങ്ങളുടെ പക്കലേക്കു വന്നാൽ അവനെ സ്വാഗതംചെയ്യുവിൻ. 2) എന്നാൽ ആ പ്രവാചകൻ ഒരു വിശ്വാസഘാതകനായി തെളിയിക്കപ്പെടുകയും മറിച്ചുള്ള തന്റെ ഉപദേശം വഴി ഇതിനെയെല്ലാം എതിർക്കുകയും ചെയ്താൽ അവനെ ശ്രദ്ധിക്കരുതു്. എന്നാൽ അവന്റെ പ്രബോധനം

www.malankaralibrary.com



ദൈവത്തിൻെറ നീതിയും ന്യായവും വദ്ധിപ്പിക്കുന്നുവെങ്കിൽ കത്താവിനെയെന്നപോലെ അവനെ സ്വീകരിക്കുവിൻ. 3) ഇനിയും അപ്പസ്തോലന്മാരെയും പ്രവാചകന്മാരേയും സംബന്ധിച്ച്: സുവിശേഷ നടപടിയനുസരിച്ച വ്യാപരിക്കുവിൻ. 4) കത്താവിനെയെന്നവണ്ണം നിങ്ങളുടെ അടുക്കലേക്കു വരുന്ന അപ്പസ്തോലന്മാരെ സ്വാഗതംചെയ്യുവിൻ. 5) എന്നാൽ അവൻ ഒരു ദിവസത്തിൽക്കൂടുതൽ അവിടെ താമസിക്കരുത്. അത്യാവശ്യമെങ്കിൽ അടുത്തദിവസംക്കൂടി മാത്രം. അവൻ മൂന്നുദിവസം താമസിക്കുന്നുവെങ്കിൽ അവൻ കള്ളപ്രവാചകനാണു്. 6) അവിടുന്നു പോകുമ്പോരം അടുത്ത താമസസ്ഥലത്തു് എത്തുന്നതിനു് ആവശ്യമായ ആഹാരമൊഴിച്ച് മററൊന്നും ഒരു അപ്പസ്തോലനും സ്വീകരിക്കുന്നതു്. അവൻ പണം ചോദിച്ചാൽ കള്ളപ്രവാചകനാണു്. 7) ഒരു പ്രവാചകൻ ഹഷോന്മത്തമായ ഭാഷണങ്ങരം നടത്തിയാൽ അവനെ പരീക്ഷിക്കുകയോ പരിശോധിക്കുകയോ ചെയ്യരുതു്. കാരണം എല്ലാ പാപവും ക്ഷമിക്കപ്പെടും. എന്നാൽ ഈ പാപം ക്ഷമിക്കപ്പെടുകയില്ല. 8) ഹഷോന്മത്തമായി പ്രഭാഷണം നടത്തുന്നവരെല്ലാം പ്രവാചകന്മാരല്ല. പിന്നെയോ കത്താവിനെപ്പോലെ പെരുമാറുന്നവൻ മാത്രം. പെരുമാററംവഴി നല്ലവരെയും കള്ളപ്രവാചകരെയും തിരിച്ചറിയുവാൻ കഴിയും. 9) ഉദാഹരണമായി ഒരു പ്രവാചകൻ അരൂപിയിൽ ഒരു മേശ വേർതിരിച്ചാൽ അവൻ അതിൽനിന്നും ഭക്ഷിക്കരുതു്, ഭക്ഷിച്ചാൽ അവൻ കള്ളപ്രവാചകനാണു്. 10) വീണ്ടും, സത്യം പഠിപ്പിക്കുകയും അതനുസരിച്ച വ്യാപരിക്കാതിരിക്കുകയും ചെയ്യുന്നവനും കള്ളപ്രവാചകനാണു്. 11) എന്നാൽ നല്ലസാക്ഷ്യമുള്ളവനും സഭാരഹസ്യം സൂചിപ്പിക്കത്തക്കരീതിയിൽ പ്രവത്തിക്കുന്നവനും താൻ ചെയ്യുന്നതെല്ലാം നിങ്ങരം ചെയ്യണമെന്നു് പഠിപ്പിക്കാത്തവനും നിങ്ങളാൽ വിധിക്കപ്പെടരുതു്. അവനെ വിധിക്കുന്നതു് ദൈവമാണു്. കാരണം പണ്ടുള്ള പ്രവാചകരും ഇപ്രകാരം വത്തിച്ചിരുന്നു. 12. എന്നാൽ ആരെങ്കിലും നിങ്ങളോടു് എനിക്കു് പണമോ മററെന്തെങ്കിലുമോ തരുക എന്നു് അരൂപിയിൽ പറഞ്ഞാൽ അവനെ ശ്രദ്ധിക്കരുതു്. എന്നാൽ ആവശ്യക്കാക്കു കൊടുക്കാൻ പറഞ്ഞാൽ ആരും അവനെ വിധിക്കരുതു്.

www.malankaralibrary.com



## XII വഴിയാത്രക്കാരായ ശ്ലീഹന്മാരും പ്രവാചകന്മാരും

1) കർത്തൃനാമത്തിൽ വരുന്നവരെ നിങ്ങൾ സ്വീകരിക്കണം. പിന്നീട്ട് അവനെ പരിശോധിക്കുമ്പോൾ നിങ്ങൾക്കവനെ തിരിച്ചറിയാം. കാരണം നന്മതിന്മകളുടെ അന്തർജ്ഞാനം നിങ്ങൾക്കുണ്ടല്ലോ. 2) വന്നവൻ ഒരു വഴിയാത്രക്കാരനെങ്കിൽ നിങ്ങളാൽ ആവും വിധം സഹായിപ്പിൻ. എന്നാൽ അവൻ നിങ്ങളോടൊപ്പം രണ്ടുദിവസത്തിൽ കൂടുതൽ താമസിക്കരുത്. ഏറിയാൽ മൂന്നുദിവസം. 3) അവൻ നിങ്ങളോടൊത്തു താമസിക്കാൻ ആഗ്രഹിക്കുന്ന- ഒരു കൈത്തൊഴിൽ പണിക്കാരനെങ്കിൽ അവൻ അദ്ധ്വാനിക്കണം. 4) അവന് ഒരു ജോലിയുമില്ലെങ്കിൽ ഒരു ക്രിസ്ത്യാനിയായി നിങ്ങളുടെയിടയിൽ ജീവിക്കുന്നതിന് നിങ്ങൾ നടപടിയെടുക്കുക. 5) അവന് അതിന് സമ്മതമില്ലെങ്കിൽ അവൻ ക്രിസ്തുവിനെ കച്ചവടം ചെയ്യുന്നു. അത്തരക്കാരെ നിങ്ങൾ സൂക്ഷിക്കണം.

## XIII പ്രവാചകരും ഉപദേഷ്ടാക്കളും.

1. നിങ്ങളുടെയിടയിൽ താമസിക്കാനാഗ്രഹിക്കുന്ന യഥാർത്ഥ പ്രവാചകന് നിങ്ങളാൽ പുലർത്തപ്പെടുവാൻ അവകാശമുണ്ട്. 2. അതുപോലെ യഥാർത്ഥഉപദേഷ്ടാവും ജോലിക്കാരനെപ്പോലെ കൂലിക്കർഹനാണ്. 3. അതുകൊണ്ട് മുന്തിരിയുടേയും ധാന്യങ്ങളുടേയും ആദ്യഫലങ്ങൾ പ്രവാചകന് കൊടുക്കുവിൻ. എന്തെന്നാൽ അവർ നിങ്ങളുടെ മേൽപട്ടക്കാരാകുന്നു 4. നിങ്ങൾക്ക് ഒരു പ്രവാചകനില്ലെങ്കിൽ അത് പാവപ്പെട്ടവന് കൊടുക്കുവിൻ. 5. അപ്പമുണ്ടാക്കുന്നുവെങ്കിൽ ആദ്യത്തേത് എടുത്ത് കല്പനാനുസാരം കൊടുക്കുവിൻ. 6. അതുപോലെ വീഞ്ഞോ, എണ്ണയോ നിറച്ചഭരണികൾ പൊട്ടിക്കുമ്പോൾ ആദ്യഫലങ്ങൾ എടുത്ത് പ്രവാചകർക്ക് കൊടുക്കുക. 7. യഥാർത്ഥത്തിൽ പണം, വസ്ത്രങ്ങൾ, അതുപോലെ നിങ്ങളുടെ സമ്പാദ്യമൊക്കെയിലും ആദ്യഫലം നിങ്ങൾക്ക് കൊടുക്കണമെന്നു തോന്നുന്ന രീതിയിൽ എടുത്ത് കല്പനാനുസാരം കൊടു

www.malankaralibrary.com



ക്കവിൻ.

## XIV കർത്താദിനം.

1) കർത്താവിൻെറ ദിവസത്തിൽ ആദ്യമായി നിങ്ങൾ ഒന്നിച്ചുകൂട്ടുകയും, അപ്പം മുറിക്കുകയും, നന്ദിപറയുകയും, നിങ്ങളുടെ പാപങ്ങൾ ഏററുപറയുകയും ചെയ്യണം. 2) നിങ്ങളുടെ ബലി അശുദ്ധമാകാതിരിക്കുവാൻ സഹോദരനോടു രമ്യതയില്ലാതിരിക്കുന്നവൻ യോജിക്കുന്നതുവരെ നിങ്ങളോടുകൂടി ചേരരുതു്. 3) കാരണം ഈ ബലിയെപ്പററിയാണു് കർത്താവു പറഞ്ഞതു്. എപ്പോഴും എല്ലായിടത്തും എനിക്കുപരിശുദ്ധമായ ബലി അർപ്പിക്കുവിൻ, എന്തെന്നാൽ ഞാൻ മഹാരാജാവാകുന്നു. എൻെറ നാമം പുറജാതികളുടെയിടയിൽ വലുതാകുന്നു, എന്നു് കർത്താവരുളിചെയ്യുന്നു.

## XV മെത്രാന്മാർ—ശെമ്മാശ്ശന്മാർ

1. നിങ്ങൾക്കുവേണ്ടി കർത്താവിനു യോഗ്യരായ മെത്രാന്മാരെയും, ശുശ്രൂഷകരെയും നിങ്ങൾതെരഞ്ഞെടുക്കണം. അവർശാന്തരും, വിശാലമനസ്കരും, വിശ്വസ്തരും നന്നായി പരിശോധിക്കപ്പെട്ടവരും ആയിരിക്കണം. നിങ്ങൾക്കുവേണ്ടിയുള്ള അവരുടെ ശുശ്രൂഷ പ്രവാചകന്മാരുടേയും ഉപദേഷ്ടാക്കളുടേയും പോലെയാണു്. ൨. അവരെ നിങ്ങൾ നിന്ദിക്കരുതു്. പ്രവാചകന്മാരോടും ഉപദേഷ്ടാക്കളോടുംകൂടെ അവക്കു് നിങ്ങളുടെയിടയിൽ മാന്യമായ സ്ഥാനമുണ്ടു്. 3. ഇവക്കുപുറമേ പരസ്പരം കോപത്തോടുകൂടി ശകാരിക്കരുതു്. പിന്നെയോ വി. സുവിശേഷത്തിൽ നിങ്ങൾ കാണുന്നതുപോലെ ശാന്തമായി വർത്തിക്കുവിൻ. അയൽക്കാരനോടു് തെററുചെയ്യുവൻ അനുതപിക്കുന്നതുവരെ ആരും അവനോടു് സംസാരിക്കരുതു്. നിങ്ങളിൽ നിന്നു് ഒന്നും കേൾക്കുവാൻ അവനിടയാകുകയുമരുതു്. 4. നിങ്ങളുടെ പ്രാർത്ഥനകളെല്ലാം ചെല്ലുവിൻ, ദാനം ചെയ്യുവിൻ, കർത്താവിൻെറ സുവിശേഷത്തിൽ കാണുന്നവയെല്ലാം അനുവർത്തിക്കുവിൻ.

## XVI കർത്താവിൻെറ വരവു്.

1. നിങ്ങളുടെ ജീവിതത്തിന്മേൽ സൂക്ഷ്മതയുള്ളവരായി

www.malankaralibrary.com



രിപ്പിൻ. നിങ്ങളുടെ വിളക്കുകറം കെട്ടുപോകാൻ അനുവദിക്കരുതു്. നിങ്ങറം അരകെട്ടി ഒരുങ്ങിയിരിപ്പിൻ. എന്തെന്നാൽ നമ്മുടെ കർത്താവുവരുന്ന നാഴിക നിങ്ങറം അറിയുന്നില്ലല്ലോ? 2) നിങ്ങളുടെ ആത്മാക്കറംക്കു് നന്മയായിട്ടുള്ളവ അന്വേഷിക്കുന്നതിൽ കൂടെക്കൂടെ നിങ്ങറം ഒന്നിച്ചുകൂടുവിൻ. കാരണം അവസാന നാഴികയിൽ പൂർണ്ണനായി തെളിയിക്കപ്പെട്ടില്ലെങ്കിൽ ജീവിതകാലം മുഴവനുമുള്ള വിശ്വാസം കൊണ്ടെന്തു പ്രയോജനം? 3) അന്ത്യനാളുകളിൽ അസംഖ്യം കള്ളപ്രവാചകന്മാരും വഴിപിഴക്കുന്നവരും പ്രത്യക്ഷപ്പെടും. 4) ആടുകറം ചെന്നായ്ക്കളായും സ്നേഹം വിദ്വേഷമായും മാറും. അധർമ്മം പെരുകുന്നതോടൊപ്പം മനുഷ്യർ പരസ്പരം വെറുക്കുകയും പീഡിപ്പിക്കുകയും ഒററിക്കൊടുക്കുകയുംചെയ്യും. അപ്പോറം ലോകചതിയൻ ദൈവപുത്രൻെറ വേഷത്തിൽ പ്രത്യക്ഷപ്പെടും. അവൻ അത്ഭുതങ്ങളും അടയാളങ്ങളും കാണിക്കും. ഭൂമി അവൻെറ കൈകളിൽ നിപതിക്കും. മുമ്പൊരിക്കലും ഉണ്ടായിട്ടില്ലാത്ത കൊടിയ ദ്രോഹം അവൻ കാട്ടിക്കൂട്ടും. 5) അപ്പോറം മനുഷ്യകുലം അഗ്നിപരിശോധനയ്ക്കു് വിധേയരാക്കപ്പെടും. അനേകർ വീഴുകയും നശിക്കുകയുംചെയ്യും. എന്നാൽ വിശ്വാസത്തിൽ നിലനില്ക്കുന്നവർ ശാപത്താൽ (ക്രിസ്തുവിനാൽ ഗലാ. 3, 13) തന്നെ രക്ഷപ്രാപിക്കും. 6) അപ്പോറം സത്യത്തിൻെറ അടയാളങ്ങറം കാണപ്പെട്ടുതുടങ്ങും. ആദ്യമായി ആകാശത്തിൽ വിടുത്തപ്പെട്ട കരങ്ങളുടെ അടയാളം, പിന്നീടു് കാഹളധ്വനിയുടെ അടയാളം, മൂന്നാമതു് മരിച്ചവരുടെ ഉയർപ്പു്. 7) എല്ലാ മരിച്ചവരുടെയല്ലെങ്കിലും പറയപ്പെട്ടിരിക്കുന്നതുപോലെ കർത്താവു തൻെറ വിശുദ്ധരോടുകൂടിവരും. 8) അപ്പോറം വനമേഘങ്ങളിൽ കർത്താവുവരുന്നതു് ലോകം കാണും.

# അന്ത്യോക്യയിലെ വി. ഇഗ്നാത്യോസ്
# (98—117)

ക്രിസ്തീയ സഭാരംഭത്തിലെ അതികായന്മാരിൽ അദ്വിതീയനാണു് അന്ത്യോക്യയിലെ വി. ഇഗ്നാത്യോസു്. തെയോ

www.malankaralibrary.com



ഫൊറോസ് എന്ന് മറുനാമമുള്ള അദ്ദേഹം 93 മുതൽ 117 വരെ അന്ത്യോക്യയിലെ മെത്രാനായിരുന്നു. വിനയത്തിന്റെ മാതൃകയായി നമ്മുടെ കർത്താവ് കൈയിലെടുത്തനുഗ്രഹിച്ച ശിശു ഇഗ്നാത്യോസായിരുന്നു എന്നൊരു പാരമ്പര്യം സഭയിലുണ്ട്. അദ്ദേഹം മരിച്ചശേഷം അദ്ദേഹത്തിന്റെ ഹൃദയത്തിൽ 'യേശു' എന്ന നാമം സ്വർണ്ണാക്ഷരങ്ങളിൽ എഴുതിയിരിക്കുന്നതായി കാണപ്പെട്ടെന്നും പ്രസ്തുത ഐതിഹ്യം പറയുന്നു. അദ്ദേഹം വി. പത്രോസിന്റെയും വി. പൗലോസിന്റെയും ശിഷ്യനായിരുന്നു. അദ്ദേഹത്തിന്റെ രക്തസാക്ഷിത്വത്തിന് കളമൊരുക്കിയ മതപീഡനത്തെപ്പററി സ്പഷ്ടമായി നമുക്കറിയില്ല. റോമിൽ വന്യമൃഗങ്ങൾക്കിരയായി അദ്ദേഹം എറിയപ്പെടുകയുണ്ടായി; അതിനായി കരയിലും കടലിലുംകൂടി യാത്രചെയ്തു. സിലിഷ്യാ, ഏഷ്യാമൈനർ, ഫിലിഡൽഫിയാ, സ്മിർണാനെയാ, പോലീസ്, ഫിലിപ്പിയാവഴി റോമിലെത്തി, വഴിയാത്രയിൽ ഫിലിഡൽഫിയയിലും സ്മിർണയിലും, ഫിലിപ്പിയയിലും കുറേനാൾ താമസിക്കുകയുണ്ടായി. സ്മിർണയിൽവച്ച് പോളികാർപ്പ് അദ്ദേഹത്തെ സ്വാഗതംചെയ്തു. എഫേസൂസ്, മഗ്നേഷ്യ, ത്രാള്ളിയാ എന്നീ സഭകളുടെ ഡലിഗേററുകളും അവിടെയെത്തി. വഴിനീളെ ക്രിസ്ത്യാനികൾ അദ്ദേഹത്തെ ഹൃദ്യമായി സ്വീകരിച്ചു. അദ്ദേഹം അവരെ അനുഗ്രഹിച്ചു. അവരദ്ദേഹത്തെ നിറകണ്ണുകളോടെ യാത്രയയച്ചു. സഭയ്ക്ക് പ്രിയംകരനായിരുന്നു, നിസ്തുല്യനായ ഇഗ്നാത്യോസ്.

അദ്ദേഹം വഴിയാത്രയിൽവച്ച് 7 കത്തുകൾ എഴുതിയിട്ടുണ്ട്; എഫേസ്യക്ക്, ത്രാണ്യക്ക്, റോമക്ക്, ഫിലാഡൽഫ്യക്ക്, മഗ്നേഷ്യക്ക്, സ്മിർണാക്കാക്ക്, പോളികാർപ്പിന്, റോമിൽവച്ച് 117–ൽ ട്രാജന്റെ ഭരണകാലത്ത് അദ്ദേഹം രക്തസാക്ഷിയായി മരിച്ചു.

മൂന്നുകാര്യങ്ങൾ മുന്തിനിൽക്കുന്നുണ്ടദ്ദേഹത്തിന്റെ കത്തുകളിൽ. 1) ആസന്നമായ രക്തസാക്ഷിത്വം. രക്തസാക്ഷിത്വംവഴിയേ ഒരു യഥാർത്ഥശിഷ്യനാകാനൊക്കൂ, ഒരു യഥാർത്ഥ ക്രിസ്ത്യാനിയാകാനൊക്കൂ, എന്ന ചിന്തയാണദ്ദേഹത്തിന്, രക്തസാക്ഷിത്വംവഴി ക്രിസ്തുവിലെത്തുന്നതുവരെ സ്വസ്ഥനാണ

www.malankaralibrary.com



ദ്ദേഹം,

2) സഭൈക്യം:- സഭാധികാരികളോടുള്ള അനുസരണ ആവർത്തിച്ചുറപ്പിച്ച് പ്രഖ്യാപിക്കുന്നു. മെത്രനാണ് ഐക്യത്തിനടിസ്ഥാനം. മെത്രാനെക്കൂടാതെ ചെയ്യുന്നതൊന്നും ക്രിസ്തീയമല്ല.

3) ശീശ്മയിലേക്ക് വഴിതെളിക്കുന്ന അബദ്ധോപദേശങ്ങളെ മൂടിമാററി പുറത്തുകാണിക്കുക. ഫിലിഡൽഫിയായിൽ ശാബതാചരണം തുടങ്ങിയ യഹൂദാചാരങ്ങളിൽ വിശ്വസിച്ചിരുന്ന അബദ്ധസിദ്ധാന്തക്കാരുമായി നേരിട്ടേററുമുട്ടാനിടയായി. സ്മിർണയിൽ ഡോസെററിക് പാഷാണ്ഡികളെ കണ്ടെത്തി. സുവിശേഷത്തെ ഗ്രീക്ക സംസ്കാരവുമായി താദാത്മ്യപ്പെടുത്താനുള്ളൊരു സംരംഭമത്രേ ഡോസെററിസം. പദാർത്ഥം തിന്മതന്നെ. ക്രിസ്തുവിൻെറ ശരീരം വെറും മായയാണ്. മനുഷ്യവതാരം പോലും അവിശ്വസിക്കാനീ ചിന്ത അവരെ പ്രേരിപ്പിച്ചു തിന്മനിറഞ്ഞ ഈ ലോകവുമായി ദൈവത്തിന് നേരിട്ട് ബന്ധം പുലർത്താനാവില്ല ക്രിസ്തു ഒരു യഥാർത്ഥ മനുഷ്യനേയല്ല. അവൻ കാണപ്പെട്ടെന്നു മാത്രം. അഥവാ ഒരു ശരീരം ഉണ്ടെന്ന് മനുഷ്യർക്ക്തോന്നിച്ചു അത്രേയുള്ളു. (Dokeo = Seem) ഇതാണ് ഡോസെററിസത്തിൻെറ ചുരുക്കം.

ഇതു് കേട്ട ഇഗ്നേഷ്യസിൻെറ ചൈതന്യം ഉണർന്നു, ദൈവിക തീഷ്ണതയിൽ അവനെരിഞ്ഞു. ഇഗ്നേഷ്യസിനെ സംബന്ധിച്ച് 'ക്രിസ്തുവാണ് നമ്മുടെ ദൈവം'. ഇഗ്നേഷ്യൻ ചിന്താഗതിയുടെ കേന്ദ്രം ക്രിസ്തുവാണ്, അതദ്ദേഹത്തിൻെറ സഭാശാസ്ത്രത്തെ മുഴുവൻ സ്വാധീനിച്ചിരിക്കുകയാണ്. ക്രിസ്തുവിൻെറ മനുഷ്യാവതാരവും, ദൈവത്വവും ഉറപ്പിച്ചദ്ദേഹം പ്രഖ്യാപിക്കുന്നുണ്ട്.

'ദൈവികസ്നേഹത്താൽ (eros) എരിയുന്നൊരാത്മാവ്' എന്നത്രേ വി. ജോൺ ക്രിസൊസ്റ്റോം ഇഗ്നേഷ്യസിൻെറ ഓർമ്മ ദിവസത്തിലെ പ്രസംഗത്തിൽ അന്ത്യോക്യയിൽവച്ചു പറഞ്ഞതു്.

www.malankaralibrary.com



## ഇഗ്നേഷ്യസിൻെറ തത്വങ്ങളുടെ ചുരുക്കം

1. പ്രപഞ്ചത്തിൽ ഒരു ദൈവികപദ്ധതിയുണ്ട്.
2. ക്രിസ്തു ദൈവവും മനുഷ്യനുമാണ്.
3. ബലിവേദിയാണ് സഭ.
4. സഭയിൽ മെത്രാന്മാരും വൈദികരും ശുശ്രൂഷകരും ഉണ്ട്. ക്രിസ്തീയസഭയെ ''കത്തോലിക്കാസഭ'' എന്നാദ്യമായി വിളിച്ചതദ്ദേഹമത്രേ.
5. ജനങ്ങളുടെ പ്രബോധകനും ആരാധനയുടെ മഹാപുരോഹിതനുമാണ് മെത്രാൻ.
6. റോമാസഭയ്ക്കു് മററ് സഭകളുടെ മേൽഅധികാരമുണ്ട്. (Primary).

ഇഗ്നേഷ്യസിൻെറ കത്തുകളെല്ലാം ആദ്യമായി ശേഖരിച്ചതു് പോളികാർപ്പാണ്. അദ്ദേഹം അവ ശേഖരിച്ച്, ഫിലിപ്പിയക്ക് അയച്ചുകൊടുത്തു.

## എഫേസ്യർക്ക്

[സ്മിർണായിൽവച്ച് എഴുതപ്പെട്ടതാണിതു്, കത്തുകളിൽ വലുതാണ്. സ്മിർണായിൽ അല്പം തങ്ങുകയുണ്ടായി. എഫേസ്യയിൽനിന്ന് ഒനേസിമൂസ് മെത്രാൻ ഉൾപ്പെടെ നാലുപേർ ഇഗ്നേഷ്യസിനെ ആശംസിക്കാനും ധൈര്യപ്പെടുത്താനുംസ്മിർനായിൽ എത്തിയിരുന്നു. അവരിലൊരാളായ Burrhus പിന്നീട് ത്രോവാസ് വരെ ഇഗ്നേഷ്യസിനെ അനുധാവനംചെയ്തു. ബൂറസായിരിക്കാം ഇഗ്നേഷ്യസിൻെറ കത്തുകളൊക്കെ കേട്ടെഴുതിയതു്.

എഫേസ്യരുടെ മനോഗുണത്തിനു് നന്ദിപറയുന്നതോടൊപ്പം അവരുടെ സത്യവിശ്വാസത്തെയും ഐക്യത്തെയും പുകഴ്ത്തുകയും ചെയ്യുന്നു. ശീശ്മക്കെതിരായി അവനവരെ ശക്തിയായി പ്രോത്സാഹിപ്പിക്കുന്നു. അതുപോലെ അലയടിച്ചിരുന്ന ഡോസററിക്ക് പാഷാണ്ഡരായിലുൾപ്പെടരുതെന്ന് അവരെ ഉദ്ബോധിപ്പിക്കുകയും ചെയ്തിരുന്നു.]

www.malankaralibrary.com



അന്ത്യോക്യായിലെ മെത്രാനായ ഇഗ്നാത്തിയോ
സിന്റെ എഴുത്ത്:

# എഫേസ്യർക്ക്

ഏഷ്യയിൽ എഫേസൂസിലെ സഭയ്ക്ക് ദൈവവാഹകനായ ഇഗ്നാത്തിയോസിൽനിന്ന്; യേശുക്രിസ്തുവിൽഉള്ള പരിശുദ്ധ സന്തോഷത്തിന്റെ ഹൃദയംനിറഞ്ഞ ആശംസകൾ! പിതാവായ ദൈവത്തിന്റെ പൂർണ്ണതയിൽനിന്ന് ധാരാളമായ സംഖ്യയാൽ നിങ്ങൾ അനുഗ്രഹിക്കപ്പെട്ടിരിക്കുന്നു. നിരന്തരവും അക്ഷയവുമായ മഹത്വം എന്നേക്കുമായി അനുഭവിക്കാൻ നിങ്ങൾ എന്നേക്കും മുതൽ തെരഞ്ഞെടുക്കപ്പെട്ടവരാണ്. പിതാവിന്റെയും നമ്മുടെ കർത്താവായ യേശുക്രിസ്തുവിന്റെയും തിരുവിഷ്ടപ്രകാരം നിങ്ങൾ സഹിച്ച യഥാർത്ഥകഷ്ടതകൾ ആണ് നിങ്ങളുടെ ഐക്യത്തിന്റെയും തിരഞ്ഞെടുപ്പിന്റെയും ഉറവിടം. അതുകൊണ്ട് സന്തുഷ്ടരായി ഗണിക്കപ്പെടുവാൻ നിങ്ങൾ അർഹതയുണ്ട്.

1. നിങ്ങളുടെ നിഷ്കളങ്കസ്വഭാവം മൂലവും നമ്മുടെ രക്ഷകനായ യേശുക്രിസ്തുവിലുള്ള വിശ്വാസവും സ്നേഹവും മൂലവും വേർതിരിക്കപ്പെട്ടതുവഴിയും നമുക്ക് ഏററവും പ്രിയങ്കരമായ നിങ്ങളുടെ സഭയ്ക്ക്, ഞാൻ ദൈവികമായ സ്വാഗതമാശംസിച്ചു. ദൈവത്തെ അനുകരിച്ചവരാണ് നിങ്ങൾ; പൂർണ്ണതയ്ക്കായി നിങ്ങൾ ഇപ്പോൾ ചെയ്യുന്നതും സ്വാഭാവികമായി നിങ്ങൾ ചെയ്യുന്നതുമായ സംഗതികൾക്ക് നിങ്ങളെ ഉത്തേജിപ്പിക്കുന്നതു് ദൈവത്തിന്റെ രക്തമാണ്.

2. നമ്മുടെ പൊതുനാമത്തെയും (ക്രിസ്ത്യാനി) പ്രത്യാശയെയുംപ്രതി സിറിയായിൽനിന്ന് ഒരു തടവുകാരനായി ഞാൻ കപ്പൽ കയററപ്പെട്ടു എന്ന് നിങ്ങൾ കേട്ടപ്പോൾ എന്നെ സന്ദർശിക്കുന്നതിന് നിങ്ങൾ വളരെ ഔത്സുക്യമുള്ളവരായിരുന്നു. നിങ്ങളുടെ പ്രാർത്ഥനകളാൽ റോമ്മായിൽ വന്യമൃഗങ്ങളോട് യുദ്ധംചെയ്യുവാനുള്ള നല്ല ഭാഗ്യം എനിക്കുണ്ടാകുമെന്നും അങ്ങനെ ഒരു യഥാർത്ഥശിഷ്യനാകാൻ സാധിക്കുമെന്നും ഞാൻ പ്രതീക്ഷിക്കുന്നു.

www.malankaralibrary.com



3. അവാച്യസ്നേഹത്താൽനിറഞ്ഞ നിങ്ങളുടെ ഈ ലോകത്തിലെ മെത്രാൻ ഒനേസിമൂസിൽക്കൂടെ നിങ്ങളുടെ വലിയ സമൂഹത്തെ ഞാൻ സ്വീകരിച്ചു യേശുവിന്റെ അനുകൃപയിൽ അദ്ദേഹത്തെ നിങ്ങരം സ്നേഹിക്കണമെന്നും നിങ്ങളെല്ലാവരും അദ്ദേഹത്തെപ്പോലെയാകണമെന്നുമാണു് എന്റെ പ്രാൎത്ഥന. നിങ്ങരംക്കിപ്രകാരം ഒരു മെത്രാനെ തന്നവൻ വാഴ്ത്തപ്പെട്ടവനാകുന്നു നിങ്ങരം ഇതിനർഹർ തന്നെയാണു്.

II 1. വളരെ സമൃദ്ധമായി അനുഗ്രഹിക്കപ്പെട്ടിരിക്കുന്ന നിങ്ങളുടെ ദിവ്യശുശ്രൂഷകനും എന്റെ സഹദാസൻമായബ്യൂറ്റസ്സി (Burrhus) നെ സംബന്ധിച്ചു്, അദ്ദേഹം എന്നോടൊത്തു് താമസിക്കുവാൻ ഞാൻ വളരെ താല്പര്യപ്പെടുന്നു. ഇപ്രകാരം അവൻ നിങ്ങരംക്കും നിങ്ങളുടെ മെത്രാനും മഹത്വം കരേററും. ഒനേസിമൂസു്, ബ്യൂറൂസു് എവുപ്ലൂസു്, ഫ്രോൺറോ, എന്നിവരെപ്പോലെ, ദൈവത്തിനും നിങ്ങരംക്കും ഒരു ദേട്ടവും നിങ്ങളുടെ സ്നേഹത്തിന്റെ മാതൃകയായി ഞാൻ സ്വീകരിച്ച ആളുമായ ക്രോക്കസും, പൂൎണ്ണമായി എന്റെ ചൈതന്യത്തെ ഉയൎത്തി (യേശുക്രിസ്തുവിന്റെ പിതാവു് അവനും ഇപ്രകാരമുള്ള സൗഖ്യം നല്കട്ടെ) അവരിൽ ഞാൻ നിങ്ങളെ എല്ലാവരെയും കാണുകയും സ്നേഹിക്കുകയുംചെയ്തു.

2. നിങ്ങളെക്കുറിച്ചു് ഞാൻ എപ്പോഴും സന്തോഷിക്കട്ടെ; അതായതു് ഞാൻ അർഹിക്കുന്നെങ്കിൽ ! യേശുക്രിസ്തു നിങ്ങളെ മഹത്വപ്പെടുത്തിയതിനാൽ എല്ലാ മഹത്വവും അവനു് കൊടുക്കുക എന്നതു് യുക്തമാണു്. ഇപ്രകാരം നിങ്ങളുടെ കീഴ്‌വഴക്കത്തിൽ ഐക്യപ്പെട്ടും മെത്രാന്മാരെയും, വൈദികരെയും അനുസരിച്ചും നിങ്ങരം യഥാൎത്ഥവിശുദ്ധരായിതീരും.

III 1. എന്തെങ്കിലും പ്രാമാണ്യമുള്ള മാന്യനെപ്പോലെയല്ല ഞാൻ കല്പനകരം നല്കുന്നതു്; കാരണം (ക്രിസ്തു) നാമത്തെ പ്രതി ഞാനൊരു തടവുകാരനാണെങ്കിലും ഞാൻ ക്രിസ്തീയ പരിപൂർണ്ണത പ്രാപിച്ചിട്ടില്ല. ഞാൻ ഒരു ശിഷ്യനാകാൻ തുടങ്ങുന്നതേയുള്ളു. അതുകൊണ്ടു് എന്റെ സഹപാഠികളെപ്പോലെ ഞാൻ നിങ്ങളെ അഭിസംബോധനചെയ്യുന്നു. വിശ്വാസത്തിൽ നിങ്ങളുടെ ശിക്ഷണവും, പ്രോത്സാഹനവും, സഹനവും

www.malankaralibrary.com



ക്ഷമയും എനിക്കു് ആവശ്യമായിരുന്നു. 2) എന്നാൽ നിങ്ങളെപ്പററി നിശ്ശബ്ദരായിരിപ്പാൻ സ്നേഹം എന്നെ വിലക്കുന്നതിനാൽ ദൈവഹിതത്തിനു് യോജിച്ചരീതിയിൽ നിങ്ങളുടെപ്രവൃത്തികൾ ക്രമീകരിക്കുവിൻ എന്നു് നിങ്ങളെ നിർബന്ധിക്കുവാൻ ഞാൻ ബദ്ധപ്പെടുന്നു. ലോകംമുഴുവൻ നിയമിക്കപ്പെട്ടിരിക്കുന്ന മെത്രാന്മാർ യേശുക്രിസ്തുവിൻെറ മനസ്സു് പ്രതിഫലിപ്പിക്കുന്നതുപോലെ, യേശുക്രിസ്തു–അവൻെറ ജീവനിൽനിന്നു് മാററപ്പെടുവാൻ നമുക്കു് സാദ്ധ്യമല്ല—പിതാവിൻെറ മനസ്സാണു്.

IV 1. നിങ്ങൾ നിശ്ചയമായും ചെയ്യുന്നതുപോലെ മെത്രാൻെറ മനസ്സിനോടു് യോജിച്ചു് പ്രവൎത്തിക്കണം. കിന്നരത്തിൻെറ കമ്പികളെന്നവണ്ണം മെത്രാനോടു് ഗാഢമായി ബന്ധിതമായിരിക്കുന്ന നിങ്ങളുടെ വൈദികസമൂഹവും അതിൻെറ പേരിനൎഹവും ദൈവത്തിനൊരു നേട്ടവുമാണു്. നിങ്ങളുടെ യോജിപ്പും ദൃഢമായ സ്നേഹവും യേശുക്രിസ്തുവിനൊരു ഗീതമാണു്. യേശുക്രിസ്തുവഴി പിതാവിനു് ഒരേസ്വരത്തിലും ഒരേ ശബ്ദത്തിലും പരിപൂർണ്ണ ഐക്യത്തിലും സംഗീതമാലപിക്കുവാൻ നിങ്ങളൊരു സംഗീതസംഘം രൂപീകരിക്കുവിൻ. അപ്രകാരം അവൻ നിങ്ങളെ ശ്രദ്ധിക്കുകയും നിങ്ങളുടെ സൽപ്രവൎത്തികളാൽ നിങ്ങൾ അവൻെറ പുത്രൻെറ അവയവങ്ങൾ ആണെന്നു് തിരിച്ചറിയുകയുംചെയ്യും. എന്നേക്കും ദൈവത്തിൻെറ അവയവങ്ങൾ ആകുവാൻ നിങ്ങൾ യഥാർത്ഥത്തിൽ ആഗ്രഹിക്കുന്നു വെങ്കിൽ കുററങ്ങൾക്കതീതമായ തരത്തിൽ ഐക്യത്തിൽ വ്യാപരിക്കുവിൻ.

V 1. കുറഞ്ഞൊരുസമയംകൊണ്ടു് നിങ്ങളുടെ മെത്രാനുമായി വളരെ അടുക്കുവാൻ എനിക്കുസാധിച്ചാൽ–വെറും സ്വാഭാവികരീതിയിലല്ല പിന്നെയോ ആദ്ധ്യാത്മിക രീതിയിലാണു് ഞാനർത്ഥമാക്കുന്നതു്—യേശുക്രിസ്തുവും പിതാവുമായും, സഭയും യേശുക്രിസ്തുവുമായും ഉള്ള ഐക്യംപോലെയുള്ള അടുപ്പം അവനുമായി ഉണ്ടാകുന്നതുകൊണ്ടു് എത്രയധികമായി ഞാൻ നിങ്ങളെ അഭിനന്ദിക്കുകയില്ല! അങ്ങനെയാണു് ഐക്യവും യോജിപ്പും എല്ലായിടത്തും നിലനില്ക്കുന്നതു്. 2. ത

www.malankaralibrary.com



സംബന്ധമായി ആക്കും പിശക് പിണയാതിരിക്കട്ടെ. ആരെങ്കിലും വിശുദ്ധസ്ഥലത്തിനുള്ളിൽ അല്ലെങ്കിൽ ദൈവത്തിന്റെ അപ്പം അവന് കാണില്ല. ഒന്നോരണ്ടോ ആളുകളുടെ പ്രാർത്ഥനസ്സ് വലിയ ഫലമുണ്ടെങ്കിൽ മെത്രാന്റെയും സഭമുഴുവന്റെയും കൂടിയുള്ള പ്രാർത്ഥനസ്സ് എത്രവലിയ ഫലമായിരിക്കും !

3 നിങ്ങളോടുകൂടി ആരാധനയിൽ സംബന്ധിക്കാത്തവൻ ശീഘ്രക്കാരനായിത്തീരുന്നതിനാൽതന്നെ തന്റെ ധിക്കാരം വ്യക്തമാക്കുന്നു. കൂടാതെ ദൈവം അഹങ്കാരികളെ എതിർക്കുന്നു. എന്ന് എഴുതപ്പെട്ടിരിക്കുന്നു. അതിനാൽ നാം ദൈവത്തിന് കീഴ്പ്പെടുവാൻ വേണ്ടി മെത്രാനെ എതിർക്കുന്നതിൽനിന്ന് ഹൃദയപൂർവ്വം ഒഴിഞ്ഞുമാറുക.

VI 1. മെത്രാൻ എത്രമാത്രം വിനീതമായി നിശ്ശബ്ദനായി കാണപ്പെടുന്നുവോ, അത്രമാത്രം അവനെ ബഹുമാനിക്കണം കാരണം വീട്ടെജമാനൻ തന്റെ കാര്യത്തിന് അയക്കുന്നവനെ, അയച്ചവനെപോലെ സ്വീകരിക്കണം, മെത്രാനെ കർത്താവിനെ എന്നതുപോലെ കരുതണമെന്ന് ഇതിൽനിന്ന് വ്യക്തമാണല്ലോ. 2. നിങ്ങളെല്ലാവരും സത്യത്തിലും, ഭിന്നിപ്പ് വളർത്താതെയും ജീവിക്കുന്നു എന്ന് നിങ്ങളുടെ ദൈവികമായ പെരുമാററത്തെ സംബന്ധിച്ച് വളരെനന്നായി ഒനേസിമൂസ് സംസാരിക്കയുണ്ടായി. യേശുക്രിസ്തുവിനെ സംബന്ധിച്ച് സത്യസന്ധമായി അവൻ പറയുന്നതിനപ്പുറം നിങ്ങൾ ആരേയും ശ്രദ്ധിക്കേണ്ടതില്ല.

VII 1. ദൈവത്തിന് ഉചിതമല്ലാത്ത രീതിയിൽ പ്രവർത്തിക്കുന്ന ചിലർ ദുഷിച്ചതും വഞ്ചനാത്മകവുമായ സ്വഭാവത്തോടുകൂടി നാമത്തെ ധിക്കരിക്കുന്നു. വന്യമൃഗങ്ങളെ എന്നപോലെ അവരിൽ നിന്നൊഴിഞ്ഞുമാറുവിൻ. കാരണം തന്ത്രപൂർവ്വം കടിക്കുന്ന പേപ്പട്ടികളെപ്പോലെയാണവർ അവയുടെ കടി ഭേദപ്പെടുത്തുവാൻ വിഷമമായതിനാൽ അവയെ നിങ്ങൾ സൂക്ഷിച്ചുകൊള്ളണം. 2. നമുക്ക് ഒരേ ഒരു വൈദ്യനേയുള്ളു. ശരീരത്തിന്റേതെങ്കിലും ആത്മിയനും ജനിച്ചവനും സൃഷ്ടിയല്ലാത്തവനും, അവതരിച്ചവനെങ്കിലും മൃത്യുവിന്റെ മദ്ധ്യത്തിലുള്ള യഥാർത്ഥജീവനും മറിയാമിൽനിന്നും ദൈവത്തിൽനി

www.malankaralibrary.com



ന്നും ജനിച്ചവനും ആദ്യം സഹനാധീനനും പിന്നെ സഹനാതീതനും ആയ നമ്മുടെ കർത്താവേശുക്രിസ്തു എന്ന ഒരേ ഒരു വൈദ്യൻമാത്രമേ നമുക്കുള്ളു.

VIII 1. ആരും നിങ്ങളെ വഴിതെററിക്കാതിരിക്കട്ടെ ! നിങ്ങൾ പൂർണ്ണമായും ദൈവത്തിൻേറതാകയാൽ അരും യഥാൎത്ഥത്തിൽ വഴിതെററിക്കപ്പെട്ടവരല്ല. നിങ്ങളെ ക്ലേശിപ്പിക്കത്തക്ക രീതിയിൽ യാതൊരഭിപ്രായ ഭിന്നതയും നിങ്ങൾവച്ചു പുലർത്താത്തതുകൊണ്ടു് നിങ്ങൾ യഥാൎത്ഥത്തിൽ ദൈവഹിതത്തിലാണു് ജീവിക്കുന്നതു്. ഞാൻ ഒരു വിലകുറഞ്ഞ ബലിയാണു്. എന്നാൽ എന്നേക്കും പ്രശസ്തരായ എഫേസ്യസഭയ്ക്കു വേണ്ടി ഞാൻ എന്നേതന്നെ സമൎപ്പിക്കുന്നു. 2. വിശ്വാസത്തിനു് അവിശ്വാസംപോലെയും അവിശ്വാസത്തിനു് വിശ്വാസംപോലെയും പ്രവൎത്തിക്കുവാൻ കഴിയാത്തതുപോലെ ആത്മീയക്കു് ജഡികമായും ജഡികമനുഷ്യക്കു് ആത്മീയമായും വ്യാപരിക്കുവാൻ സാദ്ധ്യമല്ല. എന്നാൽ നിങ്ങൾ ശാരീരികമായി ചെയ്യുന്നതുപോലും ആത്മീയമായിട്ടാണു് ചെയ്യുന്നതു്. കാരണം, നിങ്ങൾ എല്ലാം ക്രിസ്തുവിന്റെ നിയന്ത്രണത്തിൽചെയ്യുന്നു.

IX 1. ഏതോ അബദ്ധപ്രബോധനവുമായി ചില അപരിചിതർ നിങ്ങളുടെ പക്കലേക്കു് വന്നുഎന്നു് ഞാൻകേട്ടു. എന്നാൽ നിങ്ങളുടെ ഇടയിൽ അതു് വിതയ്ക്കപ്പെടുവാൻ നിങ്ങൾ അനുവദിച്ചില്ല. അവർ വിതറിയവ പ്രവേശിക്കാതിരിക്കാൻ നിങ്ങൾ ശ്രദ്ധതിരിച്ചുകളഞ്ഞു. കർത്താവായ ദൈവത്തിന്റെ ഭവനത്തിനുവേണ്ടി ഒരുക്കപ്പെട്ട ദൈവഭവനത്തിന്റെ കല്ലുകൾ കണക്കെ ഒരു ക്രെയിൻ എന്നവണ്ണം (+ അതായതു് കുരിശു്) നിങ്ങൾ യേശുക്രിസ്തുവിനാൽ ഉയൎത്തപ്പെട്ടിരിക്കുന്നു. നിങ്ങൾ ഉപയോഗിക്കുന്ന കയറ് പരിശുദ്ധാത്മാവാണു് നിങ്ങളുടെ വിശ്വാസമാണു് നിങ്ങളെ ഉയൎത്തുന്നതു്. സ്നേഹപാതയിലൂടെയാണു് നിങ്ങൾ ദൈവത്തിങ്കലേക്കു കരേറുന്നതു്.

2. നിങ്ങളെല്ലാവരും മതപരമായ ഒരു ഘോഷയാത്രയിൽ പങ്കെടുക്കുകയാണു്. നിങ്ങളോടുകൂടെ നിങ്ങളുടെ ദൈവത്തെയും, ദൈവാലയത്തേയും ക്രിസ്തുവിനെയും വിശുദ്ധവസ്തു

www.malankaralibrary.com



ക്കളെയും നിങ്ങൾ വഹിക്കുന്നു. യേശുക്രിസ്തുവിന്റെ കല്പനക ളിൽ പാദം മുതൽ ശിഷം വരെ നിങ്ങൾ അലംകൃതരുമാണ്. എനിക്കും ഇവയെല്ലാം അനുഭവവേദ്യമാണ്. എന്തെന്നാൽ, എ ഴുത്തിൽ നിങ്ങളോട് സംസാരിക്കാനും, പഴയ ജീവിതപന്ഥാ വ് മാററി ദൈവത്തിൽമാത്രം നിങ്ങളുടെ സ്നേഹം ഉറപ്പിച്ചതു കൊണ്ട് നിങ്ങളെ അഭിനന്ദിക്കാനും എനിക്ക് കഴിയും.

X 1. മററുള്ളവക്കുവേണ്ടിക്കൂടി പ്രാത്ഥിച്ചുകൊണ്ടിരി ക്കുവിൻ. കാരണം അവർ മാനസാന്തരപ്പെടുകയും ദൈവത്തി ലെത്തുകയുംചെയ്യാൻ വളരെ സാധ്യതയുണ്ട്. അവർ നിങ്ങളു ടെ പ്രവത്തികളാലെങ്കിലും നിങ്ങളിൽനിന്ന് പഠിക്കട്ടെ. 2. അവരുടെ അനിയന്ത്രിതമായ കോപത്തിന്, ശാന്തത മടക്കി കൊടുക്കുക; അവരുടെ ശകാരത്തിന് പ്രാത്ഥനയും. അവർ കു റ്റംചെയ്യുമ്പോൾ നിങ്ങൾ വിശ്വാസത്തിൽ ഉറച്ചുനില്ക്കുക. അ വരുടെ അക്രമത്തെ ശാന്തതകൊണ്ട് എതിരിടുക. അല്ലാതെ മററു രീതികളിൽ ചിന്തിക്കരുത്. 3. നമ്മുടെ ക്ഷമയാൽ നാം അവരുടെ സഹോദരങ്ങളാണെന്ന് കാണിക്കണം. നമ്മി ലാക്കാണ് കൂടുതൽ മോഷ്ടിക്കപ്പെടാനും നിന്ദിക്കപ്പെടാനും കു റ്റപ്പെടുത്തപ്പെടാനും സാധിക്കുന്നതെന്ന് കണ്ട്, നമ്മുടെ കത്താ വിനെ അനുകരിക്കുന്നതിൽ ശ്രമിക്കാം. അങ്ങനെ സാത്താ ന്റെ ഒരു കളയും നിങ്ങളുടെയിടയിൽ കാണപ്പെടുകയില്ല. പി ന്നെയോ, പൂണ്ണമായി ശുദ്ധരും ആധ്യാത്മിക നിയന്ത്രണമുള്ളവ രുമായി ജഡശരീരങ്ങളാൽ ക്രിസ്തുവിനോട് നിങ്ങൾ ഐക്യ പ്പെട്ടിരിക്കും.

XI 1. അന്ത്യനാളുകളിവിടെയാണ്. അതു് നമ്മുടെ വിധിയായി പരിണമിക്കാതിരിപ്പാൻ നമുക്ക് നമ്മെത്തന്നെ താഴ്ത്തി ദൈവത്തിന്റെ ക്ഷമയുടെ മുമ്പാകെ ഭയഭക്തിപുരസ്സരം നില്ക്കാം. ഒന്നുകിൽ വന്നുഭവിക്കാൻ പോകുന്ന ദൈവകോപ ത്തെ ഭയപ്പെടുക അല്ലെങ്കിൽ നമുക്ക് ലഭിച്ചിരിക്കുന്ന കൃപാ വരത്തെ വിലമതിക്കുക. രണ്ടിലൊന്നാവശ്യം. യേശുക്രി സ്തുവിലുള്ള യഥാത്ഥജീവിതം മാത്രമായിരിക്കട്ടെ നമ്മുടെ നേട്ടം. 2. എന്റെ ആത്മീയ രത്നങ്ങളായി ആരേപ്രതി ഈ ചങ്ങലകൾ ഞാൻ വഹിക്കുന്നുവോ, അവനിലല്ലാതെ മറൊ

www.malankaralibrary.com



ന്നിലും നിങ്ങൾ ദൃഷ്ടിപതിപ്പിക്കരുതു്. നിങ്ങളുടെ പ്രാൎത്ഥനകളാൽ ആ രത്നങ്ങൾ വഴി മരിച്ചവരിൽനിന്നു് ഉയക്കുവാൻ ഞാനും ആഗ്രഹിക്കുന്നു, എഫേസ്യൻ ക്രിസ്ത്യാനികളോടൊപ്പം ഞാൻ എണ്ണപ്പെടുവാൻ ഞാനിവയിലെല്ലാം പങ്കുകാരനാകട്ടെ. എഫേസ്യൻസഭ യേശുക്രിസ്തുവിൻെറ ശക്തിയാൽ അപ്പോസ്തോലന്മാരോടു് എപ്പോഴും ഏകമനസ്സോടെ വ്യാപരിക്കുന്നു.

XII 1. ഞാനാരാണെന്നും ഞാനാക്കാണു് എഴുതുന്നതെന്നും ഞാൻ മനസ്സിലാക്കുന്നു. ഞാനൊരു കുററവാളി (തടവുകാരൻ). നിങ്ങളോ സ്വതന്ത്രർ. 2. ഞാൻ ആപത്തിൽ ഇരിക്കുന്നു. നിങ്ങളോ സുരക്ഷിതർ. ദൈവത്തിൻെറ ബലിക്കുവേണ്ടിയുള്ള പാതയാണു് നിങ്ങൾ. പ്രശംസനീയനും യഥാൎത്ഥ വിശുദ്ധനും രക്തസാക്ഷിയുമായ പൗലോസിനോടുകൂടി നിങ്ങൾ ക്രിസ്തീയരഹസ്യങ്ങളിലേക്കു് ആനീതരായിരിക്കുന്നു. ദൈവത്തെ ഞാൻ സമീപിക്കുമ്പോൾ, യേശുക്രിസ്തുവിനോടുള്ള നിങ്ങളുടെ ഐക്യം തൻെറ കത്തുകളിലെല്ലാം സൂചിപ്പിക്കുന്ന അവൻെറ കാലടികളെ ഞാൻ പിന്തുരട്ടെ.

XIII 1—2. ദൈവത്തെ സ്തുതിക്കുന്നതിനും, സ്തോത്രാപ്പണം (Eucarist) നടത്തുന്നതിനും, നിങ്ങൾ കൂടെക്കൂടെ ഒന്നിച്ചുചേരാൻ പരിശ്രമിക്കുവിൻ. ഐക്യത്തോടുകൂടെയുള്ള നിങ്ങളുടെ വിശ്വാസത്താൽ നിങ്ങൾ കൂടെക്കൂടെ ഒന്നിച്ചു് കൂടുമ്പോൾ സാത്താൻെറ ശക്തികൾ കീഴടക്കപ്പെടുകയും വിനാശകത്വം തകക്കപ്പെടുകയും ചെയ്യും.

2. ആകാശത്തിലും ഭൂമിയിലുമുള്ള എല്ലാ കലഹങ്ങളും ഇല്ലാതാക്കുന്ന സമാധാനത്തേക്കാൾ മെച്ചമായി ഒന്നുമില്ല

XIV യേശുക്രിസ്തുവിൽ പൂണ്ണവിശ്വാസവും അവനോടുള്ള സ്നേഹവും നിങ്ങൾക്കുണ്ടെങ്കിൽ നിങ്ങളിപ്പറഞ്ഞവയൊന്നും അവഗണിക്കരുതു്. ജീവൻെറ ആരംഭവും അന്ത്യവും അതാണു്. വിശ്വാസം ആരംഭവും സ്നേഹം അന്ത്യവും. അവ രണ്ടും യോജിച്ചിട്ടുണ്ടെങ്കിൽ ദൈവവുമുണ്ടു്. യഥാൎത്ഥനന്മയോടുകൂടി ചെയ്യപ്പെടേണ്ടവയെല്ലാം അവ ആശ്രയിച്ചുള്ളതാണു്. വിശ്വാസം പ്രഖ്യാപിക്കുന്നവരാരും പാപത്തിൽ വീഴുന്നില്ല,

www.malankaralibrary.com



സ്നേഹിക്കുവാൻ പഠിച്ചവൻ ദ്വേഷിക്കുന്നില്ല. വൃക്ഷം ഫലത്താൽ അറിയപ്പെടുന്നു. അതുപോലെ ക്രിസ്തുവിൻേറതെന്നറിയപ്പെടുന്നവരെ അവരുടെ പ്രവൃത്തികളാൽ തിരിച്ചറിയാം. നൈമിഷികമായവിശ്വാസപ്രഖ്യാപനമല്ല കാര്യമായിട്ടുള്ളത്. പിന്നെയോ സ്ഥിരമായി, വിശ്വാസത്താൽ പ്രചോദിതമായ പ്രവൎത്തനങ്ങളാണാവശ്യം.

XV 1. വായാടിത്തവും, യാഥാർത്ഥ്യരാഹിത്യവും എന്നതിനേക്കാൾ മൗനവും യാഥാർത്ഥ്യവുമാണ് അഭികാമ്യം. പ്രബോധകൻ താൻ പ്രസംഗിക്കുന്നതു് പ്രയോഗത്തിൽ വരുത്തുന്നെങ്കിൽ പഠിപ്പിക്കൽ നല്ലൊരു കാര്യമാണ്, അപ്രകാരമൊരു ഗുരു ഉണ്ടായിരുന്നു. അവൻ പറഞ്ഞു; അപ്രകാരം സംഭവിച്ചു. അവൻ രഹസ്യത്തിൽ ചെയ്തവ പിതാവിനു യോജിച്ചവയാണ്.

2. യേശുക്രിസ്തു പറഞ്ഞവ യഥാർത്ഥമായി മനസ്സിലാക്കിയവൎക്ക് അവൻെറ മൗനത്തെ വിലമതിക്കാൻ സാധിക്കും; അവൻ പൂർണ്ണനമായിരിക്കും.

അവൻെറ വാക്കുകൾ പ്രവൎത്തികളെ അർത്ഥമാക്കും. അവൻെറ നിശ്ശബ്ദതതന്നെ അവൻെറ സ്വഭാവം വ്യക്തമാക്കും.

3. കൎത്താവ് ഒന്നും അവഗണിക്കുന്നില്ല. രഹസ്യങ്ങൾ പോലും അവന് വെളിവായിരിക്കുന്നു. അവൻ നമ്മിൽ വസിക്കുന്നു എന്നവിധത്തിൽ അതുകൊണ്ടു് നമുക്ക് വ്യാപരിക്കാം. ഇപ്രകാരം നാം അവൻെറ ആലയങ്ങളാകും, അവൻ യഥാർത്ഥമായി ആയിരിക്കുന്നതുപോലെ, നമ്മുടെ ദൈവമായി നമ്മുടെ ഉള്ളിലും വസിക്കും. അവനെ നാം ശരിയായി സ്നേഹിക്കുന്നതനുസരിച്ച് ഇതു് നമുക്ക് വ്യക്തമാകും.

XVI 1. എൻെറ സഹോദരന്മാരേ, നിങ്ങൾക്ക് വഴി തെറ്റേണ്ട. വ്യഭിചാരികൾ ദൈവരാജ്യം അവകാശപ്പെടുത്തുകയില്ല. 2) ജഡികമായി വ്യാപരിക്കുന്നവർ, ദുഷിച്ച പ്രബോധനംവഴി യേശുക്രിസ്തു എന്തിനുവേണ്ടി കുരിശിൽ തറയ്ക്കപ്പെട്ടുവോ, ആ ദൈവവിശ്വാസം മലിനമാക്കുന്നവർ എത്രയ

www.malankaralibrary.com



ധികമായി ശിക്ഷാവിധിയേൽക്കുകയില്ല! അത്തരം നികൃഷ്ട ജീവികൾ അവരെ ശ്രദ്ധിക്കുന്നവരോടൊപ്പം കെടാത്ത തീയിൽ നിപതിക്കും.

XVII 1. സഭയ്ക്കു പരിശുദ്ധിയുടെ പരിമളം പകർന്നു കൊടുക്കുവാൻ വേണ്ടിയാണു് കർത്താവു് തന്റെ ശിരസ്സിൽ സുഗന്ധതൈലം ഒഴിക്കപ്പെടുവാൻ അനുവദിച്ചതു്. ഈ ലോകത്തിന്റെ പ്രഭു നിങ്ങളെ പിടിക്കയും നിങ്ങളുടെ മുമ്പിലുള്ള ജീവൻ നിങ്ങളിൽ നിന്നപഹരിക്കയും ചെയ്യാതിരിക്കുവാൻ അവന്റെ പ്രബോധത്തിന്റെ ദുർഗന്ധത്താൻ നിങ്ങൾ പൂശപ്പെടാതിരിക്കട്ടെ.

2. യേശുക്രിസ്തുവാകുന്ന ദൈവത്തിന്റെ ജ്ഞാനം സ്വീകരിച്ചു എങ്കിലും എന്തുകൊണ്ടാണു് നാമെല്ലാവരും പ്രജ്ഞയുള്ളവരായി കാണപ്പെടാത്തതു്? കർത്താവു് യഥാർത്ഥമായി അയച്ച ദാനം തിരസ്കരിച്ചിട്ടു് നാമെന്തുകൊണ്ടാണു് വിഡ്ഢികളായി നശിക്കുന്നതു്?

XVIII 1. അവിശ്വാസികൾക്കു് തടങ്കൽപാറയും നമുക്കു് രക്ഷയും നിത്യജീവനുമായ കുരിശിനുവേണ്ടി ഞാൻ എന്റെ ജീവൻ വയ്ക്കുന്നു. (അതു വലിയ മൂല്യമുള്ളതുകൊണ്ടല്ല!) ''ജ്ഞാനി എവിടെയാകുന്നു? താർക്കികൻ എവിടെയാകുന്നു? ബുദ്ധിയുള്ളവരെന്നു കരുതപ്പെട്ടിരുന്നവരുടെ പ്രശംസയെവിടെയാകുന്നു?

2, ദൈവീകപദ്ധതിയിൽ നമ്മുടെ ദൈവമായ യേശുക്രിസ്തു മറിയാമിൽ ഗർഭസ്ഥനാകുകയും പരിശുദ്ധാത്മാവിൽ നിന്നും, ദാവീദിന്റെ വംശത്തിൽനിന്നും പ്രത്യക്ഷപ്പെടുകയും ചെയ്തു. അവൻ ജനിക്കുകയും തന്റെ പീഡാനുഭവത്താൽ വെള്ളത്തെ ശുദ്ധീകരിക്കുവാൻ അവൻ മാമോദീസാമുങ്ങുകയും ചെയ്തു.

XIX 1. കർത്തൃമരണംപോലെ മറിയത്തിന്റെ കന്യാത്വവും, പ്രസവവും ഈ ലോകത്തിന്റെ അധിപതിയുടെ ശ്രദ്ധയിൽ പെടാതെപോയി. ഇവ മൂന്നും ഉച്ചൈസ്തരം പ്രഘോഷിക്കപ്പെടേണ്ടവയെങ്കിലും ദൈവീകനിശ്ശബ്ദതയിൽ അത്രേ

www.malankaralibrary.com



സംഭവിച്ചത്. പിന്നെങ്ങനെയാണവ യുഗങ്ങൾക്ക് വെളി പ്പെട്ടതു്?

2. ആകാശത്തിൽ ഉദിച്ച ഒരു നക്ഷത്രം മററുള്ളവയേക്കാം ശോഭയേറിയവയായി. അതിൻെറ ശോഭ വർണ്ണനാതീതമായിരുന്നു. അതിൻെറ പുതുമ എല്ലാവരെയും അത്ഭുതപ്പെടുത്തി. സൂര്യചന്ദ്രന്മാരോടുചേർന്ന് മററു നക്ഷത്രങ്ങളെല്ലാം അതിനു ചുററും ഒരു വലയം ഉണ്ടാക്കി, എന്നാലതു് അവയെയെല്ലാം തേജസ്സിൽവെന്നു. ഈ അതുല്യ പുതുമ ഉദയംചെയ്തപ്പോൾ എങ്ങും പരിഭ്രാന്തിയുണ്ടായി,

3. തൽഫലമായി എല്ലാ മന്ത്രവാദത്തിൻെറയും ശക്തിനശിച്ചു. എല്ലാ ആഭിചാരങ്ങളും അവസാനിച്ചു. അജ്ഞത നീങ്ങി; തിന്മയുടെ പഴയ സാമ്രാജ്യം പാടെ തകർക്കപ്പെട്ടു. കാരണം നിത്യജീവൻെറ പുതുമ പരത്തുവാൻ, ദൈവംതന്നെത്തന്നെ മനുഷ്യനായി വെളിപ്പെടുത്തുകയായിരുന്നു. ദൈവം ഒരുക്കിയതു്, ഇപ്പോൾ ആരംഭമായി. മരണത്തിന് നാശം സംഭവിച്ചതോടുകൂടി എങ്ങും സംഭ്രാന്തി ഉളവായി.

20. 1. യേശുക്രിസ്തു അനുവദിക്കുമെങ്കിൽ നിങ്ങളുടെ പ്രാർത്ഥനകൾക്ക് മറുപടിയായി—അതാണവൻെറ ആഗ്രഹം—ഞാനെഴുതാനുദ്ദേശിക്കുന്ന രണ്ടാമത്തെ കത്തിൽ ദൈവിക പദ്ധതിയെപ്പററി കൂടുതൽ വിവരിച്ചുതരാം. പുതിയ മനുഷ്യനായ യേശുക്രിസ്തുവിനെ സംബന്ധിച്ചുള്ള ദൈവികപദ്ധതിയെയും, ആ പദ്ധതി എപ്രകാരം അവനിൽ വിശ്വസിക്കുകയും അവനെ സ്നേഹിക്കയും ചെയ്യണമെന്നുൾക്കൊള്ളുന്നെന്നും അതു് എപ്രകാരം അവൻെറ പീഡാനുഭവവും ഉയിർപ്പും അന്തർഭവിപ്പിക്കുന്നുവെന്നും ഞാൻ സ്പർശിക്കുകമാത്രമേ ചെയ്യുള്ളു.

2. മനുഷ്യപുത്രനും ദൈവപുത്രനും ജഡപ്രകാരം ദാവീദിൽനിന്നുൽഭവിച്ചവനുമായ ക്രിസ്തുവിലുള്ള ഏകവിശ്വാസത്തോടും ഐക്യത്തോടും ക്രിസ്ത്യാനി എന്ന നാമത്താൽ കൃപയുടെ സ്വാധീനത്തിൽ നിങ്ങളെല്ലാവരും ഒന്നിച്ചുകൂടുന്നുവെന്ന് കർത്താവ് എന്നെ കാണിച്ചാൽ ഞാനിതു് വിശേഷവിധിയായി ചെയ്യും; ഇത്തരം യോഗങ്ങളിൽ നിങ്ങൾ മെത്രാനെയും വൈദി

www.malankaralibrary.com



ക സമൂഹത്തേയും ശ്രദ്ധാപൂർവ്വം ആദരിക്കണം. മരണത്തെ മാററുന്ന മറുമരുന്നും അമർത്ത്യതയുടെ ഔഷധവും യേശുക്രിസ്തുവുമായുള്ള നിരന്തരമായ ഐക്യത്തിൽ ഉള്ള ജീവിതം പ്രദാനം ചെയ്യുന്നതുമായ ഒരേ അപ്പം മുറിക്കുവിൻ.

21. 1. നിങ്ങൾക്കുവേണ്ടിയും ദൈവമഹത്വത്തിനായി സ്മിർണായിലേക്ക് നിങ്ങളയച്ചവർക്കുവേണ്ടിയും ഞാനെൻെറ ജീവനെ വയ്ക്കുന്നു. കർത്താവിൽ നന്ദിപറഞ്ഞുകൊണ്ടും പോളികാർപ്പിനെയും നിങ്ങളെയും എൻെറ സ്നേഹത്തിൽ ചുംബിച്ചുകൊണ്ടും അവിടെനിന്ന് ഞാൻ നിങ്ങൾക്കെഴുതുന്നു.

യേശുക്രിസ്തുവിനെയെന്നപോലെ എന്നെ ഓർക്കുവിൻ 2. സിറിയായിലെ സഭയ്ക്കുവേണ്ടി പ്രാർത്ഥിക്കുവിൻ. അവിടെ നിന്നു റോമിലേക്ക് തടവുകാരനായി ഞാനയയ്ക്കപ്പെട്ടിരിക്കുന്നു. അവിടെയുള്ള വിശ്വാസികളിൽ ഏററം ചെറിയവനാണ് ഞാൻ. എങ്കിലും ദൈവമഹത്വത്തിന് ശുശ്രൂഷചെയ്യുവാനുള്ള സൗഭാഗ്യം എനിക്കു ലഭിച്ചു. പിതാവായ ദൈവത്തിലും നമ്മുടെ പൊതുപ്രത്യാശയായ യേശുക്രിസ്തുവിലും നിങ്ങൾക്കു മംഗളം ഭവിക്കട്ടെ !

## മഗ്നേഷ്യർക്കെഴുതിയ ലേഖനം

[എഫേസ്യരെപ്പോലെ മഗ്നേഷ്യരും സ്മിർണായിൽ ഡലഗേററുകളെ അയച്ചിരുന്നു, ഡാമാസ് എന്ന അവരുടെ യുവമെത്രാനും ഉണ്ടായിരുന്നു. സഭൈക്യത്തിനും സഭാധികാരികളോടുള്ള കീഴ്‌വഴക്കത്തിനും കത്തിൽ മുൻതൂക്കം കൊടുക്കുന്നു. യഹൂദന്മാരുടെ അബദ്ധവഴികളെ വിട്ടകലുവാൻ അവരെ ഗുണദോഷിക്കുന്നു. മഗ്നേഷ്യ എഫേസോസിൽനിന്ന് 15 മൈൽ അകലെയുള്ള ഒരു പട്ടണമാണ്.]

## മഗ്നേഷ്യക്കാർക്ക് എഴുതിയ ലേഖനം

മേയാണ്ടറിൽ മഗ്നേഷ്യയിലെ സഭയ്ക്ക് ദൈവവാഹകനാ

www.malankaralibrary.com



യ ഇഗ്നാത്തിയോസിൽനിന്നു്: യേശുക്രിസ്തുവിലും പിതാവായ ദൈവത്തിലും എല്ലാ നല്ല ആശംസകളും ! നമ്മുടെ രക്ഷകനായ യേശുക്രിസ്തുവിൽ നിങ്ങളുടെ സഭയെ ഞാൻ അഭിവാദനംചെയ്യുന്നു ! അവനോടുള്ള ഐക്യത്താൽ അതു് പിതാവായ ദൈവത്തിൻെറ സംപ്രീതിയാൽ അനുഗ്രഹീതമാണു്.

I 1. നിങ്ങളുടെ സുശിക്ഷിതവും ദൈവികവുമായ സ്നേഹത്തെപ്പററി കേട്ടതു് എന്നെ വളരെയധികം സന്തോഷിപ്പിച്ചു അതുകൊണ്ടു് യേശുക്രിസ്തുവിലുള്ള വിശ്വാസത്താൽ പ്രേരിതനായി നിങ്ങൾക്കെഴുതുവാൻ ഞാൻ തീരുമാനിച്ചു. 2. ഞാൻ ഒരു തടവുകാരനാണെങ്കിലും ശ്രേഷ്ഠവും ദൈവികവുമായ നാമം (തെയോഫോറസ്സ്) ലഭിക്കുവാൻ ഭാഗ്യം ലഭിച്ച ഞാൻ സഭകളുടെ സ്തുതികൾ പാടുന്നു. നമ്മുടെ നിത്യജീവനായ യേശുക്രിസ്തു മാംസത്തെ അരൂപിയോടുബന്ധിച്ചുവെന്നു് അവർ പ്രഖ്യാപിക്കുവാൻ ഞാനാഗ്രഹിക്കുന്നു. അതുപോലെ അവരുടെ വിശ്വാസത്തെ സ്നേഹത്തോടുബന്ധിക്കുവാൻ ഞാനാഗ്രഹിക്കുന്നു. അതിനേക്കാൾ ശ്രേഷ്ഠമായി യാതൊന്നുമില്ല. അതിലുപരി യേശുക്രിസ്തുവിനു് പിതാവിനോടുള്ള ഐക്യം അവർ പ്രഘോഷിക്കുവാൻ ഞാൻ അഭിലഷിക്കുന്നു. അവൻെറ സഹായത്താൽ ഈ ലോകപ്രഭുവിൻെറ എല്ലാ അസൂയയേയും സഹിക്കുകയും രക്ഷപെടുകയുംചെയ്താൽ നാം ദൈവത്തെ പ്രാപിക്കും.

II 1. അതേ, നിങ്ങളുടെ മെത്രാനായ ഡാമാസിലും (അവൻ ദൈവത്തിനൊരു നേട്ടമാണു്.) ശ്രേഷ്ഠരായ നിങ്ങളുടെ പട്ടക്കാർ ബാബൂസ്, അപ്പൊള്ളണിയൂസ് എൻെറ സഹതടവുകാരൻ ഡീക്കൻ സോസിയോൻ എന്നിവരിലും നിങ്ങളെക്കാണുവാനുള്ള ഭാഗ്യം എനിക്കുണ്ടായി. ദൈവകൃപയ്ക്കെന്നവണ്ണം മെത്രാനും, യേശുക്രിസ്തുവിൻെറ നിയമത്തിനെന്നവണ്ണം വൈദിക സമൂഹത്തിനും, അവൻ (Zotion) കീഴ്പ്പെട്ടിരിക്കുന്നതിനാൽ ഞാൻ അവനിൽ സന്തുഷ്ടനാണു്.

III 1. നിങ്ങളുടെ മെത്രാൻെറ യൗവ്വനത്തിൽ വിശ്വാസം അർപ്പിക്കുന്നതു് ശരിയല്ല. പ്രത്യുത, പിതാവായ ദൈവത്തിൻെറ അധികാരത്തെ നിങ്ങൾ ബഹുമാനിക്കുന്നതുപോലെ

www.malankaralibrary.com



അദ്ദേഹത്തെ നിങ്ങൾ ബഹുമാനിയ്ക്കണം. നിങ്ങളുടെ വിശുദ്ധ വൈദികർ അനീതിപരമായി അദ്ദേഹത്തിന്റെ ബാഹ്യമായ യൗവ്വനത്തെ തരത്തിനു പററിച്ചിട്ടില്ലെന്നെനിക്കറിയാം. പ്രത്യുത അവരുടെ ദൈവിക ജ്ഞാനത്താൽ അദ്ദേഹത്തിനു കീഴ്പെട്ടു. അതായത്, അദ്ദേഹത്തിനെന്നതിനേക്കാൾ എല്ലാവരുടേയും മെത്രാനായ യേശുക്രിസ്തുവിന്റെ പിതാവിനു് കീഴ്പെട്ടു. നമ്മെ സ്നേഹിച്ചവനോടുള്ള ബഹുമാനത്താൽ യാതൊരു കപടനാട്യവുംകൂടാതെ നാം അനുസരിക്കണം. കാരണം, ഒരുവൻ കാണപ്പെടുന്ന ഒരു മെത്രാനെ വഴിതെററിക്കുന്നതല്ല, യഥാത്ഥപ്രശ്നം. പിന്നെയോ അദൃശ്യനായ ഒരുവനെയാണവൻ വഞ്ചിക്കുന്നതു്. ആ സന്ദർഭത്തിൽ മനുഷ്യരോടുകൂടി അല്ല, ഹൃദയങ്ങൾ അറിയുന്ന ദൈവത്തോടുകൂടെ പരിഗണിയ്ക്കപ്പെടണം.

IV നാം ക്രിസ്ത്യാനികളെന്നു വിളിക്കപ്പെടുക മാത്രമല്ല, ക്രിസ്ത്യാനികളാകണം. ഒരുവനെ മെത്രാനെന്നു വിളിക്കുകയും എല്ലാ കാര്യങ്ങളിലും അവനെ അവമാനിക്കുകയുംചെയ്യുന്നതു് അതിനു് തുല്യമാണു്. അത്തരക്കാർ അവരുടെ മനസ്സാക്ഷിക്കെതിരായി പ്രവർത്തിക്കുന്നുവെന്നു് എനിക്കുതോന്നുന്നു. കാരണം അവർ ഫലപ്രദവും അധികാരപൂർവകവുമായ സേവനത്തിലേക്കു വരുന്നില്ല.

V അതെ, എല്ലാം അന്ത്യത്തിലേക്കടുക്കുകയാണു്; മരണമോ ജീവനോ തെരഞ്ഞെടുക്കണം. ഇതിന്റെ രണ്ടിന്റേയും മദ്ധ്യത്തിൽ നാം നില്ക്കുന്നു. ഓരോരുത്തനും അവനവന്റെ സ്ഥലത്തേക്കുപോകും. അതുപോലെ ദൈവത്തിന്റേതെന്നും ലോകത്തിന്റേതെന്നും രണ്ടുതരം നാണയനിർമ്മാണമുണ്ടെന്നും പറയാം. ഓരോന്നിനും അതതിന്റെ മുദ്രയുണ്ടു്. അവിശ്വാസികൾക്കു് ഈ ലോകത്തിന്റെയും, സ്നേഹത്താൽ പ്രേരിതരായ വിശ്വാസികൾക്കു് യേശുക്രിസ്തുവഴി പിതാവായ ദൈവത്തിന്റെയും. അവന്റെ പീഡാനുഭവത്തോടു് ഐക്യപ്പെട്ടു് സ്വയമേ മരിക്കുന്നില്ലെങ്കിൽ അവന്റെ ജീവൻ നമ്മിൽക്കാണുകയില്ല.

VI 1. ഞാൻ സൂചിപ്പിച്ച ആളുകളിൽ നിങ്ങളുടെ സമൂഹം മുഴുവനെയും ഞാൻ കാണുകയും സ്നേഹിക്കുകയും ചെയ്തുവെ

www.malankaralibrary.com



ന്നു് ഞാൻ വിശ്വസിച്ചു. അതുകൊണ്ടു് എല്ലാക്കാര്യങ്ങളും ദൈവികയോജിപ്പിൽ ചെയ്യുന്നതിനു് ശ്രദ്ധിപ്പാൻ ഞാൻ നിങ്ങളെ പ്രേരിപ്പിക്കുന്നു. മെത്രാന്മാർ ദൈവത്തിന്റെ സ്ഥാനത്തു് അദ്ധ്യക്ഷതവഹിക്കട്ടെ. വൈദികർ അപ്പോസ്തോലിക സമൂഹത്തിന്റെ സ്ഥാനമെടുക്കട്ടെ. എന്റെ പ്രിയങ്കരരായി യേശുക്രിസ്തുവിന്റെ ശുശ്രൂഷസ്ഥാനം ശെമ്മാശന്മാക്കു് ഏല്പിക്കപ്പെടട്ടെ. അവൻ (യേശുക്രിസ്തു) നിത്യതയിലേ പിതാവിനോടൊത്തുണ്ടായിരുന്നവനും കാലാന്ത്യത്തിൽ പ്രത്യക്ഷപ്പെട്ടവനും ആകുന്നു. 2. ദൈവത്തിന്റെ അതേമനസ്ഥിതി സ്വീകരിച്ചുകൊണ്ടു് ദൈവത്തെപ്പോലെ നിങ്ങളും പരസ്പരം ബഹുമാനിക്കണം. ജഡികമായ രീതിയിൽ ആരും തന്റെ സഹോദരനെപ്പററി ചിന്തിയ്ക്കാതിരിക്കട്ടെ. പിന്നെയോ യേശുക്രിസ്തുവിന്റെ അന്ത്രപിയാൽ പരസ്പരം സ്നേഹിക്കുവിൻ. നിങ്ങളെ പിളക്കുന്നതൊന്നും ഉണ്ടാകരുതു്. പിന്നെയോ മെത്രാനോടും നിങ്ങളുടെ നേതാക്കന്മാരോടും യോജിച്ചുപോകുവിൻ. അപ്പോൾ നിങ്ങൾ നാശമില്ലായ്മയുടെ ദൃഷ്ടാന്തവും പാഠവുമായിരിക്കും.

VII 1. കർത്താവു് പിതാവിനെ കൂടാതെ ഒന്നും ചെയ്തിട്ടില്ല. (താൻ തന്നെയാകട്ടെ തന്റെ ശിഷ്യന്മാർവഴിയാകട്ടെ) കാരണം അവനും പിതാവും ഒന്നായിരുന്നു. നിങ്ങളും അപ്രകാരം മെത്രാന്മാരേയും വൈദികരെയും കൂടാതൊന്നും പ്രവർത്തിക്കരുതു്. നിങ്ങളുടെ സ്വന്തമായി എന്തെങ്കിലും ചെയ്താൽ അതു് പ്രശംസാർഹമാണെന്നു് നിങ്ങളിലാരും സ്വയം ബോധ്യപ്പെടുത്താൻ ശ്രമിക്കാതിരിക്കട്ടെ. നിങ്ങൾ ചോദിച്ചുചെയ്യുന്നതു് മാത്രമാണു് ശരിയായിട്ടുള്ളതു്. അതുകൊണ്ടു് നിങ്ങൾക്കൊരു പ്രാർത്ഥന ഒരു യാചന, ഒരു മനസ്സു്, സ്നേഹത്താലും പാടിപ്പുകഴ്ത്താത്ത സന്തോഷത്താലും നയിക്കപ്പെടുന്ന ഒരു പ്രതീക്ഷ,— അതായതു് നിങ്ങൾക്കു് എല്ലാപ്പോഴും യേശുക്രിസ്തു നിങ്ങളോടു കൂടിയുണ്ടായിരിക്കുമെന്നർത്ഥം. അതിലുപരിയൊന്നും നിങ്ങൾക്കു കാണുവാൻ സാധ്യമല്ല. 2. ഒരു ദേവാലയത്തിലേയ്ക്കു് ഒരു അൾത്താരയിൽ ഒരേശുക്രിസ്തുവിലേക്കെന്നവണ്ണം നിങ്ങളെല്ലാവരും ഓടിക്കൂടുവിൻ. അവൻ പിതാവിനോടുകൂടെ ഒന്നായിരുന്നിട്ടും പിതാവിൽനിന്നു് പുറപ്പെട്ടു വരികയും വീണ്ടും അ

www.malankaralibrary.com



വനിലേക്ക് തിരികെപോകയുംചെയ്തു.

VIII 1. നിരത്ഥകങ്ങളായ അബദ്ധ വീക്ഷണങ്ങളാലോ, കെട്ടുകഥകളാലോ വഴിതെററിപ്പോകരുത്. ഇപ്പോഴം നാം യഹൂദമതം ആചരിക്കുന്നെങ്കിൽ നമുക്കൊരുകൃപാവരവും ലഭിച്ചിട്ടില്ലെന്നു നാം സമ്മതിക്കുകയാണ്. 2. ദിവ്യപ്രവാചകന്മാർതന്നെയും യേശുക്രിസ്തുവിൻെറ പാതയിൽ ജീവിച്ചു. അതുകൊണ്ടാണവർ പീഡിപ്പിക്കപ്പെട്ടതു്. ദൈവം ഏകനാണെന്നും അവൻ തൻെറ പുത്രനായ യേശുക്രിസ്തുവഴി തന്നെത്തന്നെ വെളിപ്പെടുത്തിയെന്നും, തൻെറ നിശബ്ദതയിൽ നിന്നുപുറപ്പെട്ട തൻെറ വചനമാണവനെന്നും (യേശുക്രിസ്തു) അവൻതന്നെ അയച്ചവൻെറ പരിപൂണ്ണഅംഗീകാരം നേടിയെന്നും അവിശ്വാസികളെ ബോധ്യപ്പെടുത്താൻ പ്രവാചകന്മാർ അവൻെറ കൃപയാൽ പ്രചോദിതരായി.

IX 1. പഴയ ആചാരങ്ങളാൽ ജീവിച്ചവർതന്നെയും പുതിയൊരു പ്രത്യാശയിലെത്തിച്ചേൎന്നു. അവർ ശാബതാചരണം ഉപേക്ഷിച്ചു. അതിനു പകരം നമ്മുടെയും അവരുടെയും ജീവൻ പ്രകാശിച്ച കർത്തൃദിനം അവർ ആചരിച്ചു. ചിലർ നിഷേധിക്കുമെങ്കിലും ഇതിനു കാരണക്കാരൻ അവനും അവൻെറ മരണവുമാണ്. ഈ ദിവ്യരഹസ്യത്താൽ നമുക്കു് നമ്മുടെ വിശ്വാസം ലഭിച്ചു. (നാം വിശ്വാസികളായി) ഇതിനാൽ നമ്മുടെ ഏകഗുരുവായ യേശുക്രിസ്തുവിൻെറ ശിഷ്യരായി തീരുവാൻ തക്കവണ്ണം നാം ഉറച്ചുനില്ക്കുന്നു. 2. അരൂപിയാൽ തൻെറ ശിഷ്യരായിരുന്ന പ്രവാചകർതന്നെയും; അവനെ അവരുടെ ഗുരുവായി പ്രതീക്ഷിച്ചിരുന്നെങ്കിൽ അവനെക്കൂടാതെ നമുക്കെങ്ങനെ ജീവിക്കാനാവും. അവൻ വന്നപ്പോഴം അവനെ കാലങ്ങളായി പ്രതീക്ഷിച്ചിരുന്നവരെ അവൻ മരണത്തിൽനിന്നുയർത്തി.

X 1. നാം അവൻെറ കരുണയെ തടഞ്ഞുനിറുത്തുന്നവരാകരുത്. നാം പ്രവർത്തിക്കുന്നതുപോലെ അവനും പ്രവർത്തിക്കുകയാണെങ്കിൽ ഉടനെ നമ്മുടെ കഥകഴിഞ്ഞതുതന്നെ. ഇപ്പോഴം നാം അവൻെറ ശിഷ്യരാണ്. ക്രിസ്ത്യാനികളെപ്പോലെ ജീവിക്കുവാൻ നാം പഠിക്കണം. മറെറതൊരു നാമം വഹിക്കു

www.malankaralibrary.com



ന്നവനും ദൈവത്തിന്റേതല്ലെന്നു നിശ്ചയമാണു്. 2. അതു കൊണ്ടു് പഴയ (ചീത്ത) പുളിമാവുമാററിക്കളയുവിൻ. അതു് ജീർണ്ണിച്ചതും, കമർപ്പുള്ളതുമായിത്തീർന്നിരിക്കുന്നു. പുതിയ പുളിപ്പായ യേശുക്രിസ്തുവിലേക്കു് നിങ്ങൾ മാററപ്പെടട്ടെ. നിങ്ങളുടെ ഗന്ധം നിങ്ങളെ ഒററിക്കൊടുക്കും എന്നതുകൊണ്ടു് നിങ്ങളിലാരും ചീത്തയാകാതിരിപ്പാൻ നിങ്ങൾ അവനിൽ ഉപ്പിടപ്പെടട്ടെ. 3. യേശുക്രിസ്തുവിനെ പ്രസംഗിക്കുകയും യൂദനെപ്പോലെ ജീവിക്കുകയുംചെയ്യുന്നതു് രാക്ഷസതുല്യമാണു്. എന്തെന്നാൽ ക്രിസ്തുമതം യഹൂദമതത്തിലല്ല പിന്നെയോ യഹൂദമതം ക്രിസ്തുവിലാണു വിശ്വസിച്ചതു്. എല്ലാ ഭാഷയിലുമുള്ളാളുകൾ ഇതിൽ വിശ്വസിക്കുകയും ദൈവത്തോടൈക്യപ്പെട്ടിരിക്കുകയുംചെയ്യുന്നു.

XI എന്റെ പ്രിയ സുഹൃത്തുക്കളേ, നിങ്ങളാരെങ്കിലും അത്തരക്കാരാണെന്നു കേട്ടതുകൊണ്ടല്ല ഞാൻ നിങ്ങൾക്കിങ്ങനെ എഴുതുന്നതു്. പ്രത്യുത, പൊന്തിയോസു് പീലാത്തോസു് ഗവർണ്ണരായിരുന്നപ്പോൾ സംഭവിച്ച ജനനം, പീഡാനുഭവം, ഉയർപ്പു് എന്നിവയെ സംബന്ധിച്ചു് പൂർണ്ണമായി നിങ്ങൾ ബോധ്യമുള്ളവരായിരിക്കുവാനും മൂഢമായ ആശയങ്ങൾക്കു് നിങ്ങൾ ഇരയാകാതിരിപ്പാനുംവേണ്ടി മുൻകൂട്ടി ഞാൻ വഹിക്കുന്ന ബലഹീനസ്ഥാനം പരിഗണിച്ചു് നിങ്ങൾക്കു ഞാൻ മുന്നറിയിപ്പു തരികയാണു്. നമ്മുടെ പ്രതീക്ഷയായ യേശുക്രിസ്തു യഥാർത്ഥമായും സത്യമായും പ്രവർത്തിച്ചവയാണവ. ഇതു നിങ്ങളിലാരും നഷ്ടപ്പെടുത്താതിരിപ്പാൻ ദൈവം സഹായിക്കട്ടെ.

XII ഞാനർഹിക്കുന്നുവെങ്കിൽ നിങ്ങളെപ്പററി വളരെയധികം സന്തോഷിക്കുവാൻ ഞാനാഗ്രഹിക്കുന്നു. ഞാൻ ഒരു തടവുകാരനാണെങ്കിലും സ്വതന്ത്രരായ നിങ്ങളിലാരുമായും താരതമ്യപ്പെടുത്തുവാൻ എനിക്കാവില്ല. നിങ്ങൾക്കാർക്കും അഹംഭാവമില്ലെന്നു് ഞാൻ മനസ്സിലാക്കുന്നു. കാരണം നിങ്ങളിലേശുക്രിസ്തു ഉണ്ടു്. കൂടാതെ ഞാൻ നിങ്ങളെ പുകഴ്ത്തുമ്പോഴും നിങ്ങൾ ആത്മബോധമുള്ളവരാണെന്നു് ഞാനറിയുന്നു. വേദപുസ്തകം പറയുന്നതുപോലെ നീതിമാന്റെ വാദി അവൻ തന്നെയാണു്.

www.malankaralibrary.com



XIII 1. നിങ്ങൾചെയ്യുന്നതെന്തും ആത്മാവിലും ശരീരത്തിലും വിശ്വാസത്തിലും സ്നേഹത്തിലും പിതാവിലും, പുത്രനിലും പരിശുദ്ധാത്മാവിലും ആദിമുതൽ അന്ത്യംവരെ നിങ്ങളുടെ അതിപ്രശസ്തനായ മെത്രാനോടും നിങ്ങളുടെ വൈദികസമൂഹത്തോടും (ഭംഗിയായി നെയ്തെടുത്ത ആത്മീയാഹാരം) നിങ്ങളുടെ ദിവ്യശുശ്രൂഷകരോടുംകൂടെ വിജയിക്കുവാൻ കർത്താവിൻേറയും ശ്ലീഹന്മാരുടേയും കല്പനകളിലുറച്ചുനില്ക്കുവാൻ യഥാർത്ഥമായി പരിശ്രമിക്കുവിൻ. 2. യേശുക്രിസ്തു ജഡത്തിലായിരുന്ന നാളുകളിൽ പിതാവിനെന്നവണ്ണവും, ശ്ലീഹന്മാർ ക്രിസ്തുവിനും, പിതാവിനും പരിശുദ്ധാത്മാവിനും എന്നവണ്ണവും മെത്രാനും, അന്യോന്യവും കീഴ്പെടുവിൻ. ഇങ്ങനെ നാം പരിപൂർണ്ണൈക്യം പ്രാപിക്കും.

XIV നിങ്ങൾ ദൈവത്താൽ നിറഞ്ഞവരാണെന്നു ഞാൻ മനസ്സിലാക്കുന്നു. അതുകൊണ്ടു് വളരെ ചുരുക്കമായിട്ടേ നിങ്ങളെ ഉപദേശിച്ചുള്ളു. ഞാൻ ദൈവത്തെ പ്രാപിക്കുവാൻ നിങ്ങളുടെ പ്രാർത്ഥനകളിൽ എന്നെ ഓർക്കുമോ? സിറിയായിലെ സഭയേയും അനുസ്മരിക്കുവിൻ. അതിലൊരംഗമെന്നു വിളിക്കപ്പെടുവാൻ ഞാൻ അർഹനല്ല. എനിയ്ക്കു് നിങ്ങളോടു യോജിച്ചുള്ള പരിശുദ്ധപ്രാർത്ഥനകളും സ്നേഹവും അത്യാവശ്യമെന്നു മനസ്സിലാക്കുക. നിങ്ങളുടെ സഭയാൽ സിറിയായിലെ സഭയ്ക്കു് ഉന്മേഷം വീണ്ടെടുക്കുവാനുള്ള ഭാഗ്യം ലഭിക്കട്ടെ.

XV എഫേസിയാക്കാർ സ്മിർണായിൽനിന്നു് നിങ്ങൾക്കഭിവാദനംചെയ്യുന്നു. ഞാൻ അവിടെ നിന്നാണു് നിങ്ങളെ അഭിവാദനംചെയ്യുന്നതു്. നിങ്ങളെപ്പോലെ, ദൈവമഹത്വത്തിനായി അവരും ഇവിടെ വരികയും എന്നെ വളരെയധികം ഉത്തേജിപ്പിക്കുകയുംചെയ്തു. സ്മിർണായിലെ മെത്രാനായ പോളിക്കാർപ്പും അപ്രകാരംചെയ്തു. യേശുക്രിസ്തുവിൻെറ ബഹുമാനത്തിൽ മററു സഭകളും നിങ്ങൾക്കു മംഗളമാശംസിക്കുന്നു. ദൈവത്തോടൊന്നിച്ചിരിക്കുവാൻ യേശുക്രിസ്തുവിനുണ്ടായിരുന്ന അവിഭാജ്യമായ അരൂപിയാണു് നിങ്ങൾ പ്രാപിച്ചിരിക്കുന്നതു്......... ആശംസകൾ!

www.malankaralibrary.com

# ത്രാള്ള്യർക്ക് (Trallians)

[ത്രാള്ളിയ, മഗ്നേഷ്യയിൽനിന്നു് 17 മൈൽ കിഴക്കു് സ്ഥിതിചെയ്ത നഗരമായിരുന്നു. അവിടത്തെ ക്രിസ്ത്യാനികൾ Polybius എന്ന തങ്ങളുടെ മെത്രാനെ സ്മിർണായിലേക്കയച്ചു. സഭാധികാരികളോടൈക്യവും വിധേയത്വവും-ഈ കത്തിലെ പ്രധാനപ്രതിപാദ്യവിഷയമാണു്. ഇഗ്നാത്യോസിൻെറ സ്വഭാവം വെളിപ്പെടുത്തുന്ന പല സന്ദർഭങ്ങളും ഉണ്ടീകത്തിൽ]

ഏഷ്യായിൽ ത്രാള്ള്യയിലെ സഭയ്ക്കു്: ദൈവവാഹകനായ ഇഗ്നാത്ത്യോസിൽനിന്നു്, അപ്പോസ്തോലിക ശൈലിയിൽ ഹൃദയംനിറഞ്ഞ ആശംസകളും എല്ലാ മംഗളങ്ങളും! യേശുക്രിസ്തുവിൻെറ പിതാവായ ദൈവത്തിന് നിങ്ങൾ പ്രിയംകരരാണു്! തെരഞ്ഞെടുക്കപ്പെട്ടവരായ നിങ്ങൾ അവനൊരു യഥാർത്ഥനേട്ടമാണു്! നമ്മുടെ പ്രത്യാശയായ യേശുക്രിസ്തുവിൻെറ പീഡാനുഭവംവഴി നാം പൂർണ്ണമായി രമ്യതയിലാണു്. അവനോടുകൂടി നാമും ഉയർത്തെഴുന്നേല്ക്കും.

I നിങ്ങൾക്കു് എപ്രകാരമുള്ള സ്വഭാവമാണുള്ളതെന്നു് എനിക്കു നന്നായി അറിയാം. ദൂഷണങ്ങൾക്കതീതവും ഞെരുക്കത്തിൽ ദാർഢ്യവും! ഇതു് നാട്യമല്ല. പിന്നയോ നിങ്ങളുടെ മെത്രനായ പോളിബിയസി (Polybius) ൽനിന്നു് ഞാൻ ഗ്രഹിച്ചതുപോലെ നിങ്ങൾക്കു് സ്വാഭാവികമാണു്. ദൈവത്തിൻേറയും യേശുക്രിസ്തുവിൻേറയും ഇഷ്ടത്താൽ അവൻ എൻെറ അടുക്കലേക്കു് വരുകയും യേശുക്രിസ്തുവിനുവേണ്ടി ഒരു തടവുകാരനാക്കപ്പെട്ടതിൽ എന്നെ ഹൃദയപൂർവ്വം അഭിനന്ദിക്കുകയും ചെയ്തു. അവനിൽ നിങ്ങളുടെ സമൂഹം മുഴുവനെയും ഞാൻകണ്ടു. അവൻവഴി എത്തിയ നിങ്ങളുടെ ദൈവികമായ സന്മനസ്സിനെ ഞാൻ സ്വാഗതംചെയ്തു. നിങ്ങൾ ദൈവത്തെ പിന്തുടരുന്നു. എന്നു് ഞാൻ കേട്ടതുപോലെ കണ്ടതുകൊണ്ടും ഞാൻ ദൈവത്തിനു് നന്ദിപറഞ്ഞു.

II 1 യേശുക്രിസ്തുവിനെയെന്നവണ്ണം മെത്രാനെ നിങ്ങ

www.malankaralibrary.com



ം അനുസരിക്കുമ്പോഠം മാനുഷികരീതിയിലല്ല, ക്രിസ്തു പാതയിലാണ് ജീവിക്കുന്നത് (വ്യാപരിക്കുന്നത്). നിങ്ങഠം അവൻെറ മരണത്തിൽ വിശ്വസിച്ച് മരണത്തിൽനിന്ന് രക്ഷപ്രാപിക്കുവാൻ, അവൻ മരണം പ്രാപിച്ചു. 2. അതുകൊണ്ട് മെത്രാനെ കൂടാതെ യാതൊന്നും പ്രവത്തിക്കരുതെന്നത് ആവശ്യമാണ്. നിങ്ങഠം അങ്ങനെയാണല്ലോ ചെയ്യുന്നത്. യേശുക്രിസ്തുവിൻെറ ശ്ലീഹന്മാക്കെന്നവണ്ണംവൈദികസമൂഹത്തിനും കീഴ്പെടുവിൻ. അവൻ നമ്മുടെ പ്രത്യാശയാണ്. അപ്പോഠം നാം അവനോടൊത്തു ജീവിച്ചാൽ, നാം നിത്യജീവൻ പ്രാപിക്കും. 3) യേശുക്രിസ്തുവിൻെറ ദിവ്യരഹസ്യങ്ങളുടെ ശുശ്രൂഷക്കാരും, എല്ലാവക്കും പൂണ്ണമായ സംതൃപ്തി പ്രദാനംചെയ്യണം. കാരണം അവർ വെറും അപ്പവും വെള്ളവുമല്ല വിളമ്പുന്നത്, പ്രത്യുത ദൈവത്തിൻെറ സഭയെ ശുശ്രൂഷിക്കുന്നു. അഗ്നിയെ ഒഴിഞ്ഞു നില്ക്കുന്നതുപോലെ അവർ യാതൊരു വിമശനത്തിനും ഇടകൊടുക്കരുത്.

III 1. അതുപോലെ എല്ലാവരും ശുശ്രൂഷകരേയും (Deacons) ബഹുമാനിക്കണം. അവർ യേശുക്രിസ്തുവിനെ പ്രതിനിധാനംചെയ്യുന്നു. മെത്രാന് പിതാവിൻെറയും വൈദികസമൂഹത്തിന് ദൈവത്തിൻെറ കാര്യാലോചന സഭയുടെയും അപ്പോസ്തോലിക സഭയുടെയും സ്ഥാനമുണ്ട്. 2. ഇവരെ കൂടാതെ ഒരു സഭയുമില്ല. ഈ കാര്യത്തിൽ നിങ്ങഠം എന്നോട് യോജിക്കുമെന്ന് എനിക്കുറപ്പുണ്ട്.

നിങ്ങളുടെ സ്നേഹത്തിൻെറ മാതൃക നിങ്ങളുടെ മെത്രാനിൽ ഞാൻ സ്വീകരിച്ചു. അവൻ എന്നോട് കൂടിയുണ്ട്. അവൻെറ പെരുമാററംതന്നെ വലിയൊരു പാഠമാണ്, എന്നാൽ അവൻെറ ശാന്തത വളരെ ശക്തിമത്തും. നിരീശ്വരന്മാരും അവനെ ബഹുമാനിക്കുമെന്ന് ഞാൻ ഊഹിക്കുന്നു.

3. കുറെക്കൂടി നിശിതമായ ഭാഷയിൽ നിങ്ങഠംക്കെഴുതുവാൻ എനിക്ക് കഴിയുമെങ്കിലും സ്നേഹംമൂലം നിങ്ങളോട് ഞാൻ കാരുണ്യപൂവ്വം പെരുമാറുന്നു. ഞാനൊരു തടവുകാരനായതുകൊണ്ട് അപ്പോസ്തോലനെപ്പോലെ കല്പനതരുന്നത്, എൻെറ ഭാഗത്തുനിന്ന് യുക്തമല്ല.

www.malankaralibrary.com



IV 1. ദൈവം എനിക്ക് അനേകം നിവേശനങ്ങൾ നല്കിയിട്ടുണ്ട്. എന്നാൽ പ്രശംസ എന്നെ വഴിപിഴപ്പിക്കാതിരിക്കുവാൻ ഞാൻ അടങ്ങുന്നു. ഇപ്പോൾ എനിക്കേററം അത്യാവശ്യമായിരിക്കുന്നത് കരുതലോടുകൂടിയിരിക്കുക എന്നതാണ്. അല്ലാതെ മുഖസ്തുതിക്കാരെ ശ്രദ്ധിക്കുക എന്നതല്ല. എന്നോട് (നീയൊരു യഥാർത്ഥ രക്തസാക്ഷിയാണെന്ന്) പറയുന്നവരാണ് എന്റെ ചമ്മട്ടി. 2. ഒരു രക്തസാക്ഷിയായിരിക്കുവാൻ ഞാൻ വളരെ ആഗ്രഹിച്ചു എന്നതു വാസ്തവംതന്നെ. എന്നാൽ ഞാനർഹിക്കുന്നുണ്ടോയെന്നെനിക്കറിവില്ല. എന്റെ ഈ തീവ്രമായ ആഗ്രഹത്തെപററി പലർക്കും ഒരാശയവുമില്ല. എല്ലാററിലുംഉപരി ഇതെനിക്കൊരു കഠിനവേദനയുമാണ്. ഈ ലോകത്തിന്റെ പ്രഭു കീഴമർത്തപ്പെടുന്ന ശാന്തതയാണെനിക്ക് ആവശ്യം.

V 1. സ്വർഗ്ഗീയകാര്യങ്ങളെ സംബന്ധിച്ച് നിങ്ങൾക്കെഴുതുവാൻ എനിക്ക് കഴിവില്ലെന്നാണോ ? അല്ല ഒരിക്കലുമല്ല ! നിങ്ങൾ വെറും ശിശുക്കളാണെന്ന് കാണുന്നതുകൊണ്ട് നിങ്ങളെ വിഷമിപ്പിക്കുവാൻ ഞാൻ ഭയപ്പെടുന്നു. നിങ്ങളെന്നോട് ക്ഷമിക്കണം. എന്നാൽ എനിക്ക് പറയുവാനുള്ളത് സ്വീകരിക്കുവാൻ നിങ്ങൾക്ക് കഴിവില്ലാതെ നിങ്ങൾ നിങ്ങളെത്തന്നെമറച്ചുവയ്ക്കുവാനാണ് സാദ്ധ്യത,

2. എന്റെ കാര്യത്തിൽതന്നെയും, ഞാനൊരു തടവുകാരനായതുകൊണ്ടും, മാലാഖമാരുടെ നിരകൾ, ശക്തന്മാരുടെ സമൂഹങ്ങൾ, ദൃശ്യാദൃശ്യവസ്തുക്കൾ തുടങ്ങിയ സ്വർഗ്ഗീയരഹസ്യങ്ങൾ ഗ്രഹിക്കുവാൻ കഴിയുന്നതുകൊണ്ടുമല്ല-അതുകൊണ്ടൊന്നുമല്ല. ഞാനിതുവരേയും ക്രിസ്തുവിന്റെ ഒരു യഥാർത്ഥശിഷ്യനായിരിക്കുന്നത്. നാം ദൈവത്താൽ സ്വീകരിക്കപ്പെട്ടില്ലെങ്കിൽ ഏറെ നഷ്ടമുണ്ടായിരിക്കും !

VI 1. ഞാനല്ല, യേശുക്രിസ്തുവിന്റെ സ്നേഹം നിങ്ങളെ ശക്തിപൂർവ്വം ഉപദേശിക്കുന്നു. ക്രിസ്തീയഭക്ഷണം മാത്രം ഉപയോഗിക്കുക. വിദേശ യാത്രയിൽനിന്നൊഴിഞ്ഞുനില്ക്കുക. അതായതു് പാഷാണ്ഡതയിൽനിന്ന് എന്നർത്ഥം. 2. കൃത്രിമമായും വഞ്ചനോദ്ദേശത്തോടുകൂടിയും നിങ്ങളുടെ വിശ്വാസം ആ

www.malankaralibrary.com



ജ്ജിക്കുവാൻ യേശുക്രിസ്തുവിനെ അവരുടെ പ്രബോധനവുമായി അത്തരക്കാർ കൂട്ടിക്കുഴക്കുന്നു. മാരകവിഷം തേനും വീഞ്ഞുംചേർത്ത് കൊടുക്കുകയും സന്ദേഹമില്ലാതെ ഇര സന്തോഷപൂർവ്വം അത് സ്വീകരിക്കുകയും മാരകമായ ആഹ്ലാദത്തോടെ മരണം ഊററിക്കുടിക്കുകയും ചെയ്യുന്നതുപോലെയാണ്.

VII 1. ഇത്തരമാളുകളെ നിങ്ങൾ സൂക്ഷിച്ചുകൊള്ളണം. അപ്പോസ്തോലന്മാരുടെ കല്പനകളോടും, മെത്രാനോടും, യേശുക്രിസ്തുവിനോടും നമ്മുടെ ദൈവത്തോടും വളരെ അടുത്തു പെരുമാറുകയും അഹങ്കരിക്കാതിരിക്കുകയും ചെയ്യുന്നതുവഴി നിങ്ങൾക്കിതു സാധിക്കും.

2. മദ്ബഹായിൽ (ശ്രീകോവിലിൽ) മനുഷ്യൻശുദ്ധനാണ്; പുറത്ത് അശുദ്ധനും. അതിന്റെ അർത്ഥം മെത്രാനെയും വൈദികസമൂഹത്തേയും ശെമ്മാശ്ശന്മാരെയുംകൂടാതെ എന്തെങ്കിലും ചെയ്യുന്നവന് ശരിയായ മനസ്സാക്ഷിയുണ്ടായിരിക്കുകയില്ല.

VIII 1. നിങ്ങളെ സംബന്ധിച്ച് ഇപ്രകാരമുള്ള ഏതെങ്കിലും സംഗതികേട്ടതുകൊണ്ടല്ല, ഞാൻ നിങ്ങൾക്കിങ്ങനെ എഴുതുന്നത്. ഒരിക്കലുമല്ല. പിന്നയോ, പിശാചിന്റെ കൗശലം ഞാൻ മുൻകൂട്ടികാണുന്നതുകൊണ്ട് നിങ്ങളോടുള്ള സ്നേഹത്തിൽ നിങ്ങൾക്ക് ഞാൻ മുന്നറിയിപ്പുതരുന്നു. നിങ്ങളുടെ ശാന്തത വീണ്ടെടുക്കുവിൻ. വിശ്വാസത്താലും (അതായത് കത്താവിന്റെ ശരീരം) സ്നേഹത്താലും (അതായത് കത്താവിന്റെ രക്തം) നിങ്ങളെത്തന്നെ പുതിയ സൃഷ്ടിയാക്കുവിൻ.

2. ഒരുത്തനും തന്റെ അയൽക്കാരനെതിരായി ഒന്നുംചെയ്യരുത്. കുറച്ചുപേരുടെ വിഡ്ഢിത്തംകൊണ്ട് ദൈവജനം പരിഹസിക്കപ്പെടുവാൻ ജാതികൾക്കവസരംകൊടുക്കരുത്. എന്തെന്നാൽ ആരുടെയങ്കിലും തെററുകൊണ്ട് എന്റെ നാമം ആരുടെയെങ്കിലും മുമ്പാകെ അപഹസിക്കപ്പെട്ടാൽ അവന്, ഹാ കഷ്ടം!

IX 1. ദാവീദിന്റെ വംശത്തിൽനിന്ന്, മാറിയാമ്മിൽനിന്ന് ജനിച്ച യേശുക്രിസ്തുവിനെ അവഗണിക്കുന്ന എല്ലാ സം

www.malankaralibrary.com



സാരങ്ങൾക്കും ചെവിയടച്ചുകളയുവിൻ. അവൻ യഥാൎത്ഥമായി ജനിക്കുകയും, ഭക്ഷിക്കുകയും കുടിക്കുകയുംചെയ്തു. പൊന്തിയോസ് പീലാത്തോസിൻെറ നാളുകളിൽ അവൻ യഥാൎത്ഥമായി പീഡിപ്പിക്കപ്പെട്ടു. ആകാശത്തിൻേറയും, ഭൂമിയുടേയും പാതാളത്തിൻേറയും മുമ്പാകെ അവൻ ക്രൂശിൽ തറയ്ക്കപ്പെടുകയും കൊല്ലപ്പെടുകയുംചെയ്തു. അവൻ യഥാൎത്ഥത്തിൽ മൃത്യുവിൽ നിന്നുത്ഥിതനായി. കാരണം, അവൻെറ പിതാവവനെ ഉയൎപ്പിച്ചു. യേശുക്രിസ്തുവഴി അവനിൽ വിശ്വസിക്കുന്ന നമ്മെയും പിതാവുയൎപ്പിക്കും. അവനെ കൂടാതെ നമുക്കൊരു യഥാൎത്ഥ ജീവനമില്ല

X ചില നിരീശ്വരന്മാർ (അവിശ്വാസികൾ) ജല്പിക്കുന്നതുപോലെ അവൻെറ പീഡാനുഭവം വെറുമൊരു കാപട്യമായിരുന്നെങ്കിൽ, അവരാണ് യഥാൎത്ഥത്തിൽ ജാലവിദ്യക്കാർ. ഞായെന്തിനാണൊരു തടവുകാരനായിരിക്കുന്നതു്? ഞാനെന്തിന് വന്യമൃഗങ്ങളോട് യുദ്ധം ചെയ്യണം? അങ്ങനെയെങ്കിൽ ഞാൻ ലക്ഷ്യമില്ലാതെ മരിക്കുന്നു. അതേ, ഞാൻ കൎത്താവിനേയും ദൂഷിക്കുകയാണ്!

XI 1. മാരകമായ ഫലം പുറപ്പെടുവിക്കുന്ന ഇത്തരം ദൂഷിച്ച മുളകളിൽനിന്ന് ഓടിയകലുവിൻ. ഇതു് രുചിച്ചു നോക്കുന്നവൻ അപ്പൊഴേ മരിക്കുന്നു. അവയൊന്നും പിതാവിൻെറ കൃഷിയല്ല.

2. അവരായിരുന്നെങ്കിൽ അവർ ക്രൂശിൻെറ ശിഖരങ്ങളായി കാണപ്പെടുകയും അനശ്വരമായ ഫലങ്ങളുളവാക്കുകയും ചെയ്തേനെ. അവൻെറ അവയവമായ നിങ്ങളെ ഞാൻ വിളിക്കുന്നതു് തൻെറ കുരിശും കഷ്ടാനുഭവവും വഴിയാണ്, അവയവങ്ങൾ കൂടാതെ ശിരസ്സിനു മാത്രം പിറക്കുവാൻ സാദ്ധ്യമല്ല. ദൈവം ഐക്യത്തിനായി നിലകൊള്ളുന്നു. അതാണവൻെറ സ്വഭാവം.

XII 1. സ്മിർണായിൽനിന്ന് എന്നോടുകൂടിയുള്ള ദൈവത്തിൻെറ സഭകളോടൊപ്പം ഞാൻ നിങ്ങൾക്കെൻെറ ആശംസകൾ അയയ്ക്കുന്നു! അതേ, അവരെല്ലാവരും പൂൎണ്ണമായി എൻെറ ചൈതന്യത്തെ ശക്തിപ്പെടുത്തി. ദൈവത്തോട് ചേരു

www.malankaralibrary.com



വാനായി യേശുക്രിസ്തുവിനെ പ്രതി ഞാൻ വഹിക്കുന്ന ചങ്ങലകൾ നിങ്ങളെ ഉദ്ബോധിപ്പിക്കുന്നു ! "യോജിച്ചിരുന്നുകൊണ്ട് അന്യോന്യം പ്രാർത്ഥിക്കുവിൻ" പിതാവിനോടും യേശുക്രിസ്തുവിനോടും ശ്ലീഹന്മാരോടുമുള്ള ബഹുമാനത്താൽ നിങ്ങളെല്ലാവരും പ്രത്യേകിച്ച് വൈദികർ മെത്രാനെ ധൈര്യപ്പെടുത്തണം.

2. എൻെറ കത്തുകൾ നിങ്ങൾക്കെതിരായി തീരാതിരിപ്പാൻ നിങ്ങൾ എന്നെ ശ്രദ്ധിക്കണമെന്ന് സ്നേഹത്തിൽ ഞാനാവശ്യപ്പെടുന്നു. കൂടാതെ എനിക്കുവേണ്ടിയും പ്രാർത്ഥിപ്പിൻ. ദൈവകൃപയാൽ ഞാൻ പ്രതീക്ഷിച്ചിരിക്കുന്ന വിധിയ്ക്കു ഞാൻ അർഹരായിത്തീരുവാനും, ഞാൻ തള്ളപ്പെട്ടവനായി തീരാതിരിപ്പാനുംവേണ്ടി എനിക്ക് നിങ്ങളുടെ സ്നേഹം ആവശ്യമാണ്.

XIII 1. സ്നേഹത്തോടുകൂടിയുള്ള ആശംസകൾ സ്മിർണാകാരും, എഫേസ്യാക്കാരും നിങ്ങൾക്കയക്കുന്നു. നിങ്ങളുടെ പ്രാർത്ഥനകളിൽ സിറിയായിലെ സഭകളെ ഓക്കുവിൻ. അതിലൊരംഗമാകുവാൻ ഞാനഹ്നല്ല. ഞാനവരിൽ അവസാനത്തവനാണ് ! യേശുക്രിസ്തുവിൽ സ്വസ്തി ! ദൈവത്തിൻെറ നിയമത്തിനൊത്തവണ്ണം മെത്രാനും വൈദികർക്കും കീഴ്പെടുവിൻ. അവിഭാജ്യഹൃദയത്തോടെ നിങ്ങളെല്ലാവരും പരസ്പരം സ്നേഹിക്കുവിൻ. ഇപ്പോഴും ഞാൻ ദൈവത്തെ പ്രാപിക്കുമ്പോഴും എൻെറ ജീവൻ നിങ്ങൾക്കായി കാഴ്ചവയ്ക്കുന്നു. ഞാനിപ്പോഴും അപകടത്തിലാണ് ! എന്നാൽ പിതാവ് വിശ്വസ്തനാണ്. അവൻ യേശുക്രിസ്തു മുഖാന്തരം നിങ്ങളുടേയും എൻേറയും പ്രാത്ഥനകൾക്കുത്തരമരുളും. അവൻെറ സ്വാധീനത്താൽ നിങ്ങൾ കുററമററവരായി തെളിയിക്കപ്പെടട്ടെ !

## റോമാക്കാർക്കെഴുതിയ ലേഖനം

(സ്മിർണായിൽനിന്നുള്ള അവസാനകത്ത് റോമാക്കാക്കാ

www.malankaralibrary.com



ണ് ഇഗ്നേഷ്യസ് എഴുതുന്നതു്. മററുകത്തുകളെപ്പോലെ ഇതു് പാഷാണ്ഡതയേയോ, സഭൈക്യത്തെയോ കുറിച്ചുള്ളതല്ല. ഇതൊരു വ്യക്തിപരമായ കത്താണു്. ഇതിൽ വളരെ വ്യക്തമായി അദ്ദേഹത്തിൻെറ വ്യക്തിത്വം തെളിഞ്ഞുപ്രകാശിക്കുന്നു. തനിയ്ക്കായി ദൈവം ഒരുക്കിവച്ചിരിക്കുന്ന ജീവകിരീടം-രക്തസാക്ഷിത്വം-സ്വീകരിക്കുന്നതിൽനിന്നു് തന്നെ തടയാതിരിക്കുവാൻ അവരോടപേക്ഷിക്കുകയാണവിടുന്നു്. തൻെറ കൂടെ വന്ന പടയാളികളിൽനിന്നു് നിഷ്ഠൂരമായ മർദ്ദനങ്ങളേററവനാണദ്ദേഹം. അവസാനം ശക്തിയററു് ഒഴിഞ്ഞുമാറാതിരിപ്പാൻ സ്വയം ശക്തിപ്പെടുത്തുന്നതാണതിൽ. റോമാസഭയുടെ സമുന്നത സ്ഥാനത്തെപ്പററി വളരെ വ്യക്തമായ ധാരണയുള്ള ഒരാളായിരുന്നു വി. ഇഗ്നേഷ്യസെന്നു് അദ്ദേഹത്തിൻെറ കത്തുകൾ വെളിപ്പെടുത്തുന്നു )

ദൈവവാഹകനായ ഇഗ്നാത്തിയോസിൽനിന്നു്. റോമൻ പ്രദേശത്തിൻെറ പ്രധാനസ്ഥലത്തു് അദ്ധ്യക്ഷയും അത്യുന്നതനായ പിതാവിനും അവൻെറ ഏകജാതനായ യേശുക്രിസ്തുവിനും യോജിച്ചവളും സ്നേഹത്തിലും ദയയിലും ധാരാളമായി വർദ്ധിച്ചിരിക്കുന്നവളും (ഉന്നതസ്ഥാനത്തിരിക്കുന്നവളും) ആയ സഭയ്ക്കു്. പിതാവിൻെറ ഏകജാതനായ യേശുക്രിസ്തുവിൽ അഭിവാദനങ്ങൾ! എല്ലാം ഇച്ഛിച്ചവരിൽനിന്നു് നമ്മുടെ ദൈവമായ യേശുക്രിസ്തുവിൽ നിങ്ങൾ വിശ്വസിക്കുകയും അവനെ സ്നേഹിക്കുകയും ചെയ്യുന്നതുകൊണ്ടു് നിങ്ങൾക്കു് പ്രകാശം നൽകപ്പെട്ടിരിക്കുന്നു. നിങ്ങൾ ദൈവത്തിനൊരു നേട്ടമാണു്. നിങ്ങളുടെ കീർത്തി നിങ്ങളർഹിക്കുന്നതാണു്. നിങ്ങൾ അഭിനന്ദനാർഹരാണു്. നിങ്ങൾ സ്തുതിക്കും വിജയത്തിനും അർഹരാണു്. യാതൊരു കറയും ഇല്ലാത്തവരായിരിക്കുവാനുള്ള സൗഭാഗ്യം നിങ്ങൾക്കുണ്ടു്. പിതാവിൻെറ നാമത്താൽ മുദ്രകുത്തപ്പെട്ടും ക്രിസ്തുവിൻെറ നാമത്തിനു് അനുസരണപ്പെട്ടും ഇരിക്കുന്ന നിങ്ങൾ സ്നേഹത്തിൽ ഒന്നാം സ്ഥാനത്തുതന്നെയാണു്. നിങ്ങൾക്കു് നമ്മുടെ ദൈവമായ യേശുക്രിസ്തുവിൽ ആത്മാർത്ഥത നിറഞ്ഞ ആശംസകൾ! അക്ഷരത്തിലും അരൂപിയിലും യേശുക്രിസ്തുവിൻെറ കല്പനകൾ പാലിച്ചുകൊണ്ടു് സ്ഥിരമായി ദൈവകൃപയാൽ നിറഞ്ഞും അതിനുചേരാത്ത കറകളിൽ

www.malankaralibrary.com



നിന്നെല്ലാം വിമുക്തവുമായി നിങ്ങൾ അവയോടു് പററിച്ചേർന്നിരിക്കുന്നു.

| 1. ദൈവജനമായ നിങ്ങളെ കാണുവാനുള്ള എന്റെ പ്രാൎത്ഥന ദൈവംകേട്ടതിനാൽ, ഞാൻ കൂടുതൽ കാൎയ്യങ്ങൾക്കായി അപേക്ഷിച്ചു. യേശുക്രിസ്തുവിന്റെ ഒരു തടവുകാരൻ എന്ന നിലയിൽ നിങ്ങളെ ആശംസിക്കാമെന്നാണു് ഞാൻ ആഗ്രഹിക്കുന്നതു്. എന്റെ അന്ത്യം (രക്തസാക്ഷിത്വം) ഞാൻ അർഹിക്കുന്നുവോ എന്നതു് ദൈവഹിതമാണു്.

2. നല്ലൊരാരംഭത്തിനുവേണ്ടി കാൎയ്യങ്ങളെല്ലാം വളരെ ദൂരെയാണു്. തടസ്സംകൂടാതെ എന്റെ വിധിയെ അഭിമുഖീകരിക്കാനുള്ള സൗഭാഗ്യം എനിക്കുണ്ടാകട്ടെ. ഞാൻ നിങ്ങളുടെ മഹാമനസ്കതയെ ഭയപ്പെടുന്നു. അതെനിക്കു് ഹാനികരമായിനില്ക്കുമോ എന്നു് ഞാൻ ഭയപ്പെടുന്നു. കാരണം നിങ്ങളാഗ്രഹിക്കുന്നതു് നിങ്ങൾക്കെളുപ്പംചെയ്യാം. എന്നാൽ നിങ്ങളെന്നെ വെറുതെ വിട്ടില്ലെങ്കിൽ ദൈവത്തെ പ്രാപിക്കുവാൻ എനിക്കു് വളരെ ശ്രമകരമാണു്.

|| 1. നിങ്ങൾ മനുഷ്യരെ അല്ല ദൈവത്തെ പ്രസാദിപ്പിക്കുന്നവരാകുവാൻ ഞാനാഗ്രഹിക്കുന്നു. നിങ്ങൾ അപ്രകാരമാണല്ലോ ചെയ്യുന്നതു്. കാരണം ദൈവത്തെ പ്രാപിക്കാൻ എനിക്കു് ഇനിയൊരിക്കലും ഇതുപോലൊരവസരം കിട്ടുകയില്ല, അതുപോലെ നിങ്ങൾക്കും. നിങ്ങൾ നിശ്ശബ്ദരായിരുന്നാൽ മഹത്തായയൊരു പ്രവൃത്തിയുടെ കീൎത്തി നിങ്ങൾക്കും കിട്ടും. നിങ്ങൾ നിശ്ശബ്ദരായി എന്നെ അനുഗമിച്ചാൽ, ദൈവത്തിന്റെ വചനം നിങ്ങൾ എന്നിൽ ദർശിക്കും. എന്നാൽ നിങ്ങളെന്റെ വെറും ജഡത്തെപ്പററി പ്രലോഭിതരായാൽ ഞാൻ വെറും അൎത്ഥശൂന്യമായ ശബ്ദമായിതീരും.

2. അടുത്തൊരാൾത്താരയുള്ളപ്പോൾ ദൈവത്തിനൊരു യാഗമായിതീരുക എന്നതിലുപരിയൊന്നും നിങ്ങൾ എനിക്കുനുവദിക്കേണ്ട.

അപ്പോൾ'ദൈവം സിറിയായിലെ ബിഷപ്പിനു് സൂര്യോദയത്തിൽനിന്നും വിളിക്കപ്പെട്ടവനും അസ്തമയത്തിലെത്തിച്ചേ

www.malankaralibrary.com


രുവാനുമുള്ള സൗഭാഗ്യം നൽകിയെന്നു് ഒരു ഗായകസംഘമായിചേർന്നു് നിങ്ങൾക്കും യേശുക്രിസ്തുവിൽ പിതാവിന്റെ സ്തുതിപ്പുകൾ പാടാൻ കഴിയും. ദൈവസന്നിധിയിൽ ഉയിർക്കുവാൻ ദൈവത്തിൽവച്ചു്, ദൈവത്തിനുവേണ്ടി കൊല്ലപ്പെടുക എന്നതു് ഒരു മഹത്കാര്യംതന്നെയാണു്.

III നിങ്ങൾ ഒരിക്കലും ആരേയും വെറുത്തിട്ടില്ല, നിങ്ങൾ മററുള്ളവരെ പഠിപ്പിച്ചിട്ടുള്ളവരാണു്. മററുള്ളവരെ ശ്രദ്ധിക്കണമെന്നു് നിങ്ങൾ ആവശ്യപ്പെട്ട പാഠങ്ങൾ നിങ്ങൾ ഉറപ്പിക്കണമെന്നു് ഞാനാഗ്രഹിക്കുന്നു. ഞാൻ രക്തസാക്ഷിത്വത്തെപ്പററി വെറുതെ സംസാരിക്കുകയല്ല. യഥാത്ഥമായി അതാഗ്രഹിക്കുന്നതിലേക്കു് എനിക്കാത്മശരീരശക്തി കിട്ടുവാൻ പ്രാത്ഥിക്കുവിൻ. ക്രിസ്ത്യാനിയെന്നു് വിളിക്കപ്പെടുക മാത്രമല്ല, പിന്നയോ, യഥാത്ഥമായി അങ്ങനെയാകുവാൻ ഞാനാഗ്രഹിക്കുന്നു. അതു തെളിയിച്ചാൽ എനിക്കൊരു നാമം ലഭിക്കും എന്നാലും ലോകം എന്നെ ദശിക്കാതിരിക്കുമ്പോഴേ ഞാൻ നിരാക്ഷേപമായിത്തെളിഞ്ഞ ഒരു ക്രിസ്ത്യാനിയാകയുള്ളു. കാണപ്പെടുന്നവയെല്ലാനും യഥാർത്ഥവിലയില്ല, നമ്മുടെ പിതാവായ യേശുക്രിസ്തു പിതാവിങ്കലേക്കു് തിരിച്ചുപോയതുവഴിയാണു് തന്നെത്തന്നെ കൂടുതൽ വെളിപ്പെടുത്തിയതു്. ലോകത്തിനു് ബോധ്യംവരുന്നു എന്നതിലല്ല ലോകംവെറുക്കുന്നു എന്നതിലാണു് ക്രിസ്തീയത്വത്തിന്റെ മഹത്വം അടങ്ങിയിരിക്കുന്നതു്.

IV 1. ഞാൻ എല്ലാ സഭകളുമായി സമ്പക്കംപുലത്തി. ഞാൻ സ്വന്തഇഷ്ടത്താൽ ദൈവത്തിനുവേണ്ടി മരിക്കയാണെന്നു് അവരെയെല്ലാം മനസ്സിലാക്കുകയാണു്. അങ്ങനെയെങ്കിൽ നിങ്ങൾ ഇക്കാര്യത്തിൽ ഇടപെടരുതു്. കാലോചിതമല്ലാത്ത ദാക്ഷിണ്യം എന്നോടു് കാട്ടരുതെന്നു് ഞാൻ നിങ്ങളോടു് വാദിക്കുന്നു. ഞാൻ വന്യമൃഗങ്ങളുടെ വൈക്കോലായിത്തീരട്ടെ. അങ്ങനെയാണു് എനിക്കു് ദൈവത്തെ പ്രാപിക്കാൻ സാധിക്കുക. ഞാൻ ദൈവത്തിന്റെ ഗോതമ്പാണു്. ക്രിസ്തുവിനു് ഒരു പാവനപൂപം നിമ്മിക്കാൻ ഞാൻ വന്യമൃഗങ്ങളുടെ ദ്രംഷ്ട്രങ്ങളാൽ പൊടിക്കപ്പെടട്ടെ.

2. വന്യമൃഗങ്ങൾ എന്റെ കല്ലറയാകുവാനും എന്റെ ശ

www.malankaralibrary.com


രീരത്തിന്റെ ഒരു തരിപോലും അവശേഷിക്കപ്പെടാതിരിപ്പാനും അവയോട് നിങ്ങൾ കെഞ്ചിയാചിക്കുവാൻ ഞാനാഗ്രഹിക്കുന്നു. അങ്ങനെ ഞാൻ നിദ്രപ്രാപിച്ചുകഴിയുമ്പോൾ ഞാനാർക്കും ഒരു ഭാരമാകില്ലല്ലോ. എന്റെ ശരീരം പിന്നെ ലോകം കാണാതിരിക്കുമ്പോൾ ഞാൻ യേശുക്രിസ്തുവിന്റെ യഥാർത്ഥശിഷ്യനാകും. ഇവവഴിയായി ഞാൻ ദൈവത്തിന്റെ യാഗമായിത്തീരാൻ നിങ്ങൾ എനിക്കുവേണ്ടി ക്രിസ്തുവിനോട് പ്രാർത്ഥിക്കുവിൻ പത്രോസിനെപ്പോലെയും പൗലോസിനെപ്പോലെയും അല്ല ഞാൻ നിങ്ങൾക്ക് കല്പനകൾ നല്കുന്നത്. അവർ ശ്ലീഹന്മാരായിരുന്നു. ഞാനോ ഒരു തടവുകാരൻ. അവർ സ്വതന്ത്രരായിരുന്നു; ഞാനിപ്പോഴും ഒരടിമ. ഞാൻ സഹിച്ചാൽ യേശുക്രിസ്തുവിനാൽ മോചിതനാകും, അവനോടൈക്യപ്പെട്ട് സ്വാതന്ത്ര്യത്തിലേക്ക് ഞാനുയർത്തപ്പെടും.

ഒരു തടവുകാരനായിരിക്കുമ്പോൾതന്നെ എന്റെ അഭിലാഷങ്ങളെ പരിത്യജിക്കുവാൻ ഞാൻ പഠിക്കുകയാണ്.

V 1. സിറിയായിൽനിന്ന് റോമായിലേക്കുള്ള വഴിമുഴുവൻ, രാപ്പകൽ കടലിലും കരയിലുംവച്ച് ഞാൻ വന്യമൃഗങ്ങളോട് യുദ്ധം ചെയ്യുകയാണ്. നന്നായി പെരുമാറുന്തോറും കൂടുതൽ ക്രുദ്ധരാകുന്ന പത്ത് പുള്ളിപ്പുലികളുടെ മുമ്പാകെ ഞാൻബന്ധിതനായിരിക്കുകയാണ്. (ഒരുകൂട്ടം പട്ടാളക്കാരെന്നർത്ഥം). അക്കാരണത്താൽ, ഞാൻ മോചിതനാകുന്നില്ലെങ്കിലും, അവരുടെ അനീതിയിൽകൂടി ഞാൻ ഒരു നല്ല ശിഷ്യനായിത്തീരുകയാണ്.

2. എന്നെ കാത്തിരിക്കുന്ന വന്യമൃഗങ്ങൾ എന്നെ എത്രമാത്രം ഹർഷപുളകിതനാക്കില്ല! എന്നെക്കൊണ്ട് അവയ്ക്ക് കുറച്ചു ജോലിയെ കാണുകയുള്ളു, എന്നു ഞാൻ പ്രതീക്ഷിക്കുന്നു. ഭയത്താൽ ചിലപ്പോൾ സംഭവിക്കുന്നതുപോലെ നോക്കി അകന്നു നില്ക്കാതെ ഉടനെ തന്നെ എന്നെ വിഴുങ്ങുവാൻ ഞാൻ അവയെ പ്രേരിപ്പിക്കും. അവ മടിക്കുന്നെങ്കിൽ ഞാനവയെ നിർബന്ധിക്കും.

3. എന്നോട് ക്ഷമിക്കുവിൻ. എനിക്ക് നല്ലതെന്തൊന്നുള്ളത് ഞാനറിയുന്നു. ഈ നിമിഷം മുതലാണ് ഞാനൊരു ശി

www.malankaralibrary.com



ഷ്യനാകുവാൻ തുടങ്ങുന്നതു്, യേശുക്രിസ്തുവിലേക്കുള്ള എന്റെ പാതയൊരുക്കുമ്പോൾ ദൃശ്യാദൃശ്യങ്ങളായവയൊന്നും എന്നോടു് അസൂയപ്പെടരുതു്. അഗ്നിയോ, കുരിശോ, വന്യമൃഗങ്ങളോടുള്ള മല്ലിടലോ, അസ്ഥികൾ തകർക്കപ്പെടലോ, അവയവങ്ങൾ പിച്ചിച്ചീന്തലോ, ശരീരം മുഴുവൻ തകർക്കപ്പെടലോ, പിശാചിന്റെ ക്രൂരമായ പീഡനങ്ങളോ, എന്തും വരട്ടെ. എനിക്കേശുക്രിസ്തുവിനെ പ്രാപിച്ചാൽമതി.

6. ഭൂമിയുടെ വിസ്തൃതമായ അതിർത്തികളോ, ഈ ലോകത്തിന്റെ രാജ്യങ്ങളോ കൊണ്ടു് എനിക്കൊരു പ്രയോജനവുമില്ല. ഭൂമിയുടെ അതിർത്തികൾവരെ ഭരണം നടത്തുന്നതിനേക്കാൾ മരിച്ചു് യേശുക്രിസ്തുവിനെ പ്രാപിക്കുവാൻ ഞാനാഗ്രഹിക്കുന്നു. നമുക്കുവേണ്ടി മരിച്ചവനെയാണു് ഞാൻ നോക്കിപാർത്തുകൊണ്ടിരിക്കുന്നതു്. നമുക്കുവേണ്ടി ഉയർത്തെഴുന്നേററ അവനെയാണു് എനിക്കുവേണ്ടതു്. ജനിക്കുന്നതിന്റെ തീവ്രവേദനയിൽക്കൂടി ഞാൻ കടന്നുപോകുകയാണു്. എന്റെ സഹോദരന്മാരേ, എന്നോടു് സഹതപിക്കുവിൻ. ജീവനിലേക്കുള്ള എന്റെ പ്രയത്നത്തിൽ വിഘ്നമായി നില്ക്കരുതു്. എന്റെ മരണം ആഗ്രഹിക്കരുതു്. ദൈവത്തിന്റേതാകുവാൻ ആഗ്രഹിക്കുന്നവനെ ലോകത്തിൽ തിരികെ കൊടുക്കരുതു്. ഭൗതിക വസ്തുക്കളാൽ അവനെ വഞ്ചിക്കരുതു്. ഞാൻ പ്രഭാപൂരത്തിലേക്കു് പ്രവേശിക്കട്ടെ. അപ്പോൾ ഞാൻ പൂർണ്ണമനുഷ്യനായിത്തീരും. മനുഷത്വം എന്റേതായിരിക്കും.

3. എന്റെ ദൈവത്തിന്റെ പീഡാനുഭവം ഞാനനുകരിക്കട്ടെ. ആരിലെങ്കിലും അവൻ ഉണ്ടെങ്കിൽ ഞാൻ കാംക്ഷിക്കുന്നതു് അവൻ വിലമതിക്കുകയും ഞാൻ ഏതിൽക്കൂടി കടന്നുപോകുന്നു എന്നു മനസ്സിലാക്കി എന്നോടു് സഹതപിക്കുകയുംചെയ്യട്ടെ.

VII 1. ഈ ലോകത്തിന്റെ പ്രഭു എന്നെ മോഷ്ടിക്കുകയും എന്റെ ദൈവിക ലക്ഷ്യത്തിൽനിന്നെന്നെ വ്യതിചലിപ്പിക്കുകയും ചെയ്വാൻ ആഗ്രഹിക്കുന്നു. അവിടെയുള്ള നിങ്ങളാരും അവനെ പ്രോത്സാഹിപ്പിക്കരുതു്. പ്രത്യുത എന്റെ വശത്തു്, അതായതു് ദൈവത്തിന്റെ-ആയിരിക്കുവിൻ. യേശുക്രിസ്തു

www.malankaralibrary.com



വിനെപററി സംസാരിച്ചിട്ട്, ലോകത്തിൽ നിങ്ങളുടെ ഹൃദയം വഷളാക്കരുത്.

2, ഒരസൂയയും വച്ചുപുലത്തരുത്. ഞാൻ എത്തിച്ചേർന്ന് ശേഷം മറിച്ചൊരഭ്യർത്ഥനനടത്തിയാൽ എന്നെ നിങ്ങൾ ശ്രദ്ധിക്കരുത്. പിന്നയോ ഇപ്പോൾ ഞാൻ എഴുതുന്നതുമാത്രം ശ്രദ്ധിപ്പിൻ.

ജീവിച്ചിരിക്കുന്നെങ്കിലും മരിക്കുവാനുള്ള അടങ്ങാത്ത അഭിവാഞ്ചയോടെയാണ് ഞാനിതെഴുതുന്നത്. എൻെറ ആഗ്രഹങ്ങൾ ക്രൂശിക്കപ്പെട്ടിരിക്കുന്നു; ഭൗതിക വസ്തുക്കൾക്കുള്ള യാതൊരാഗ്രഹവും എന്നിലില്ല. 'പിതാവിലേക്കുടുക്കുക' എന്ന് എന്നോടു സംസാരിക്കുകയും പറയുകയുംചെയ്യുന്ന ജീവജലം എൻെറ ഉള്ളിൽ ഉണ്ട്.

3. ഈ ജീവിതത്തിലെ സുഭഗവസ്തുക്കളിലോ മലിനമാക്കാവുന്ന ഭക്ഷണത്തിലോ എനിക്കൊരാഹ്ലാദവുമില്ല. ദാവീദിൻെറ വംശത്തിൽനിന്നുവന്നുദിച്ച ക്രിസ്തുവിൻെറ ശരീരമായ ദൈവികപൂപമാണ് എനിക്കുവേണ്ടത്, എനിക്കു കുടിക്കുവാൻഅവൻെറ രക്തവും. അതു് നിശ്ചയമായും അമർത്ത്യസ്നേഹത്തിൻെറ പൊരുൾതന്നെ !

VIII 1. വെറും മാനുഷികതലത്തിൽ ഇനിമേൽ താമസിക്കുവാൻ ഞാനാഗ്രഹിക്കുന്നില്ല. നിങ്ങൾക്കും വേണമെങ്കിൽ അങ്ങനെയാകാം. (നിങ്ങൾ സ്വീകൃതരാകാൻ അപ്രകാരം ഇച്ഛിക്കണം) ചെറിയൊരു കത്താണ് എൻേറതെങ്കിലും എൻെറ യാചനയെ നിരസിരിക്കരുത്. 2. ഞാൻ യഥാർത്ഥമായി ആത്മാർത്ഥതയുള്ളവനെന്ന് യേശുക്രിസ്തു നിങ്ങൾക്കു വ്യക്തമാക്കുകയും കാണിച്ചുതരികയുംചെയ്യും. പിതാവ് സത്യമായും സംസാരിച്ച നിഷ്കളങ്കനായ വായ് അവനാകുന്നു. 3. ഞാനെൻെറ അന്ത്യംപ്രാപിക്കുവാൻ എനിക്കുവേണ്ടി പ്രാർത്ഥിക്കുവിൻ. മാനസികവികാരങ്ങളാലല്ല ദൈവേച്ഛയാൽ പ്രേരിതനായിട്ടാണ് ഞാനിതെഴുതുന്നത്. ഞാൻ കഷ്ടപ്പെട്ടാൽ അതു് നിങ്ങൾക്കെന്നോടുള്ള താല്പര്യംകൊണ്ടാണ്. ഞാൻ നിരസിക്കപ്പെട്ടാൽ അതു് നിങ്ങളെന്നെ വെറുത്തതുകൊണ്ടാണ്.

www.malankaralibrary.com



IX 1. സിറിയായിലെ സഭയെ നിങ്ങളുടെ പ്രാർത്ഥനകളിൽ അനുസ്മരിക്കുവിൻ. എൻെറ സ്ഥാനത്തു് ദൈവം അവക്കിടയനായുണ്ടു്. യേശുക്രിസ്തു മാത്രം—അവനും അവൻെറ സ്നേഹവും-അവരെ പരിപാലിക്കും. 2. അവരിലൊരുവനെന്നെണ്ണപ്പെടുന്നതിൽ ഞാൻ നാണിക്കുന്നു. കാരണം, ഞാനവരിൽ അവസാനത്തവനും അകാലപ്രജയുമായതിനാൽ ഞാൻ അതു് അർഹിക്കുന്നില്ല. എങ്കിലും ഞാനെന്തെങ്കിലും ആണെങ്കിൽ അതു് ദൈവത്തിൻെറ കൃപയാലാണു്. അങ്ങനെയെങ്കിൽ ഞാൻ ദൈവത്തെ പ്രാപിക്കും. 3. ഹൃദയപൂർവ്വം ഞാൻ നിങ്ങളെ ആശംസിക്കുന്നു! എന്നെ സ്വാഗതംചെയ്ത സഭകളും വെറുമൊരു വഴിപോക്കനെയെന്നവണ്ണമല്ല, പിന്നെയോ യേശുക്രിസ്തുവിൻെറ നാമത്തിൽ അവരുടെ സ്നേഹം അയയ്ക്കുന്നു! സ്വാഭാവികമായി എൻെറ യാത്രയുടെ വഴിയിലില്ലാത്തവരും വിവിധ പട്ടണങ്ങളിൽ സ്വീകരണങ്ങൾ സംഘടിപ്പിക്കുവാൻ എനിക്കു മുമ്പേ പോകുകയുണ്ടായി.

X 1. സ്തുത്യർഹരായ എഫേസിയാക്കാർവഴി സ്മിർണയിൽനിന്നു് ഈ കത്തു് നിങ്ങൾക്കയയ്ക്കുന്നു. മററനേകരോടു കൂടി, എനിക്കു് ഏററം പ്രിയപ്പെട്ട ക്രോക്കോസും എന്നോടൊത്തുണ്ടു്. 2. ദൈവമഹത്വത്തിനായി എനിക്കുമുമ്പേ റോമിലേക്കു് പോയവരെപ്പററി നിങ്ങൾ കേട്ടുകാണുമെന്നു ഞാൻ കരുതുന്നു. ഞാൻ മിക്കവാറും അവിടെയാണെന്നു് അവരോടു പറയുവിൻ. അവരെല്ലാം നിങ്ങൾക്കും ദൈവത്തിനുമൊരുനേട്ടമാണു്. 3. നിങ്ങൾ അവർക്കെല്ലാം സഹായം നല്കണം. ആഗസ്റ്റിരുപത്തിനാലിനാണു് ഞാൻ നിങ്ങൾക്കിതെഴുതുന്നതു്. അഭിവാദനങ്ങൾ! യേശുക്രിസ്തുവിൻെറ ക്ഷമയിൽ അന്ത്യംവരെ ഉറച്ചുനില്ക്കുവിൻ!

www.malankaralibrary.com

# ഫിലാഡെൽഫ്യർക്ക്

(സ്മിർണായിൽനിന്നു് ഇഗ്നേഷ്യസ് ത്രോവാസിലേക്കു് യാത്രതിരിച്ചു. കാൽവഴി നെയാപ്പോലീസിലേക്കു് തിരിക്കുന്നതിനുമുമ്പു് ത്രോവാസിൽതങ്ങി. ത്രോവാസിൽനിന്നാണു് പിന്നീടുള്ള മൂന്നു് കത്തുകളുമെഴുതുന്നതു്. പാഷാണ്ഡതകളെയും ശീശ്മയെയുംകുറിച്ചാണിവകളും. എന്നാലിവ ഇഗ്നേഷ്യസ് നേരിട്ടു് സന്ദർശിച്ചിട്ടുള്ള സഭകൾക്കാണു്. അതുകൊണ്ടു് അബദ്ധാഭിപ്രായങ്ങളെപ്പററി വ്യക്തമായി വരച്ചുകാട്ടുന്നു.)

ഈ കത്തിൽ യൂദായിസ്റ്റിക് പാഷാണ്ഡതയെ വിമർശിക്കുന്നു. സ്മിർണാക്കാർക്കുള്ളതു് ഡോസെററിസത്തെപ്പററിയുമാണു്.

ത്രോവാസിൽവെച്ചു് ഫിലോയും Rheus Agathopus-ഉം ഇഗ്നേഷ്യസിനോടു്ചേർന്നു. അവർ സഭകളെപ്പററി വിവരിച്ചതിൽ കുണ്ഠിതപ്പെട്ടാണു് ഇഗ്നേഷ്യസ് എഴുതുന്നതു്.

(ഏഷ്യായിൽ) ഫിലാഡെൽഫിയായിലെ സഭയ്ക്കു്; പിതാവായ ദൈവത്തിൻേറയും കർത്താവായ യേശുക്രിസ്തുവിൻെറയും സഭയ്ക്കു്: ദൈവവാഹകനായ ഇഗ്നേഷ്യസിൽനിന്നു്: യേശുക്രിസ്തുവിൻെറ രക്തത്തിൽ ആശംസകൾ! ദിവ്യാനുഗ്രപാത്രവും, ദിവ്യയോജിപ്പിൻ ഉറപ്പായി തുന്നിച്ചേർക്കപ്പെട്ട വസ്ത്രവും ആയ നമ്മുടെ കർത്താവിൻെറ പീഡാനുഭവത്തിൽ അത്യഗാധവും സ്ഥിരം നിലനില്ക്കുന്നതുമായ ആമോദമുള്ളവരാണു്, നിങ്ങൾ; അവൻെറ സീമാതീതമായ ദയയാൽ അവൻെറ ഉയർപ്പിനെപ്പററി പൂർണ്ണമായി ബോധ്യംവന്നവരുമാണു് നിങ്ങൾ! നിത്യവും ശാശ്വതമായ സന്തുഷ്ടിയുടെ മൂർത്തിമത്ഭാവം തന്നെയാണു് നിങ്ങൾ! നിങ്ങൾ മെത്രാനോടും വൈദികരോടും അവനോടുകൂടിയുള്ള ശെമ്മാശ്ശന്മാരോടും യേശുക്രിസ്തുവിൻെറ തിരുവിഷ്ടത്താൽ നിയമിക്കപ്പെട്ടവരോടും യോജിച്ചിരുന്നാൽ ഇതു് പ്രത്യേകമായി ശരിയാണു്. തൻെറ പരിശുദ്ധാത്മാവിനാലും തൻെറ തിരുവിഷ്ടത്താലും അവൻ അവരുടെ നിയമനം അംഗീകരിച്ചു.

www.malankaralibrary.com



I 1. നിങ്ങളുടെ മെത്രാൻ തന്റെ ശുശ്രൂഷ സ്വപ്രയത്നത്താലോ, മനുഷ്യരിൽനിന്നോ സമ്പാദിച്ചതല്ല എന്നു് എനിയ്ക്കു്നന്നായറിയാം. പൊതുനന്മയ്ക്കായി അവൻ വഹിക്കുന്ന ഈ ഉദ്യോഗം അവന്റെ സ്വാർത്ഥതയെ പ്രീതിപ്പെടുത്താനുള്ളതുമല്ല.

അവൻ കർത്താവായ യേശുക്രിസ്തുവിന്റെയും പിതാവായ ദൈവത്തിന്റെയും സ്നേഹത്തോടതിനു്കടപ്പെട്ടിരിക്കുന്നു. അവന്റെ ഹൃദ്യമായ പെരുമാററത്താൽ ഞാൻ അത്ഭുതപ്പെട്ടുപോയി.

2. മററുള്ളവരുടെ വൃഥാലാപത്തേക്കാൾ അവന്റെ മൗനം ഏറെ ഗുണപ്രദമാണു്. ചരടുകൾ കിന്നരത്തോടെന്നവണ്ണം അവൻ ദൈവകല്പനകളോടു് ബന്ധിതനാണു്. ഇക്കാരണത്താൽ അവന്റെ മനസ്സിന്റെ സുകൃതവും പൂർണ്ണതയും എല്ലാകോപത്തിൽനിന്നും വിക്ഷോഭത്തിൽനിന്നും അകന്നു്, പൂർണ്ണമായും ദൈവിക മാർഗ്ഗത്തിൽ ജീവിക്കുന്ന അവന്റെ രീതിയും അറിഞ്ഞു് അവന്റെ ദിവ്യമനസ്സിനെ ഞാനനുഗ്രഹിക്കുന്നു.

II 1. നിങ്ങൾ സത്യപ്രകാശത്തിന്റെ സന്താനങ്ങളാകയാൽ ശീശ്മയിൽനിന്നും അബദ്ധപ്രബോധനങ്ങളിൽനിന്നും അകന്നുമാറുവിൻ. ഇടയനെവിടെയോ, അവിടേയ്ക്കാടുകൾ പോകുന്നു. 2. ദൈവികമായ ഓട്ടം ഓടുന്ന ആടുകളെ ദുഷ്ടമായ സന്തോഷങ്ങളാൽ പിടിയ്ക്കുന്ന പുറംപകിട്ടുള്ള (കപടധാരികളായ) ചെന്നായ്ക്കൾ വളരെയുണ്ടു്. നിങ്ങളുടെ യോജിപ്പിനെതിരായി അവനൊന്നും കഴിയില്ല.

III 1. ചീത്തമേച്ചിൽ സ്ഥലങ്ങളിൽനിന്നകന്നുപോകുവിൻ. പിതാവു് നടാത്തതിനാൽ യേശുക്രിസ്തു അതു് കൃഷിചെയ്യുന്നില്ല. നിങ്ങളുടെ ഇടയിൽ ശീശ്മദർശിക്കുന്നതുകൊണ്ടല്ല. നിങ്ങൾ ശോധനചെയ്യപ്പെട്ടവരാണല്ലോ.

2. ദൈവത്തിന്റെയും യേശുക്രിസ്തുവിന്റെയും ആളുകൾ മെത്രാന്റെ പക്ഷത്താണു്; അനുതപിക്കുന്നവരെല്ലാം സഭൈക്യത്തിൽ പ്രവേശിക്കുകയും ദൈവത്തിന്റേതായിരിക്കുകയും, യേശു ക്രിസ്തുവിന്റെ വഴിയിൽ ജീവിക്കുകയുംചെയ്യും. 3. എന്റെ സഹോദരന്മാരേ, നിങ്ങൾക്കു് വഴിതെറേറണ്ട.

www.malankaralibrary.com



ശീശ്മക്കാരോട്ട് ചേരുന്നവൻ ദൈവരാജ്യം അവകാശപ്പെടുത്തുകയില്ല. പാഷാണ്ഡതയുടെ പാതയിൽ ചരിക്കുന്നവൻ, പീഡാനുഭവത്തോടു് അനുകമ്പ ഇല്ലാത്തവനാണു്.

IV 1. ഒരേ കർബാനയിൽ പങ്കെടുക്കാൻ ശ്രമിപ്പിൻ. എന്തെന്നാൽവൈദികസമൂഹത്തോടും എൻെറ സഹതടവുകാരായ ശെമ്മാശ്ശന്മാരോടുംകൂടെ ഒരു മെത്രാൻ എന്നപോലെ നമ്മുടെ കത്താവായ യേശുക്രിസ്തുവിൻെറ ശരീരം ഏകമാണു്; നമ്മെ ഒന്നാക്കിതീക്കുന്ന രക്തത്തിൻെറ കാസായും ഒന്നു്, അംത്താരയും ഒന്നു്.

V 1. എൻെറ സഹോദരന്മാരേ, എനിക്കു് നിങ്ങളോടുള്ള അളവററ സ്നേഹത്താൽ നിങ്ങളെ കരുതലുള്ളവരായി നിത്തുന്നതിൽ ഞാൻ-ഞാനല്ല യേശുക്രിസ്തു-ആനന്ദനിർവൃതികൊള്ളുന്നു. അവനുവേണ്ടി ഒരു തടവുകാരനായിരിക്കുക എന്നതു് എന്നെ കൂടുതൽ ഭീതിപ്പെടുത്തുന്നു. കാരണം, ഞാനിപ്പോഴും പൂർണ്ണതയിൽനിന്നു വളരെ അകലെയാണു് എന്നാൽ ദൈവത്തോടുള്ള നിങ്ങളുടെ പ്രാർത്ഥന എന്നെ പൂർണ്ണനാക്കും. യേശുക്രിസ്തുവിൻെറ ശരീരത്തിലെന്നവണ്ണം സുവിശേഷത്തിലും സഭയുടെ വൈദികസമൂഹത്തിലെന്നവണ്ണം നടപടിയിലും അഭയം തേടുന്നതുവഴി എനിയ്ക്കായി ദയാപൂർവ്വം മാററിവച്ചിരിക്കുന്ന വിധി ഞാൻ പ്രാപിക്കും.

2, "പ്രവാചകരെയും" നമുക്കു് സ്നേഹിക്കാം. കാരണം അവരുടെ പ്രസംഗങ്ങളിൽ സുവിശേഷത്തെ മുൻകൂട്ടി കണ്ടു. അവർ അവനെ പ്രതീക്ഷിക്കുകയും കാത്തിരിക്കുകയുംചെയ്തു. അവനിൽ ആശ്രയിച്ചു് അവർ രക്ഷപ്രാപിച്ചു. ഇങ്ങനെ അവരും യേശുക്രിസ്തുവിൻെറ ഐക്യത്തിലായിരുന്നു. അവർ വിശുദ്ധരായിരുന്നു. യേശുക്രിസ്തു അവരെപ്പററി സാക്ഷ്യപ്പെടുത്തുന്നതുകൊണ്ടു്, നാമവരെ സ്നേഹിക്കുകയും അഭിനന്ദിക്കുകയുംവേണം, നമ്മുടെ പ്രത്യാശയായ സുവിശേഷത്തിൻെറ യഥാർത്ഥഭാഗമാണവർ.

VI 1. ആരെങ്കിലും യഹൂദമതം നിങ്ങളോടു് പ്രസംഗിച്ചാൽ അവനെ കേൾക്കരുതു്. പരിച്ഛേദനക്കാരിലൊരുവനിൽനിന്നു് ക്രിസ്തുമതത്തെപ്പററി കേൾക്കുന്നതാണു്, പുറജാതി

www.malankaralibrary.com



ക്കാരനിൽനിന്നു് യൂദമതത്തേപ്പററി കേറംക്കുന്നതിനേക്കാറം നല്ലതു്. കൂടാതെ, ഇരുവരും യേശുക്രിസ്തുവിനെപ്പററി സംസാരിക്കുന്നതിൽ പരാജയപ്പെട്ടാൽ അവർ മനുഷ്യനാമങ്ങറം മാത്രം എഴുതപ്പെടുന്ന കല്ലറ മൂടികളോ മരിച്ചവരുടെ ശവക്കുഴികളോ മാത്രം ആയിരിക്കും.

2. അതുകൊണ്ടു്, ഈ ലോകപ്രഭുവിൻെറ ദുഷിച്ച കെണികളിൽനിന്നു് ഓടിയകലുവിൻ. അവൻെറ പ്രേരണകറം നിങ്ങളെ ക്ഷീണിപ്പിക്കുകയോ, സ്നേഹത്തിൽ നിങ്ങറം ചഞ്ചലപ്പെടുകയോ ചെയ്യാതിരിപ്പാൻതന്നെ ഒരേമനസ്സോടെ നിങ്ങളെല്ലാവരും ഒന്നിച്ചുകൂടുവിൻ. നിങ്ങളോടുള്ള ബന്ധത്തിൽ എനിയ്ക്കൊന്നും ലജ്ജിക്കുവാനില്ല എന്നതിൽ ഞാനെൻെറ ദൈവത്തിനു് നന്ദിപറയുന്നു. ഞാൻ നിങ്ങറംക്കാക്കെങ്കിലും അല്പമെങ്കിലും ഭാരമായിരുന്നു എന്നു് രഹസ്യമായും പരസ്യമായും ആക്കും ദോഷാരോപണം ചെയ്യാൻ സാധ്യമല്ല ഞാൻ സംസാരിച്ചവ ഒരു വിമർശനമായി ആരും എടുക്കേണ്ട ആവശ്യവുമില്ല എന്നു് ഞാൻ വിശ്വസിക്കുന്നു.

VII 1. മാനുഷികരീതിയിൽ എന്നെ വഴിതെററിയ്ക്കാൻ ചിലർ ആഗ്രഹിച്ചു. എന്നാൽ അരൂപിദൈവത്തിൽനിന്നു വരുന്നതിനാൽ വഴിതെററുന്നില്ല. കാരണം അതെവിടെനിന്നു വരുന്നെന്നും എവിടേയ്ക്കു പോകുന്നെന്നും അതറിയുന്നു. അതു് രഹസ്യങ്ങളെല്ലാം വെളിപ്പെടുത്തുന്നു. ഞാൻ നിങ്ങളോടൊപ്പം ആയിരുന്നപ്പോറം എൻെറ ശബ്ദമുയർത്തി ഞാൻ വിളിച്ചുപറഞ്ഞു—അതു ദൈവസ്വരമായിരുന്നു—"മെത്രാനെയും, വൈദിക ഗണത്തെയും ശെമ്മാശ്ശന്മാരെയും അനുസരിപ്പിൻ" നിങ്ങളിൽ ചിലർ ശീശ്മക്കാരാണെന്നു് എന്നോടു പറയപ്പെട്ടതിനാലാണു് ഞാൻ ഇപ്രകാരം പറഞ്ഞതെന്നു് ചിലർ യഥാർത്ഥത്തിൽ സംശയിച്ചു. എന്നാൽ ഞാനാരുടെ പേക്കൊരു തടവുകാരനായിരിക്കുന്നുവോ, അവൻെറ നാമത്തിൽ ഞാൻ സത്യംപറയുന്നു. യാതൊരു മാനുഷിക വഴിയിലൂടെയുമല്ല ഞാനതു് ഗ്രഹിച്ചതു്. ഈ വാക്കുകളിൽ നിരന്തരം പ്രസംഗിച്ചുകൊണ്ടിരുന്നതു് അരൂപിയാണു്: മെത്രാനെ കൂടാതെ ഒന്നുംതന്നെ ചെയ്യരുതു്. ദൈവത്തിൻെറ ആലയങ്ങളായി നിങ്ങളുടെ ശരീരങ്ങളെ സൂക്ഷിക്കുവിൻ. ഐക്യത്തെ വിലമതിക്കുവിൻ; ശീശ്മയിൽ

www.malankaralibrary.com



നിന്നോടിയകലുവിൻ. യേശുക്രിസ്തു തന്റെ പിതാവിനെയെന്നവണ്ണം നിങ്ങൾ അവനെ അനുകരിക്കുവിൻ.

VIII 1. ഐക്യത്തിനായി സമർപ്പിക്കപ്പെട്ടിരുന്ന ഒരുവനേപ്പോലെ എന്റെ കഴിവനുസരിച്ച് ഞാൻ ചെയ്തു. ശീശ്മയും ദ്വേഷങ്ങളും ഉള്ളിടത്ത് ദൈവത്തിന് സ്ഥാനമില്ല. അനുതപിക്കുന്ന എല്ലാവരോടും—അതായത് അവരുടെ അനുതാപം അവരെ ദൈവികൈക്യത്തിലേക്കും മെത്രാന്റെ സഭയിലേക്കും കൊണ്ടുവരുന്നെങ്കിൽ—നാഥൻ ക്ഷമിക്കുന്നു. യേശുക്രിസ്തുവിന്റെ കൃപാവരത്തിൽ ഞാനെന്റെ ആശ്രയം വയ്ക്കുന്നു. അവൻ നിങ്ങളെ എല്ലാബന്ധനങ്ങളിൽനിന്നും മോചിപ്പിക്കും.

2. നിങ്ങൾ കക്ഷിതിരിഞ്ഞൊന്നും ചെയ്യാതെ, ക്രിസ്തുവിന്റെശിഷ്യരെപ്പോലെവ്യാപരിക്കുവാൻഞാൻനിങ്ങളെ ഉദ്ബോധിപ്പിക്കുന്നു. ചിലർ പറയുന്നതുകേട്ടു: "മൂലരേഖകളിൽ കാണുന്നില്ലെങ്കിൽ, സുവിശേഷത്തിൽ ഞാനതു് വിശ്വസിക്കുന്നില്ല". അപ്പോൾ ഞാൻ മറുപടികൊടുത്തു. "എന്നാലതു് അവിടെ എഴുതപ്പെട്ടിട്ടുണ്ടല്ലോ". അവർ തിരിച്ചടിച്ചു: "അതാണ് യഥാർത്ഥ പ്രശ്നം". എന്റെ മനസ്സിൽ യേശുക്രിസ്തുവാണ് മൂലരേഖകൾ. അലംഘനീയമായ രഹസ്യരേഖകൾ, അവന്റെ കുരിശും മരണവും, ഉയർപ്പും അവനാൽവന്ന വിശ്വാസവുമാണ്. ഇവയാലും നിങ്ങളുടെ പ്രാർത്ഥനകളാലുമത്രേ ഞാൻ നീതികരിക്കപ്പെടേണ്ടതു്,

IX 1. പുരോഹിതൻ ശ്രേഷ്ഠനത്രേ. എന്നാൽ അതിവിശുദ്ധസ്ഥലത്തിന്റെ ചുമതല ഏല്പിക്കപ്പെട്ടിരിക്കുന്ന മഹാപുരോഹിതൻ (ക്രിസ്തു) അതിശ്രേഷ്ഠനാണ്. ദൈവിക രഹസ്യങ്ങൾ അവന് മാത്രമാണ് ഭരമേല്പിക്കപ്പെട്ടതു്. അവനാണ് പിതാവിലേക്കുള്ള വാതിൽ. അതിലൂടെ അബ്രഹാം ഇസഹാക്ക്, യാക്കോബ്, പ്രവാചകന്മാർ, ശ്ലീഹന്മാർ എന്നിവരും സഭയും പ്രവേശിക്കുന്നു. ഇവക്കെല്ലാം ദൈവത്തിന്റെ ഐക്യത്തിൽ സ്ഥാനമുണ്ട്.

2. എന്നാൽ സുവിശേഷത്തിനൊരു പ്രത്യേകസ്ഥാനമുണ്ട്—നമ്മുടെ രക്ഷകനായ യേശുക്രിസ്തുവിന്റെ വരവിനും പീഡാനുഭവത്തിനും ഉയർപ്പിനും എന്നാണ് ഞാനർത്ഥമാക്കുന്ന

www.malankaralibrary.com



ത്ത്—പ്രിയംകരരായ പ്രവാചകർ അതു് വിളിച്ചറിയിച്ചു; സുവിശേഷമാണു് എന്നേക്കുമുള്ള മഹത്വമേറിയ നേട്ടം. നി ങ്ങഠം സ്നേഹത്തിലുള്ള വിശ്വാസം മുറുകെപിടിക്കുമെങ്കിൽ ഈ കാര്യങ്ങളെയെല്ലാം ഒന്നിച്ചു് എടുക്കുമ്പോഠം, അതാതിന്റെ വി ലയുണ്ടു്.

X 1. നിങ്ങളുടെ പ്രാർത്ഥനയാലും നിങ്ങഠംക്കു് യേശു ക്രിസ്തുവിൽ എന്നോടുള്ള സ്നേഹത്താലും, സിറിയായിൽ അ ന്ത്യോക്യായിലെ സഭയിൽ സമാധാനമാണെന്നവാർത്ത എനി ക്കു് ലഭിച്ചു. ഈ സാഹചര്യത്തിൽ ദൈവത്തിന്റെ സഭയെ ന്നുള്ള നിലയ്ക്കു് നിങ്ങളെല്ലാവരും ഒരു ശെമ്മാശ്ശനെ തിരഞ്ഞെ ടുത്തു് ദൈവത്തിന്റെ പ്രതിനിധിയായി അവിടേയ്ക്കയയ്ക്കുക അ വൻ ഒരു പൊതുചടങ്ങിൽ അവരെ അഭിനന്ദിക്കുകയും നാമ ത്തെ മഹത്വപ്പെടുത്തുകയും ചെയ്യുക എന്നതു് ഒരു നല്ലകാര്യമാ യിരിക്കും.

2. ഈ സേവനത്തിനു് ഭാഗ്യം ലഭിക്കുന്നവൻ യേശുക്രി സ്തുവിന്റെ അനുഗ്രഹം പ്രാപിക്കും, നിങ്ങളും മഹത്വീകരി ക്കപ്പെടും. ദൈവമഹത്വത്തിനായി ഇതു് ചെയ്വാൻ യഥാർത്ഥ മായി നിങ്ങഠം ആഗ്രഹിക്കുന്നെങ്കിൽ അസാധ്യകാര്യമല്ല. അടു ത്തുള്ള സഭകഠം ഇതിനകം മെത്രാന്മാരെ അയച്ചുകഴിഞ്ഞു; മററു ചിലർ വൈദികരെയും ശെമ്മാശ്ശന്മാരെയും.

XI 1. ഇനിയും കിലിക്യയിൽനിന്നുള്ള ശെമ്മാശ്ശനായ ഫീലോയെപ്പററി: അവനെപ്പററി എല്ലാവരും നന്നായിട്ടാണു് സംസാരിക്കുന്നതു്. ഈ ലോകത്തോടു് യാത്രപറഞ്ഞു്, സിറി യ മുതൽ എന്നെ അനുയാത്രചെയ്യുന്ന തിരഞ്ഞെടുക്കപ്പെട്ടവനാ യ Rheus Agathopus-നൊപ്പം ദൈവകാര്യത്തിനുവേണ്ടി അ വൻ എന്നെ സഹായിച്ചുകൊണ്ടിരിക്കുകയാണു്. അവർ നിങ്ങ ളെപ്പററിനന്നായി സംസാരിക്കുന്നു. നമ്മുടെ കർത്താവു് നിങ്ങ ളോടെന്നവണ്ണം നിങ്ങഠം അവരെ സ്വീകരിച്ചതിനാൽ ഞാൻ ദൈവത്തിനു നന്ദിപറയുന്നു, അവരെ നിന്ദിച്ചവർ യേശുക്രി സ്തുവിന്റെ കൃപാവരത്താൽ രക്ഷപ്രാപിക്കുമെന്നു് ഞാൻ ക രുതുന്നു,

www.malankaralibrary.com



2. ത്രോവാസിലുള്ള സഹോദരന്മാർ അവരുടെ സ്നേഹവും ആശംസകളും നിങ്ങാംക്ക് അയയ്ക്കുന്നു. Burrhus വഴി അവിടെ നിന്നാണ് ഞാനീ കത്തയയ്ക്കുന്നതു്. എഫേസ്യയും സ്മിർണാക്കാരും അവനെ എന്റെ കൂടെ അയച്ചുകൊണ്ടു് എന്നെ ബഹുമാനിച്ചു. അതിനുപകരം അവരെയും യേശുക്രിസ്തു ബഹുമാനിക്കും. അവനിലാണ് അവർ ശരീരത്തിലും ആത്മാവിലും, അരൂപിയിലും, വിശ്വാസത്തിലും, സ്നേഹത്തിലും ഏക മനസ്സിലും ഉള്ള പ്രത്യാശവച്ചിരിക്കുന്നതു്. നമ്മുടെ പൊതുപ്രത്യാശയായ യേശുക്രിസ്തുവിൽ ആശംസകാം.

www.malankaralibrary.com

# സ്മീർണാക്കാർക്ക്.

(സ്മീർണായിൽവച്ച് ഡോസെററിസത്തെ നേരിൽ കണ്ടറിയാൻ ഇഗ്നേഷ്യസിനു് കഴിഞ്ഞു. ഇതു് സഭയ്ക്കു് ഒരു വലിയ കെണിയെന്നു് ഗ്രഹിച്ച ഇഗ്നേഷ്യസ് വീണ്ടും ക്രിസ്തുവിന്റെ പീഡാനുഭവവും മരണവും ഉയിർപ്പും ഉറക്കെ പ്രഖ്യാപിക്കുകയാണിവിടെയും. 'കത്തോലിക്കാ സഭ' എന്ന പ്രയോഗം ആദ്യമായി കാണുന്നതിവിടെയാണു് (8, 2)

ഏഷ്യയിൽ, സ്മീർണായിലുള്ള സഭയ്ക്കു്: പിതാവായ ദൈവത്തിന്റെയും പ്രിയംകരനായ യേശുക്രിസ്തുവിന്റെയും സഭയ്ക്കു്:

ദൈവവാഹകനായ ഇഗ്നേഷ്യസിൽനിന്നു്: ദൈവവചനത്തിലും പൂർണ്ണആത്മാർത്ഥതയിലും ഹൃദയംഗമമായ ആശംസകൾ!

ദൈവകൃപയാൽ നിങ്ങൾ എല്ലാ ദാനങ്ങളും സ്വീകരിച്ചവരാണു്; നിങ്ങൾ സ്നേഹത്തിലും വിശ്വാസത്തിലും വർദ്ധിച്ചിരിക്കുന്നു: നിങ്ങൾ ഒരു ദാനത്തിലും കുറവുള്ളവരുമല്ല; നിങ്ങൾ ദൈവത്തിനും, തന്റെ യഥാർത്ഥ വിശുദ്ധർക്കും ഒരു വലിയ നേട്ടംതന്നെയാണു്.

1. നിങ്ങൾക്കു് ധാരാളം ജ്ഞാനംതന്ന ദൈവമായ യേശുക്രിസ്തുവിനെ ഞാൻ പുകഴ്ത്തുന്നു. കുലുങ്ങാത്ത വിശ്വാസത്താൽ ഉറപ്പിക്കപ്പെട്ടവരും, കർത്താവായ യേശുക്രിസ്തുവിന്റെ കുരിശിനോടു് ആത്മശരീരങ്ങളോടെ ബന്ധിതരും, യേശുക്രിസ്തുവിന്റെ രക്തത്താൽ സ്നേഹത്തിൽ വേരുറപ്പിക്കപ്പെട്ടവരുമാണു് നിങ്ങളെന്നു് ഞാൻ കണ്ടിരിക്കുന്നു. നമ്മുടെ കർത്താവിനെ സംബന്ധിച്ചും, മാനുഷികവശത്തു് അവൻ യഥാർത്ഥമായി ദാവീദിന്റെ വംശത്തിൽനിന്നുണ്ടായി എന്നും, ദൈവത്തിന്റെ ഇഷ്ടത്താലും അധികാരത്താലും യഥാർത്ഥമായി ദൈവപുത്രനാണെന്നും സത്യമായി എല്ലാ നീതിയും അവനിൽ പൂർത്തീകരിക്കപ്പെടാനായി കന്യകയിൽനിന്നു പിറന്നെന്നും, യോഹന്നാനാൽ സ്നാനപ്പെട്ടെന്നും, പൊന്തിയോസ് പീലാത്തോസിന്റെയും നാലാംകുറധികാരി ഹേറോദിന്റെയുംകീഴിൽ നമ്മുക്കുവേണ്ടി ശരീരത്തിൽ സത്യമായി ക്രൂശിതനായെന്നും നിങ്ങൾ ഉറപ്പായി വിശ്വസിക്കുന്നവരാണു്. അവന്റെ കഷ്ടാനുഭവത്തിൽനിന്നുണ്ടായ ഫലത്തിന്റെ ഭാഗമാണു് നാം. തന്റെ സഭയാകുന്ന ഏക ശരീരത്തിൽ വിശുദ്ധരെയും വിശ്വാസികളെയും (യൂദനായാലും വിജാതീയനായാലും) എന്നേക്കുമായി അണിനിരത്താൻ അവന്റെ ഉയർപ്പാൽ അവനൊരു പതാക ഉയർത്തി.

www.malankaralibrary.com



2.. നമുക്കുവേണ്ടി, നമ്മെ രക്ഷിക്കാൻവേണ്ടിയാണവൻ ഇവയെല്ലാം സഹിച്ചതു്. അവൻ യഥാർത്ഥമായി ഉയിർത്തെഴുന്നേററതുപോലെ, സത്യമായി കഷ്ടപ്പെട്ടു. ചില അവിശ്വാസികൾ കല്പിക്കുന്നതുപോലെ പീഡാനുഭവം ഒരു കാപട്യമല്ല. അവരാണു് വാസ്തവത്തിൽ നാട്യക്കാർ. അവരുടെ വിധി, അവരുടെ ചാപല്യത്തിനനുസരിച്ചായിരിക്കും—അവർ ഭൂതങ്ങളായും വിശാചുക്കളായും തീരും !

3. എന്നെ സംബന്ധിച്ചു്, ഉയർപ്പിനുശേഷവും അവൻ ശരീരത്തിലായിരുന്നു എന്നു് ഞാൻ വിശ്വസിക്കുകയും, ഉറപ്പായി കരുതുകയും ചെയ്യുന്നു. അവൻ പത്രോസിന്റെയും അവന്റെ സുഹൃത്തുക്കളുടേയും പക്കലെണഞ്ഞപ്പോൾ അവരോടു് പറഞ്ഞു: എന്നെ പിടിച്ചുനോക്കുവിൻ, സ്പർശിക്കുവിൻ ഞാൻ ശരീരശൂന്യനായ ഭൂതമല്ലെന്നു് കാണുവിൻ. അവരുടനെ സ്പർശിക്കുകയും അവന്റെ ശരീരവും അവന്റെ ശ്വാസംതന്നെയും ഗ്രഹിച്ചു് അവനിൽ ഉറപ്പായി വിശ്വസിക്കുകയുംചെയ്തു. ഇക്കാരണത്താൽ അവൻ മരണത്തെ അവഹേളിക്കയും അതിന്റെ ജേതാക്കളായി തീരുകയുംചെയ്തു. അരൂപിയിൽ പിതാവിനോടു് യോജിച്ചിരുന്നെങ്കിലും, ഉയർപ്പിനുശേഷം അവൻ ഒരു യഥാർത്ഥ മനുഷ്യജീവിയെപ്പോലെ അവരോടൊത്തു് ഭക്ഷിക്കയും കുടിക്കുകയും ചെയ്തു,

4. i) നിങ്ങളെന്നോടു് യോജിക്കുമെന്നു് എനിക്കു് നന്നായറിയാമെങ്കിലും, എന്റെ സുഹൃത്തുക്കളേ, നിങ്ങളെ ഈ കാര്യങ്ങൾ ഞാൻ ഉദ്ബോധിപ്പിക്കുന്നു. എന്നാൽ മനുഷ്യരൂപത്തിൽ ഉള്ള ക്രൂരമൃഗങ്ങൾക്കെതിരായി ഞാൻ നിങ്ങൾക്കു് മുന്നറിയിപ്പുതരികയാണു്, അവരെ സ്വീകരിക്കരുതെന്നുമാത്രമല്ല, സാദ്ധ്യമെങ്കിൽ അവരെ കാണുന്നതിൽനിന്നുതന്നെ ഒഴിഞ്ഞുമാറുക. കഠിനരായ അവർ എങ്ങനെയും അനുതപിക്കാൻ നിങ്ങൾ അവർക്കുവേണ്ടി പ്രാർത്ഥിക്കുകമാത്രംചെയ്യു. നമ്മുടെ യഥാർത്ഥ ജീവനായ യേശുക്രിസ്തുവിനു് അതിനും കഴിവുണ്ടു്.

ii നമ്മുടെ കർത്താവു് ചെയ്തതു് നാട്യമായിരുന്നെങ്കിൽ, എന്റെ വിലങ്ങുകളും അപ്രകാരംതന്നെ. ഞാൻ പിന്നെ എന്തിനു് എന്നെത്തന്നെ മരണത്തിനും, അടിക്കും, വാളിനും, വന്യമൃഗങ്ങൾക്കും ഏല്പിച്ചുകൊടുത്തു? വാളിനടുത്തെന്നാൽ, ദൈവത്തിനടുത്തു് എന്ന കാരണത്താൽതന്നെ, വന്യമൃഗങ്ങളോടുകൂടിയെന്നാൽ, ദൈവത്തോടുകൂടെ എന്നർത്ഥം. എന്നാലിവയെല്ലാം യേശുക്രിസ്തുവിന്റെ നാമത്തിലായിരിക്കണമെന്നുമാത്രം.

അവന്റെ പീഡാനുഭവത്തിൽ പങ്കുകാരാകാൻ' ഞാനിവകയിലെല്ലാംകൂടി കടന്നുപോകുന്നു. പരിപൂർണ്ണമനുഷ്യനായി തീർന്നവൻ എനിക്കു് ശക്തിതരും.

5, i) എന്നാൽ ചിലർ അവരുടെ അജ്ഞതയാൽ അവനെ നിഷേധിച്ചുപറയുന്നു—അവർ സത്യത്തേക്കാൾ മരണം പ്രചരിപ്പിക്കുന്നതി

www.malankaralibrary.com



നാൽ, അവർ അവനാൽ നിഷേധിക്കപ്പെട്ടു. പ്രവാചകരും മോശയുടെ നിനമവും അവരെ ബോദ്ധ്യം വരുത്തുന്നതിൽ പരാജയപ്പെട്ടു—സുവിശേഷവും നമ്മളോരുത്തരുടെയും കഷ്ടതകളും അവരെ ബോദ്ധ്യപ്പെടുത്തിയില്ല. കാരണം, അവർ നമ്മുടെ കഷ്ടതകളെ ക്രിസ്തുവിൻേറതുപോലെ ഗണിക്കുന്നു. ii) ആരെങ്കിലും എന്നെ പുകഴ്ത്തുകയും അതേസമയം എൻെറ കർത്താവ് ജീവനുള്ള ശരീരത്തിൽ ചുററിനടന്നു എന്ന് സമ്മതിക്കാതിരുന്ന് എൻെറ നാഥനെ നിന്ദിക്കുകയും ചെയ്താൽ എനിയ്ക്ക് എന്ത് നന്മയാണ് ചെയ്യുന്നത്. ഇതു നിഷേധിക്കുന്നവർ അവനെ പൂർണ്ണമായി തള്ളി പറയുകയും ഒരു ശവം ചുമന്നുകൊണ്ട് നടക്കുകയുമത്രേ ചെയ്യുന്നത്.

iii) അവരവിശ്വാസികളായതിനാൽ, അവരുടെ പേരുപോലും ഞാൻ കുറിക്കുന്നില്ല. നമ്മുടെ ഉത്ഥാനമായ പീഡാനുഭവം അവർ അംഗീകരിക്കയും അനുതപിക്കയും ചെയ്യാത്തിടത്തോളംകാലം അവരെ തിരികെ വിളിയ്ക്കുന്ന പ്രശ്നമേയില്ല.

6. ആരും നിങ്ങളെ വഴിതെററിക്കാതിരിപ്പാൻ സൂക്ഷിക്കുവിൻ. സ്വർഗ്ഗവാസികളാകട്ടെ, മാലാഖമാരുടെ ശോഭയാകട്ടെ, ദൃശ്യാദൃശ്യങ്ങളായ അധികാരികളാകട്ടെ, ക്രിസ്തുവിൻെറ രക്തത്തിൽ വിശ്വസിക്കുന്നതിൽ പരാജയപ്പെട്ടാൽ, അവരും നശിച്ചതുതന്നെ. '' കഴിവുള്ളവൻ സ്വീകരിക്കട്ടെ'' ആരുടെയും സ്ഥാനം അവനു തലക്കനം കൂട്ടാതിരിക്കട്ടെ. കാരണം വിശ്വാസവും സ്നേഹവുമാണെല്ലാം—അതിൽ ശ്രേഷ്ഠമായൊന്നുമില്ല.

ii) നമ്മുടെ പക്കലേക്കണഞ്ഞ യേശുക്രിസ്തുവിൻെറ കൃപയെയെ സംബന്ധിച്ച് തെററായ ആശയം ഉള്ളവരെ കൃത്യമായി സൂക്ഷിച്ച്,

ദൈവചിത്തവുമായി അവർ എത്രമാത്രം അകലത്താണെന്ന് ശ്രദ്ധിക്കുക. അവർ സ്നേഹത്തെ പരിഗണിക്കുന്നതേയില്ല, വിധവകളെയും, അനാഥരെയും, പീഡിതരെയും, തടവുകാരെയും, ജയിൽ വിമുക്തരെയും, വിശപ്പുള്ളവരെയും, ദാഹാർത്തരെയുംപ്പററി അവർക്കൊരു ശ്രദ്ധയുമില്ല.

7. അവർ കർബാനയിൽനിന്നും, പ്രാർത്ഥനാശുശ്രൂഷയിൽനിന്നും അകന്നിരിക്കുന്നു. നമ്മുടെ പാപാർത്ഥം കഷ്ടപ്പെടുകയും തൻെറ നന്മയിൽ പിതാവ് മരിച്ചവരിൽനിന്നുയർപ്പിക്കയും ചെയ്ത നമ്മുടെ രക്ഷകനായ യേശുക്രിസ്തുവിൻെറ ശരീരമാണ് കർബാനയെന്ന് അംഗീകരിക്കാനവർ വിസമ്മതിക്കുന്നു. ദൈവദാനത്തെപ്പററി തർക്കിക്കയും വഴക്കുണ്ടാക്കുകയും ചെയ്യുന്നവർ മരണത്തെ അഭിമുഖീകരിക്കും. അവർ സ്നേഹിക്കയും ഉയർപ്പിൽ പങ്കുകാരാകുകയും ചെയ്യുകയായിരുന്നു അവക്ക് നല്ലത്. അപ്രകാരമുള്ളവരെ ഒഴിഞ്ഞുമാറുകയും അവരെപ്പററി രഹസ്യമായോ പരസ്യമായോ സംസാരിക്കാതിരിക്കയും ചെയ്യുകയാണുത്തമം. പിന്നെയോ,

www.malankaralibrary.com



പ്രവാചകരെയും, അതിലുപരി സുവിശേഷകരെയും ശ്രദ്ധിക്കുവിൻ, അവിടെ പീഡാനുഭവത്തിൻെറ വ്യക്തമായ ചിത്രം നമുക്കു കിട്ടും; ഉയപ്പ്' യഥാത്ഥമായി സംഭവിച്ചു എന്നു' കാണുകയും ചെയ്യും.

8 i) തിന്മയുടെ ഉറവിടമായ ശീശ്'മയിൽ നിന്നോടിയകലുവിൻ യേശുക്രിസ്'തു പിതാവിനെയെന്നവണ്ണം നിങ്ങളെല്ലാവരും മെത്രാനെ അനുസരിക്കണം. അപ്പസ്തോലന്മാരെയെന്നവണ്ണം വൈദികസമൂഹത്തെയനുസരിക്കണം. ദൈവകല്പനയെന്നപോലെ ശെമ്മാശ്ശന്മാരെ ബഹുമാനിക്കണം. മെത്രാൻെറ അംഗീകാരംകൂടാതെ സഭയെ സംബന്ധിക്കുന്നതൊന്നും ആരും ചെയ്യരുതു'. മെത്രാനാലോ, അദ്ദേഹം നിയോഗിക്കുന്നവരാലോ അർപ്പിക്കപ്പെടുന്ന കർമ്പാനമാത്രം സാധുവായി നിങ്ങൾ കണക്കാക്കണം.

ii) യേശുക്രിസ്'തു ഉള്ളിടത്തു' കത്തോലിക്കാ സഭയുണ്ടു'. അതുപോലെ മെത്രാൻ എവിടെ സന്നിഹിതനാണോ, അവിടെ ജനങ്ങൾ (സഭ) ഒന്നിച്ചുകൂടട്ടെ. മെത്രാൻെറ മേൽനോട്ടംകൂടാതെ, സ്നാനമോ, സ്നേഹഭോജനമോ അനുവദനീയമല്ല. മറിച്ചു', അവൻ അംഗീകരിക്കുന്നവയെല്ലാം ദൈവത്തിനും പ്രീതികരമാണു'. ഇങ്ങനെ നിങ്ങൾ ചെയ്യുന്നതെന്തും സാധുവും സുരക്ഷിതവും ആയിരിക്കും.

9. i) അനുതപിക്കാനും ദൈവസമക്ഷം അണയാനും അവസരമുള്ളപ്പോൾ നാം പരിസരബോധമുള്ളവരായി തീന്നാൽ നമുക്കു' നല്ലതു'. ദൈവത്തേയും മെത്രാനേയും അംഗീകരിക്കുക എത്രയോ നല്ല കാര്യമാണു'. മെത്രാനെ ബഹുമാനിക്കുന്നവൻ ദൈവത്താൽ ബഹുമാനിക്കപ്പെടുന്നു. മെത്രാൻെറ അറിവുകൂടാതെ പ്രവത്തിക്കുന്നവൻ, പിശാചിൻെറ സേവനത്തിലാണു'.

ii) ദൈവകൃപയാൽ നിങ്ങൾക്കു' എല്ലാം അതിൻെറ തികവിൽ ലഭിക്കട്ടെ! നിങ്ങളതർഹിക്കുന്നു. നിങ്ങളെന്നെ വളരെയധികം ആശ്വസിപ്പിച്ചു., യേശുക്രിസ്'തുവും നിങ്ങളോടു' അപ്രകാരം ചെയ്യട്ടെ ഞാൻ സന്നിഹിതനായിരുന്നപ്പോഴും അല്ലാത്തപ്പോഴും, നിങ്ങൾ നിങ്ങളുടെ സ്നേഹം എനിക്കുതന്നു. ദൈവം നിങ്ങൾക്കു' പ്രതിസമ്മാനം തരട്ടെ. കാരണം അവനെപ്രതി എല്ലാം നിങ്ങൾ സഹിച്ചാൽ, നിങ്ങൾ അവനെ പ്രാപിക്കും.

10. i) ദൈവമായ ക്രിസ്'തുവിൻെറ ശുശ്രൂഷകരായി ഫീലോയെയും Rheus Agathopus–നെയും സ്വാഗതംചെയ്തതു' നിങ്ങൾക്കുചിതമായി. ദൈവത്തെപ്രതി അവരെന്നെ അനുഗമിച്ചു. നിങ്ങളവരെ വളരെ നന്നായി സൽക്കരിച്ചു എന്നതിൽ നിങ്ങളെപ്രതി അവർ ദൈവത്തിനു' നന്ദി പറയുന്നു. ഇതുമൂലം നിങ്ങൾക്കൊന്നും നഷ്ടപ്പെടില്ലെന്നു' ഞാൻ ഉറപ്പുതരുന്നു.

www.malankaralibrary.com



ii) ഒരു തടവുകാരനായ ഞാൻ, എന്റെ ജീവൻ നിങ്ങൾക്ക സമർപ്പിക്കുന്നു—അത് വില കൂടിയതിനാലല്ല ! നിങ്ങളെന്റെ ചങ്ങലകളെ നിന്ദിച്ചില്ല. അവയെപ്രതി ലജ്ജിച്ചുമില്ല. യേശുക്രിസ്തുവും നിങ്ങളെപ്രതി ലജ്ജിക്കയില്ല. നിങ്ങൾക്ക് നിശ്ശങ്കം അവനെ വിശ്വസിക്കാം.

11. i) സിറിയായിലെ അന്ത്യോക്യസഭവരെ നിങ്ങളുടെ പ്രാർത്ഥനകളെത്തിയിരിക്കുന്നു. അവിടെനിന്ന് പ്രൗഢിയേറിയ ഈ ചങ്ങലകളാൽ ബന്ധിതനായി ഞാൻ വന്നിരിക്കയാണ്. ഞാൻ നിങ്ങൾക്ക് എല്ലാ ആശംസകളും അയയ്ക്കുന്നു. അവരിൽ അവസാനത്തവനായി കാണുന്നതുകൊണ്ട്, ആ സഭയിലെ ഒരംഗമാകാൻ നിശ്ചയമായും ഞാൻ അർഹനല്ല. എങ്കിലും ഈ ഭാഗ്യം എനിക്കുതരാൻ ദൈവം തിരുമനസ്സായി—ഞാൻ സ്വന്തമായി എന്തെങ്കിലും ചെയ്തതിനാലല്ല, പിന്നെയോ, അവന്റെ കൃപയാൽമാത്രം. നിങ്ങളുടെ പ്രാർത്ഥനയാൽ ഞാൻ ദൈവത്തെ പ്രാപിക്കാൻവേണ്ടി, ആ കൃപ അതിന്റെ പൂർണ്ണതയിൽ നൽകപ്പെടണമെന്ന് ഞാനാഗ്രഹിക്കുന്നു.

ii) നിങ്ങളുടെ പെരുമാററം സ്വർഗ്ഗത്തിലും ഭൂമിയിലും പൂർണ്ണമാകുവാനായി, ദൈവനാമത്തിൽ നിങ്ങളുടെ ഒരു പ്രതിനിധിയെ സിറിയയിലേക്കയച്ച് അവനെ ബഹുമാനിക്കണം. ആവർ സമാധാനത്തിൽ വർത്തിക്കുന്നതിനാലും, അവരുടെ ആദ്യസംഖ്യ തിരിച്ചുകിട്ടിയതിനാലും, അവരുടെ പൊതുജീവിതം പുനഃസ്ഥാപിക്കപ്പെട്ടതിനാലും അവൻ അവരെ അഭിനന്ദിക്കണം.

iii) എന്റെ ചിന്തയിൽ, അതാണ് ദൈവം നിങ്ങളിൽനിന്നാവശ്യപ്പെടുന്നത്. ഒരുകത്തോടുകൂടി നിങ്ങളിൽ ഒരുവനെ അയയ്ക്കുക: ദൈവം അവർക്ക നൽകിയ ശാന്തതയിൽ സന്തോഷിക്കുന്നതിന് അവരോട് പങ്കുചേരുക.

നിങ്ങളുടെ പ്രാർത്ഥനയാൽ അവർ ഇപ്പോൾതന്നെ സ്വർഗ്ഗംവരെ എത്തിയിട്ടുണ്ട്. നിങ്ങൾ പൂർണ്ണരാണ്, നിങ്ങളുടെ ഉദ്ദേശങ്ങളും അവികലമായിരിക്കണം. (പരിപൂർണ്ണമായിരിക്കണം) ശരിയായലിട്ടുള്ളത് പ്രവർത്തിക്കാൻ നിങ്ങൾ ആഗ്രഹിക്കുന്നെങ്കിൽ, ദൈവം നിശ്ചയമായും നിങ്ങളുടെ സഹായത്തിനെത്തും.

12. i) ത്രോആസിലെ സഹോദരന്മാർ അവരുടെ സ്നേഹം നിങ്ങൾക്കയയ്ക്കുന്നു. ബൂറുസ്‌വഴി അവിടെ നിന്നാണീ കത്ത് ഞാനയയ്ക്കുന്നത്. അവനെ എന്റെകൂടെ അയയ്ക്കുന്നതുവഴി, നിങ്ങൾ എഫേസ്യാക്കാരായ നിങ്ങളുടെ സഹോദരങ്ങളോട് ചേർന്നിരിക്കുന്നു; അവൻ എന്നെ വളരെ സന്തോഷിപ്പിച്ചു. അവൻ ദൈവശുശ്രൂഷയുടെ ഒരു യഥാർത്ഥ മാതൃകയായതിനാൽ, എല്ലാവരും അവനെപ്പോലെയാകുവാൻ ഞാനാഗ്രഹിക്കുന്നു. അവൻ എനിക്കുചെയ്തുതന്നതിനെല്ലാം ദൈവകൃപ അവന് പ്രതിഫലം നൽകും.

www.malankaralibrary.com



ii) നിങ്ങളുടെ മെത്രാനും (അവൻ ദൈവത്തിനൊരു നേട്ടമാണ്) നിങ്ങളുടെ വിശിഷ്ട വൈദികസമൂഹത്തിനും, എന്റെ സഹ തടവുകാരായ ശെമ്മാശ്ശന്മാർക്കും, നിങ്ങൾക്കെല്ലാവർക്കും, ഓരോരുത്തർക്കും, യേശുക്രിസ്തുവിന്റെ നാമത്തിൽ, അവന്റെ ശരീരത്തിലും രക്തത്തിലും, ശാരീരികവും ജഢീകവുമായ അവന്റെ കഷ്ടാനുഭവത്തിലും, ഉയർപ്പിലും, ദൈവത്തിന്റെയും നിങ്ങളുടെയും ഐക്യത്തിലും, ആശംസകൾ! കൃപയും, ദയയും, ശാന്തിയും, സ്ഥിരതയും എന്നേക്കും നിങ്ങളോടുകൂടെ'

13. i) എന്റെ സഹോദരന്മാരുടെ കുടുംബത്തിനും, വിധവകളോടുകൂടെ എണ്ണപ്പെട്ട കന്യകകൾക്കും എന്റെ ആശംസകൾ! പിതാവിന്റെ ശക്തിയിൽ നിങ്ങളോടന്ത്യയാത്ര പറയുന്നു. എന്നോടുകൂടിയുള്ള ഫിലോ നിങ്ങൾക്കാശംസകളയയ്ക്കുന്നു.

ii) തവിയായുടെ കുടുംബത്തിന് വന്ദനം, വിശ്വാസത്തിലും, സ്നേഹത്തിലും അവൾ ബലവത്തായും, പൂർണ്ണമായും ഉറപ്പിക്കപ്പെടാൻ ഞാനാഗ്രഹിക്കുന്നു! എനിക്ക് വളരെയധികം നന്മചെയ്ത ആൽസിന് ആശംസകൾ! അനുകരണീയനായ Daphnus-നും Eutecnus-ം നിങ്ങൾക്കോരോരുത്തർക്കും വന്ദനം. ദൈവകൃപയിൽ സ്വസ്തി!

# പോളികാർപ്പിന്.

സ്മിർണായിലെ സഭയിലെ മെത്രാനായ പോളികാർപ്പിന്: പിതാവായ ദൈവവും കർത്താവായ യേശുക്രിസ്തുവും ആർക്ക് മെത്രാനായുണ്ടോ അവന്:

ദൈവവാഹകനായ ഇഗ്നേഷ്യസിൽനിന്ന്:
ഹൃദയംനിറഞ്ഞ ആശംസകൾ!

(സ്മിർണായിലെ സഭയ്ക്കെഴുതിയകൂട്ടത്തിൽ അവിടത്തെ ബിഷപ്പായ പോളികാർപ്പിനും ഇഗ്നേഷ്യസ് കത്തെഴുതുകയുണ്ടായി. പോളികാർപ്പ് ഇഗ്നേഷ്യസിന് വലിയ ഒരു സ്വീകരണം നൽകി, പോളികാർപ്പ് ഈ കത്ത് ഒരമൂല്യ നിക്ഷേപമായി കരുതി.

1. i) ഉറച്ച പാറമേലെന്നവണ്ണം ഉറപ്പിക്കപ്പെട്ട അവിടുത്തെ ദിവ്യമനസ്സിനാൽ ഞാനാകൃഷ്ടനായതോടൊപ്പം പരിശുദ്ധമായ തിരുമുഖം ദർശിക്കുവാനുള്ള ഭാഗ്യം സിദ്ധിച്ചതിൽ ഞാൻ ഏറ്റം നന്ദിയുള്ളവനാണ്.

www.malankaralibrary.com



ii) ഞാനൊരിക്കലും മറക്കാതിരിക്കാൻ ദൈവം കൃപ നൽകട്ടെ! നീ ധരിച്ചിട്ടുള്ള കൃപയാൽ, നിൻെറ ഓട്ടം ഓടുകയും നയിക്കപ്പെടാൻ എല്ലാവരേയും പ്രേരിപ്പിക്കുകയും ചെയ്യാൻ ഞാൻ നിന്നെ നിർബന്ധിക്കുന്നു. നിൻെറ സ്ഥാനത്തിൻെറ ആദ്ധ്യാത്മികവും ഭൗതീകവുമായ വശങ്ങളിൽ, നിൻെറ മുഴുവൻ ശ്രദ്ധ ചെലുത്തി, നിൻെറ സ്ഥാനം സ്ഥാപിക്കുക. ഐക്യം നിൻെറ ചിന്താവിഷയമായി തെരഞ്ഞെടുക്കുക. അതിലുപരിയൊന്നുമില്ല. കർത്താവു നിന്നോടുചെയ്യുന്നതുപോലെ എല്ലാവർക്കും സഹായഹസ്തംനീട്ടിക്കൊടുക്കുക. നീ ചെയ്യുന്നതുപോലെ, സ്നേഹത്തിൽ എല്ലാവരോടും ക്ഷമയോടിരിക്കുക. iii) നിരന്തരപ്രാർത്ഥനയ്ക്കായി നിന്നെത്തന്നെ നീക്കിവയ്ക്കുക. വർദ്ധമാനമായ ആത്മജ്ഞാനത്തിനായി അപേക്ഷിക്കുക. നിൻെറ അരൂപിയെ ഉണർത്തി, എപ്പോഴും കരുതലുള്ളവനായിരിക്കുക. ദൈവം ചെയ്യുന്നതുപോലെ, നീ സംസാരിക്കുന്നവരിൽ വ്യക്തിപരമായി താല്പര്യം കാണിക്കുക. പൂർണ്ണരൂപത്തിലുള്ള കായികാഭ്യാസിയെപോലെ, എല്ലാവരുടേയും രോഗങ്ങളെ വഹിക്കുക. വലിയ അദ്ധ്വാനത്തിന് വലിയ കൂലി. (അദ്ധ്വാനത്തിനനുസരിച്ചാണല്ലോ പ്രതിഫലം) ലഭിക്കും.

2. നീ നല്ല ശിഷ്യരിൽമാത്രം തൽപരനെങ്കിൽ അതു നിനക്ക് ഒരു ശ്രേഷ്ഠതയല്ല മറിച്ച് നിൻെറ ശാന്തതയാൽ, ശല്യപ്പെടുത്തുന്നവരെ കീഴടക്കുക ഒരേ പ്ലാസ്റ്റർകൊണ്ട് എല്ലാ മുറിവും സുഖപ്പെടുത്തില്ലല്ലോ. വേദനയുടെ വികാരമൂർച്ചയെ കുഴമ്പുകൊണ്ടും മാററുക. ii) എല്ലാ സാഹചര്യത്തിലും സർപ്പത്തേപ്പോലെ വിവേകിയായിരിക്കുകയും, എപ്പോഴും പ്രാവിനെപ്പോലെ നിരുപദ്രവിയും ആയിരിക്കുക. ഈ ദൃശ്യലോകത്തിൻെറ പ്രീതി നേടുവാനാണ് നിനക്ക് ജന്മത്തോടൊപ്പം ശരീരമുള്ളത്, എന്നാൽ നിനക്കദൃശ്യമായ വെളിപാടുകളുണ്ടാകുവാൻ പ്രാർത്ഥിക്കുക. അങ്ങനെ ഒന്നിനും കുറവില്ലാതെ നീ എല്ലാ ദാനങ്ങളിലും തികവുള്ളവനായിരിക്കും. കപ്പിത്താന്മാർക്ക് കാററും, കൊടുങ്കാററിനാൽ ഉലഞ്ഞ നാവികനു്; iii) തുറമുഖംപോലെ, ഈ കാലത്തിന് നിന്നെപ്പോലെയുള്ളവരെ വളരെ ആവശ്യമാണ്. നിൻെറ സഹായത്താൽ നാം ദൈവത്തെ പ്രാപിക്കും. ദൈവത്തിൻെറ കായികാഭ്യാസിയെപ്പോലെ സമചിത്തനായിരിക്കുക. (അക്ഷോഭ്യനായിരിക്കുക) നീ അറിയുന്നതുപോലെ അതിൻെറ പ്രതിഫലം അമർത്ത്യതയും, നിത്യജീവനമാണല്ലോ. നീ ചുംബിച്ച എൻെറ ചങ്ങലകളാൽ ബന്ധിതനായി, ഞാൻ എന്നെത്തന്നെ പൂർണ്ണമായി നിനക്കുതരുന്നു — വില കുറഞ്ഞൊരു ബലിയാണെങ്കിലും.

3. വിശ്വാസയോഗ്യത ഉണ്ടെന്നു നടിക്കുകയും പാഷാണ്ഡത പഠിപ്പിക്കുകയും ചെയ്യുന്നവരെപ്രതി നീ വെപ്രാളം പിടിക്കരുത്. കൂടത്തിനടിയിൽ അടകല്ലു കണക്കെ നീ ഉറച്ചു നിൽക്കുക. വലിയൊരു കായികാഭ്യാസി, വിജയിക്കാൻ വളരെയധികം സഹിച്ചേ പററൂ. ദൈവത്തെ

www.malankaralibrary.com



പ്രതി നാമെല്ലാം സഹിച്ചാൽ, അവനും നമ്മോട് ക്ഷമിക്കും. ii) നീ കാണിക്കുന്നതിലുപരി താൽപര്യം കാണിക്കുക, കാലം പരിഗണിക്കണം. കാലാതിതനും, കാലരഹിതനും, അദൃശ്യനുമായ ഏകനെപ്പററി ശ്രദ്ധിക്കുക. അവൻ നമുക്കുവേണ്ടി ദൃശ്യനായി. സ്പർശനത്തിനും സഹനത്തിനും അതീതനായ അവൻ നമുക്കുവേണ്ടി സഹനത്തിനധീതനാകുകയും നമുക്കുവേണ്ടി എല്ലാം സഹിക്കുകയുംചെയ്തു.

4. വിധവകളെ വിഗണിക്കരുത്. കത്താവു കഴിഞ്ഞാൽ നീയായിരിക്കണം അവരുടെ സംരക്ഷകൻ. നിന്നെക്കൂടാതൊന്നും ചെയ്യുവാൻ നീ അനുവദിക്കരുത്. ദൈവത്തെക്കൂടാതൊന്നും ചെയ്യുവാനിടയാകരുത്, യഥാത്ഥത്തിൽ നീ അങ്ങനെയൊന്നും പ്രവത്തിക്കാത്തതുപോലെതന്നെ. ii) ഉറച്ചുനിൽക്കുക. കൂടെക്കൂടെ സ്തോത്രശുശ്രൂഷകൾ നടത്തുക. ഓരോരുത്തരെ പേരുപറഞ്ഞു തിരക്കണം. iii) അടിമകളായ പുരുഷന്മാരോടും പെൺകുട്ടികളോടും പുച്ഛമായി പെരുമാററരുത്. അവർ നിർമര്യാദരായി വളരാനും പാടില്ല. പ്രത്യുത അവർ ദൈവത്തിൽനിന്നു ഉപരിയായ സ്വാതന്ത്ര്യം കരസ്ഥമാക്കാൻ, ദൈവമഹത്വത്തിനായി അവർ കൂടുതൽ ഭക്തിപരമായ സേവനത്തിനു സമർപ്പിക്കണം. അവർ സ്വാത്ഥവികാരങ്ങളുടെ അടിമകളാണെന്നുതെളിയിക്കപ്പെടാതിരുപ്പാൻ, സമൂഹത്തിൻെറ മറവിൽ അവരുടെ സ്വാതന്ത്ര്യപ്രാപ്തിക്കായി അവർ അമിതോൽകണ്ഠരായിരിക്കരുത്.

5. i) ഇപ്രകാരമുള്ള ദൂഷിച്ച സമ്പ്രദായങ്ങളിൽനിന്നു ഓടിയകലണം. അതിലുപരിയായി പ്രസംഗിക്കണം.

കത്താവിനെ സ്നേഹിക്കാനും അവരുടെ ഭത്താക്കന്മാരോടു സന്തുഷ്ടരായി വത്തിക്കുവാനും നിൻെറ സഹോദരിമാരോടു പറയണം. കത്താവു സഭയെ സ്നേഹിക്കുന്നതുപോലെ ഭാര്യമാരെ സ്നേഹിക്കാൻ യേശുക്രിസ്തുവിൻെറ നാമത്തിൽ എൻെറ സഹോദരന്മാരെ ഉൽബോധിപ്പിക്കുക. കത്താവിൻെറ ശരീരത്തോടുള്ള ബഹുമാനാത്ഥം ശുദ്ധതയിൽ ജീവിക്കുവാൻ ആക്കെങ്കിലും കഴിയുമെങ്കിൽ അവൻ ആത്മപ്രശംസകൂടാതെ അപ്രകാരം ചെയ്യട്ടെ. അവൻ വമ്പുപറഞ്ഞാൽ അവനതു നഷ്ടപ്പെട്ടതുതന്നെ. അവൻ മെത്രാനേക്കാൾ വളരെയധികം ബഹുമാനിക്കപ്പെട്ടന്നെങ്കിൽ, അവൻെറ ശുദ്ധത നഷ്ടമായതിനു സമമാണു്. വിവാഹിതരാകുന്ന സ്ത്രീ പുരുഷന്മാർ മെത്രാൻെറ അംഗീകാരത്തോടെ യോജിപ്പിക്കപ്പെടുക എന്നതു നല്ല കാര്യമാണു്. അങ്ങനെ അവരുടെ വിവാഹം ദൈവേഷ്ടത്തെ അല്ലാതെ, വിഷയാസക്തിയുടെ പ്രേരണകളെ അനുസരിക്കുന്നതായിരിക്കുകയില്ല. എല്ലാം ദൈവമഹത്വത്തിനു യോജിച്ച വിധത്തിൽചെയ്യണം.

6. ദൈവം നിന്നെ ശ്രദ്ധിപ്പാൻ നീ മെത്രാനെ അനുസരിക്കണം. മെത്രാനും, വൈദികർക്കും, ശെമ്മാശ്ശന്മാക്കും വിധേയരായിരിക്കുന്നവക്കുവേണ്ടി ഞാൻ എൻെറ ജീവനെ ഒരു യാഗമായി കൊടുക്കുന്നു. അവരോടു

www.malankaralibrary.com



കൂടി ഞാനും ദൈവികപ്രതിഫലത്തിന്റെ പങ്കുകൊള്ളട്ടെ. നിങ്ങളുടെ കട്ട
ത്ത പരിശീലനം ഒന്നിച്ചു പങ്കിടുവിൻ—ദൈവത്തിന്റെ കാര്യവിചാരക
രെപ്പോലെയും, കരം പിരിക്കുന്നവരെപ്പോലെയും, സഹായികളെപ്പോ
ലെയും ഒന്നിച്ചു പോരാടുവിൻ, ഒന്നിച്ചോടുവിൻ, ഒന്നിച്ചു് സഹിക്കു
വിൻ, ഒന്നിച്ചുറങ്ങാൻ പോകുവിൻ, ഒന്നിച്ചെഴുന്നേൽക്കുവിൻ. ii) ആ
രുടെ നിരയിൽ നിങ്ങൾ സേവനമനുഷ്ഠിക്കുകയും പ്രതിഫലം വാങ്ങുക
യും ചെയ്യുന്നുവോ അവനു് സംതൃപ്തി കൊടുക്കുവിൻ, നിങ്ങളിലാരും ഒ
ളിച്ചോടുന്നവനായി തെളിയിക്കപ്പെടരുതു്. നിങ്ങളുടെ സ്നാനം നിങ്ങളു
ടെ കരങ്ങളായിരിക്കട്ടെ. നിങ്ങളുടെ വിശ്വാസം നിങ്ങളുടെ പടത്തൊ
പ്പിയും. നിങ്ങളുടെ സ്നേഹം നിങ്ങളുടെ കുന്തവും നിങ്ങളുടെ സഹനം നി
ങ്ങളുടെ പടച്ചട്ടയുമായിരിക്കട്ടെ. നിങ്ങളുടെ പ്രവർത്തനങ്ങൾ നിങ്ങളുടെ
നിക്ഷേപമായിരിക്കട്ടെ. കാലക്രമത്തിൽ നിങ്ങൾക്കു് ധാരാളമായി തി
രിച്ചുകിട്ടാൻവേണ്ടി ദൈവം നിങ്ങളോടെന്നവണ്ണം പരസ്പരം ക്ഷമയുള്ളവ
രും ശാന്തരുമായിരിക്കുവിൻ,നിങ്ങളെക്കുറിച്ചു് ഞാനെപ്പോഴും സന്തോഷി
ക്കട്ടെ.

7. നിങ്ങളുടെ പ്രാർത്ഥനകളാൽ സിറിയായിൽ അന്തോക്യായിലെ
സഭയിൽ സമാധാനമാണെന്ന വാർത്ത എനിക്കു കിട്ടുകയുണ്ടായി. അതു
വഴി ഞാൻ നവശക്തിയാർജ്ജിച്ചു: ദൈവത്തിലാശ്രയിച്ചുകൊണ്ടു്, എ
ന്റെ മനസ്സു് ശാന്തമാക്കി—കഷ്ടതകൾവഴി ഞാൻ ദൈവത്തെ പ്രാപിക്കു
മെന്നും, ഉയർപ്പിൽ നിങ്ങളുടെ ശിഷ്യനായിത്തീരുമെന്നും പ്രത്യാശിച്ചു
കൊണ്ടു് ii) അതുകൊണ്ടു് എന്റെ പ്രിയപ്പെട്ട പോളികാർപ്പു് (ദൈവം
എത്ര സമൃദ്ധമായി നിന്നെ അനുഗ്രഹിച്ചിരിക്കുന്നു) നീ ഏററം മതപരമാ
യോരു യോഗം വിളിച്ചുകൂട്ടി, പ്രത്യേകമായി പ്രിയംകരനും, ശുഷ്ക്കാ
ന്തിയുള്ളവനും ദൈവത്തിന്റെ സന്ദേശവാഹകനായി വർത്തിക്കുവാൻ കെ
ല്പുററവനും ആയി നിനക്കു് തോന്നുന്നവനെ നിയമിക്കണം, സിറിയാ
യിൽ പോകുന്നതിനുള്ള സൗഭാഗ്യം അവനു നൽകണം. നിങ്ങളുടെ തളരാ
ത്ത മഹാമനസ്ക്കതയെ പുകഴ്ത്തിക്കൊണ്ടു്, ദൈവത്തിനു് സ്തുതി വർദ്ധി
പ്പിക്കാനുമായി ക്രിസ്ത്യാനി തന്റെതന്നെ ജീവിതത്തെ ഭരിക്കുകയില്ല, പ്ര
ത്യുത തന്റെ സമയം മുഴുവൻ ദൈവത്തിനുനൽകുന്നു. അതു് ദൈവത്തിന്റെ
ജോലിയാണു്. നിങ്ങളതു് പൂർത്തിയാക്കിക്കഴിയുമ്പോൾ, അതു നിങ്ങളു
ടേതുമായിരിക്കും. അവന്റെ കാര്യം വരുമ്പോൾ, നിങ്ങൾ മഹാമനസ്സു
രായി വർത്തിക്കുവാൻ ഒരുക്കമുള്ളവരാണെന്നു് ദൈവത്തിന്റെ . കൃപാവരം
എനിക്കാത്മവിശ്വാസം തരുന്നു. നിങ്ങളുടെ താല്പര്യപൂർവ്വകമായ ആത്മാ
ർത്ഥതയെപ്പററി എനിക്കു് നന്നായി അറിയാവുന്നതിനാലാണു് എന്റെ
അപേക്ഷ കുറെ വാക്കുകളിൽ ഒതുക്കി നിർത്തുന്നതു്,

8. ത്രോവാസിൽനിന്നു് നെയിപോളിസിലേക്കു് ഉടനെ കപ്പൽ ക
യറുന്നതുകൊണ്ടു് എല്ലാവർക്കും എഴുതാൻ എനിക്കു സാധിച്ചില്ല. അതു
കൊണ്ടു് ദൈവഹിതം അനുവർത്തിക്കുന്നവരെപ്പോലെ, സഭകൾക്കു മുൻകൂ

www.malankaralibrary.com



ട്ടി എഴുതുവാൻ ഞാൻ പറഞ്ഞതുപോലെ ചെയ്യുവാൻവേണ്ടി നിങ്ങളോട് ഞാൻ ആവശ്യപ്പെടുന്നു. പ്രതിപുരുഷന്മാരെ അയയ്ക്കുവാൻ കഴിയുന്നവർ അങ്ങനെ ചെയ്യട്ടെ. അല്ലാത്തവർ നിങ്ങളുടെ സ്വന്തം പ്രതിനിധികളുടെ കത്തുകൾ അയയ്ക്കട്ടെ. അങ്ങനെ അർഹിക്കുന്നതുപോലെ എന്നേക്കും അനുസ്മരിക്കപ്പെടുന്ന ഒരു പ്രവൃത്തിയാൽ നിങ്ങൾ കീർത്തിമാന്മാരാകും.

ii) എപ്പിത്രോപ്പസിലെ വിധവയ്ക്കും അവളുടെ കുട്ടികൾക്കും കുടുംബം മുഴുവനും നിങ്ങൾ ഓരോരുത്തർക്കും വ്യക്തിപരമായ ആശംസകൾ! എന്റെ പ്രിയപ്പെട്ട അത്താലുസിനും വന്ദനം. സിറിയായിലേക്ക് പോകുവാൻ തെരഞ്ഞെടുക്കപ്പെട്ടവനും വന്ദനം. അവനോടും, അവനെ അയയ്ക്കുന്ന പോളികാർപ്പിനോടുംകൂടെ കൃപ എന്നേയ്ക്കും ഉണ്ടായിരിക്കട്ടെ. iii) നമ്മുടെ ദൈവമായ യേശുക്രിസ്തുവിൽ നിങ്ങളോടു യാത്ര പറയുന്നു. നിങ്ങൾ അവനിൽ വസിക്കുകയും, ദൈവിക ഐക്യത്തിൽ ഭാഗഭാക്കാകുകയും, ദൈവസംരക്ഷണയിലായിരിക്കയും ചെയ്യട്ടെ. എനിക്കു വളരെ നന്മചെയ്ത Arce-ന് വന്ദനം. യേശുക്രിസ്തുവിൽ മംഗളം ഭവിക്കട്ടെ!

# വി. പോളികാർപ്പിന്റെ രക്തസാക്ഷിത്വം

വേദപുസ്തകത്തിൽ ക്രിസ്തുവിന്റെ ക്രൂരമരണത്തെയും വി. സ്തെഫാനോസ്സിന്റെ രക്തസാക്ഷിത്വത്തെയുംകുറിച്ച് സമൃദ്ധമായി വിവരിക്കുന്നുണ്ട്. വേദപുസ്തകത്തിനുപുറത്ത് ക്രിസ്തുവിനെപ്രതി മരിച്ച ഒരാളെപ്പററി പ്രതിപാദിക്കുന്ന ഏററം പഴക്കംചെന്ന രേഖ വി. പോളിക്കാർപ്പിന്റെ രക്തസാക്ഷിത്വത്തെ സംബന്ധിച്ചുള്ളതാണ്. രക്തസാക്ഷികളോടുള്ള വണക്കം സംബന്ധിച്ചുള്ള ഏററം പുരാതനരേഖയും ഇതുതന്നെ. അതായത് സഭയിലെ രക്തസാക്ഷികളുടെ ഭൗതികാവശിഷ്ടങ്ങളോടുള്ള വണക്കവും, ആണ്ടുതോറും അവരുടെ ഓർമ്മ കൊണ്ടാടുന്ന രീതിയും ഈ രേഖയിൽ ദൃശ്യമാണ്. മൃഗീയമായ നരവേട്ടയുടെ ദൃക്സാക്ഷിവിവരണമാണിവിടെ വരച്ചു കാണിച്ചിരിക്കുന്നത്.

ഇതെഴുതിയ മാർസിയൻ എന്നയാൾ ഉറപ്പിച്ചു പറയുന്നത്, സുവിശേഷാനുസൃതമായിരുന്നീ രക്തസാക്ഷിത്വം എന്നത്രേ. ക്രിസ്തുവിന്റെ

www.malankaralibrary.com



പീഡാനുഭവത്തിന്റെ വെറുമൊരനുകരണമല്ലവിടെ നടന്നതു്. പ്രത്യുത, ജീവിതത്തിൽ പകർത്തിയ ക്രിസ്തീയചൈതന്യത്തിന്റെ മകുടംതന്നെയായിരുന്നതു്. അവിടുന്നു് മുൻകൂട്ടി അരുളിച്ചെയ്തതുപോലെ അവിടുത്തെ നാമത്തെ പ്രതിയുള്ള പീഡാസഹനംതന്നെ. ക്രിസ്തീയ രക്തസാക്ഷിത്വം എല്ലാവർക്കുംവേണ്ടി മരിച്ചവനോടുള്ള യോജിപ്പാണു്. അവൻ തന്നിൽ നിദ്രപ്രാപിക്കുന്നവരെ ഉയർപ്പിക്കും എന്ന പ്രത്യാശയിൽ അവനുവേണ്ടി ജീവനെ ഒരു യാഗമായി അർപ്പിക്കുക. ഇക്കാരണത്താൽ ഏതെങ്കിലുമൊരു തത്വത്തിനുവേണ്ടി മരിക്കുന്നവരിൽനിന്നു് ക്രിസ്തീയരക്തസാക്ഷികൾ തികച്ചും വ്യത്യസ്ഥരത്രെ.

റോമൻ ചക്രവർത്തി അനുശാസിച്ചിരുന്ന മതവിശ്വാസങ്ങൾ അംഗീകരിക്കാൻ പ്രജകളെല്ലാം നിർബന്ധിതരായിരുന്നു. വിവേചനം കൂടാതെ അതനുസരിക്കാത്തവരെ രാജ്യദ്രോഹികളായി മുദ്രയടിച്ചു. ക്രിസ്ത്യാനികൾ അക്കൂട്ടത്തിൽപെട്ടു. ക്രിസ്ത്യാനികളെന്നു് തെളിയിക്കപ്പെട്ടാൽ, ക്രിസ്തുവിനെ തള്ളിപ്പറയുന്നതിലേക്കെന്തു്പീഡനവും ഏല്പിക്കാൻ കോടതി ഉത്തരവിടുകയായി. അക്കാര്യത്തിലൊരയവില്ലായിരുന്നു. മതത്തിന്റെ വെറുമൊരു ബാഹ്യാചാരംകൊണ്ടു് അവർക്കതിൽനിന്നു് വിടുതൽ കിട്ടുമായിരുന്നു. എന്നാൽ അതു് ക്രിസ്തീയതത്വമല്ലെന്നുതന്നെ ക്രൈസ്തവർ കരുതി, ഉറച്ചുനിന്നു്, ധീര രക്തസാക്ഷികളായി. അവരുടെ രക്തം നാലുപാടും ചിതറി.

വൈവിധ്യമാന്ന പീഡനങ്ങളിലും ഒരൈക്യം ക്രിസ്ത്യാനികൾ ദർശിച്ചു. മൃഗങ്ങൾക്കെറിയപ്പെട്ടപ്പോഴും, തിളച്ച എണ്ണയിൽ ഇടപ്പെട്ടപ്പോഴും, ഇരുമ്പുകട്ടിലിൽ കിടത്തപ്പെട്ടപ്പോഴും, ജീവന്റെ നാഥനായ മിശിഹായിലുള്ള ഭാഗഭാഗിത്വം നിരന്തരം ഉത്തേജനം നൽകുന്നതായവർക്കനുഭവപ്പെട്ടു.

പോളിക്കാർപ്പിന്റെ കാലത്തു് സ്മിർണായിലുണ്ടായ മതപീഢനത്തിന്റെ കൃത്യമായ കാരണം വ്യക്തമായി വിവരണത്തിൽ പറയുന്നില്ല. യഹൂദന്മാരുടെ വിദ്വേഷമാണു് പ്രധാനമായി എടുത്തുപറയുന്നതു്. അവർ ജാതികളുടെ കൂട്ടത്തെ ഇളക്കി, ക്രിസ്ത്യാനികളെ അടിക്കാൻ ഇറങ്ങി പുറപ്പെട്ടു. എന്നാൽ അതിതീക്ഷ്ണതയാൽ നിറഞ്ഞ ചില സഹോദരങ്ങൾ സ്വയം മുന്നോട്ടുവന്നു് തങ്ങൾ ക്രിസ്ത്യാനികളാണെന്നു് സ്വയം പ്രഖ്യാപിച്ചതായും പറയപ്പെടുന്നു. ഫ്രീജിയാക്കാരൻ ഒരു ക്വിൻത്തുസിന്റെ പേരെടുത്തു പറയുന്നുണ്ടു്.

എവുസേബിയസു് തന്റെ സഭാ ചരിത്രത്തിൽ പോളിക്കാർപ്പിന്റെ രക്തസാക്ഷിത്വത്തെപ്പററിപ്പറയുന്നുണ്ടു്. മരിച്ച വർഷത്തെ സംബന്ധിച്ചു് പണ്ഡിതന്മാരുടെയിടയിൽ അഭിപ്രായ വ്യത്യാസമുണ്ടു്. എവുസേബിയസ്സിന്റെ അഭിപ്രായത്തിൽ 167-ൽ മാർക്കസു് ഔറേലിയസിന്റെ കാലത്തു് പോളിക്കാർപ്പു് രക്തസാക്ഷിയായി. 1867 വരെ ഇതാ

www.malankaralibrary.com



യിരുന്ന അംഗീകൃത തീയതി. 1867-ൽ W. H Waddington ഇതേപ്പറ്റി പഠനംനടത്തി. മരിച്ച തീയതി 155 ഫെബ്രുവരി 23-നാണെന്ന് തറപ്പിച്ചു പറഞ്ഞിട്ടുണ്ട്.

ഗ്രന്ഥം

സ്മിർണയിലെ മെത്രാനായ വി. പോളിക്കാർപ്പിന്റെ രക്തസാക്ഷിത്വത്തെപ്പറ്റി, സ്മിർണായിലെസഭ ഫീലോമെലിയത്തിലെ സഭയോട് ഒരു കത്തിൽ വിവരിച്ചത്. സ്മിർണായിൽ വിപ്രവാസത്തിൽ കഴിയുന്ന ദൈവസഭ ഫീലോമെലിയത്തിലെ ദൈവസഭയ്ക്കും, എല്ലാ സ്ഥലങ്ങളിലുമുള്ള വി. കത്തോലിക്കാ സഭയിൽപ്പെട്ടവർക്കും: പിതാവായ ദൈവത്തിൽനിന്നും നമ്മുടെ കർത്താവേശുക്രിസ്തുവിൽനിന്നും ദയയും സമാധാനവും സ്നേഹവും വർദ്ധിക്കുമാറാകട്ടെ.

1. സഹോദരങ്ങളേ, രക്തസാക്ഷി മകുടംചൂടിയവരെപ്പററി, പ്രത്യേകിച്ച് തന്റെ സാക്ഷ്യത്താൽ മതപീഡനം അവസാനിപ്പിച്ച് മുദ്രയിട്ട ഭാഗ്യവാനായ പോളിക്കാർപ്പിനെപ്പററിയാണ് ഞങ്ങൾക്ക് എഴുതുന്നത്. സുവിശേഷാനുസരണമുള്ളൊരു രക്തസാക്ഷിത്വം ഒന്നുകൂടി കർത്താവ് കാട്ടിക്കൊടുക്കാൻവേണ്ടി അതിലേക്ക് നയിച്ച കാര്യങ്ങളെല്ലാം തന്നെ സംഭവിച്ചു. ii) നമ്മുടെ കർത്താവ് ചെയ്തതുപോലെ ഒററിക്കൊടുക്കപ്പെടുന്നതിന് അവൻ അവസാനംവരെ കാത്തിരുന്നു. നാം നമ്മെ സംബന്ധിക്കുന്നകാര്യംമാത്രം ശ്രദ്ധിക്കുന്നവരാകാതെ, നമ്മുടെ അയൽക്കാരെ സംബന്ധിക്കുന്ന കാര്യവും ശ്രദ്ധിച്ച് അവനെ അനുകരിക്കുന്നവരാകാൻവേണ്ടിയാണിത്. സ്വയം രക്ഷിക്കപ്പെടുക എന്ന ആഗ്രഹത്തിനു പുറമേ, സഹോദരങ്ങളെപ്പററിക്കൂടി ചിന്തിക്കുകയെന്നത് സത്യവും നിരന്തരവുമായ സ്നേഹത്തിന്റെ അടയാളമാണ്.

2. ദൈവതിരുവചനത്തിനനുസരണം നടന്ന രക്തസാക്ഷ്യമെല്ലാം ഭാഗ്യപ്പെട്ടതും ശ്രേഷ്ഠമേറിയതുംതന്നെയാണ്, കാരണം എല്ലാ കാര്യങ്ങളിന്മേലും ദൈവത്തിന് അധികാരം ആരോപിക്കുന്നതിൽ നാം വളരെ ബഹുമാനമുള്ളവരായിരിക്കണം. ii) അവരുടെ യജമാനനോട് അവർക്കുള്ള മഹാനുഭാവവും ക്ഷമാപൂർവ്വകമായ സഹനവും സ്നേഹവും ആരാണ് അഭിനന്ദിക്കാത്തത്! അവരിൽ ചിലർ അടികളാൽ പിച്ചിച്ചീന്തപ്പെട്ടു. ഉള്ളിലെ രക്തധമനികൾ ദൃശ്യമാകത്തക്കവണ്ണം ശരീരഘടന അത്ര വ്യക്തമാക്കപ്പെട്ടു കാഴ്ചക്കാരിൽ ദയയും സങ്കടവും ഉളവാകത്തക്കരീതിയിൽ അവർ വളരെയധികം ക്ഷമാപൂർവ്വം സഹിച്ചു. മററു ചിലർ കരയുകയോ നിലവിളിക്കുകയോ ചെയ്യാതെ അസാമാന്യ ധീരത കാട്ടി. തങ്ങൾ ശരീരത്തിലല്ല, പ്രത്യുത നാഥൻ തങ്ങളോടൊത്തുനിന്ന് സംസാരിച്ചു എന്ന് പീഡനസമയത്ത് ക്രിസ്തുവിന്റെ ധീരരക്തസാക്ഷികൾ ഞങ്ങൾക്കെല്ലാവർക്കും കാണിച്ചുതന്നു, iii) ക്രിസ്തുവിന്റെ കൃപയ്ക്ക് തങ്ങളെത്ത

www.malankaralibrary.com



ന്നെ ഏല്പിച്ചുകൊണ്ടു് അവർ ഈ ലോകത്തിന്റെ പീഡനങ്ങളെ വിഗണിച്ചു: തങ്ങൾക്കുവേണ്ടി ഒരു മണിക്കൂർ സമയംകൊണ്ടു് നിത്യജീവിതം വിലയ്ക്കുവാങ്ങുകയുംചെയ്തു. മൃഗീയമായ പീഡനങ്ങളുടെ അഗ്നി അവർക്കു തണുപ്പായിരുന്നു. എന്തെന്നാൽ നിത്യമായതും ഒരിക്കലും അവസാനിക്കാത്തതുമായ അഗ്നിയിൽനിന്നുള്ള മോചനത്തിൽ അവർ ദൃഷ്ടിവച്ചു. അതേസമയം ഹൃദയനയനങ്ങളാൽ ക്ഷമാപൂർവ്വംസഹിക്കുന്നവർക്കായി ഒരുക്കപ്പെട്ടിട്ടുള്ള നല്ലവസ്തുക്കൾ അവർ സൂക്ഷിച്ചുനോക്കി. അവ കണ്ണു കണ്ടിട്ടില്ല; ചെവി കേട്ടിട്ടില്ല. മനുഷ്യഹൃദയത്തിൽ തോന്നിയിട്ടുമില്ല. എന്നാൽ കർത്താവു് അവർക്കവ കാട്ടിക്കൊടുത്തു. കാരണം അവർ മനുഷ്യരല്ല മാലാഖമാരായിരുന്നു. iv) അപ്രകാരംതന്നെ വന്യമൃഗങ്ങൾക്കെറിയപ്പെട്ടും, ഭീകരശിക്ഷകൾക്കുശേഷം മൂർച്ചയുള്ള വാളുകളിൽ കിടത്തപ്പെട്ടും, മററു പല ഭീകരരീതികളിലും, അവർ പീഡിപ്പിക്കപ്പെട്ടു. സാധിക്കുമെങ്കിൽ തുടർച്ചയായ മർദ്ദനത്താൽ അവരുടെ വിശ്വാസം ഉപേക്ഷിക്കാൻ അവരെ വഴിപ്പെടുത്താൻവേണ്ടിയായിരുന്നവയെല്ലാം.

3. അവരിൽ പലതും അവക്കെതിരായുള്ള പൈശാചികോപായങ്ങളായിരുന്നു. എന്നാൽ ദൈവാനുഗ്രഹത്താൽ അവൻ അവക്കെല്ലാമെതിരായി വിജയിച്ചില്ല. കാരണം, ഏററം ശ്രേഷ്ഠനായ ജർമാനിക്കസ്സു് തന്റെ ക്ഷമാപൂർവ്വമായ സഹനത്താൽ അവരുടെ ഭീരുത്വത്തെ അകററി, അവരെ പ്രോത്സാഹിപ്പിച്ചു. അവൻതന്നെയും വളരെ വിശിഷ്ടമായ രീതിയിൽ മൃഗങ്ങളോടു് മല്ലിട്ടു. കാരണം അവന്റെ യുവത്വത്തിൽ അനുകമ്പതോന്നിയ പ്രോകോൺസുൾ അവനെ അനുനയിക്കാൻ ശ്രമിച്ചു. അപ്പോൾ അവരുടെ ദുഷ്ടവും നിയമരഹിതവുമായ ജീവിതത്തിൽനിന്നു' പെട്ടെന്നൊരു വിടുതൽ കിട്ടാനാഗ്രഹിച്ചു് അവൻതന്നെ മൃഗങ്ങളെ തന്റെയടുക്കലേക്കു് വലിച്ചടുപ്പിച്ചു. ii) അപ്പോൾ ജനക്കൂട്ടം ദൈവസ്നേഹിതരും ദൈവഭയവുമുള്ളവരായ ക്രിസ്തീയ വർഗ്ഗത്തിന്റെ ധീരതയിൽ അത്ഭുതപ്പെട്ടുകൊണ്ടു് വിളിച്ചുപറഞ്ഞു:

''നിരീശ്വരന്മാർ തുലയട്ടെ! പോളിക്കാർപ്പിനെ അന്വേഷിക്കുക''

4. എന്നാൽ ഫ്രീജിയായിൽനിന്നു് താമസിച്ചെത്തിയ ക്വിൻതുസു് എന്ന ഫ്രീജിയാക്കാരൻ വന്യമൃഗങ്ങളെകണ്ടു് ഭയപ്പെട്ടു. യഥാർത്ഥത്തിൽ അവൻ സ്വയം മുന്നോട്ടുവരികയും അപ്രകാരം ചെയ്യാൻ പ്രേരിപ്പിക്കുകയും ചെയ്തവനായിരുന്നു. പ്രോകോൺസുൾ അവനെ വളരെയധികം യാചനയാൽ ക്രിസ്തുവിനെ ശപിച്ചിട്ടു് ബലിയർപ്പിക്കാൻ പ്രേരിപ്പിച്ചു. ഇക്കാരണത്താൽ സഹോദരങ്ങളെ, സ്വയം മുന്നോട്ടുവരുന്നവരെ ഞങ്ങൾ പ്രോത്സാഹിപ്പിക്കുന്നില്ല. സുവിശേഷം അപ്രകാരം ചെയ്യുവാൻ പഠിപ്പിക്കുന്നുമില്ലല്ലോ.

www.malankaralibrary.com



5. ഇതേപ്പററി ആദ്യമായി കേട്ടപ്പോഠം സ്തുത്യർഹനായ പോളി കാർപ്പാകട്ടെ കലുങ്ങിയില്ല, പിന്നെയോ, പട്ടണത്തിൽതന്നെ താമസി ക്കാൻ ആഗ്രഹിച്ചു. എന്നാൽ ഭൂരിഭാഗം ആളുകളും പിൻമാറാൻ അദ്ദേഹ ത്തെ പ്രേരിപ്പിച്ചു. അതുകൊണ്ടു് പട്ടണത്തിൽനിന്നു് വളരെയകലെയ ല്ലാത്തൊരു കൃഷിസ്ഥലത്തേയ്ക്കു് അദ്ദേഹം മാറി, തന്റെ ചില സ്നേഹിത ന്മാരുമൊത്തു് താമസിച്ചു. അവന്റെ പതിവായിരുന്നതുപോലെ എല്ലാ മനുഷ്യർക്കുവേണ്ടിയും ലോകം മുഴുവനുമുള്ള സഭയ്ക്കുവേണ്ടിയും രാപകൽ പ്രാ ർത്ഥിക്കുകമാത്രം ചെയ്തുകൊണ്ടേയിരുന്നു. ii) അവന്റെ അറസ്റ്റിനു് മൂന്നു ദിവസംമുമ്പു് അവൻ പ്രാർത്ഥിക്കവേ ഒരു സംഭവമുണ്ടായി. ഒരു ദർശന ത്തിൽ തന്റെ തലയിണ കത്തുന്നതായി കണ്ടു. ഉടനെ തന്നോടുകൂടിയു ള്ളവരോടവൻ പറഞ്ഞു ''ഞാൻ ജീവനോടെ ദഹിപ്പിക്കപ്പെടണം''.

6. അവനെ അന്വേഷിക്കുന്നവർ തിരച്ചിൽ തുടർന്നുകൊണ്ടേയിരുന്നു. അവൻ മറ്റൊരിടത്തേക്കുമാറി; ഉടനെ അവരെത്തി. അവനെ കാണാ യ്കയാൽ രണ്ടു് അടിമകളെപിടിച്ചു. അവരിലൊരുവൻ പീഡിപ്പിക്ക പ്പെട്ടപ്പോഠം അവനെവിടെയെന്നു് വെളിപ്പെടുത്തി. ii) അവനെ മറച്ചു വയ്ക്കുവാൻ അസാദ്ധ്യമായിരുന്നു. കാരണം അവനെ ഒററിക്കൊടുത്തവർ അ വന്റെ വീട്ടുകാർതന്നെയായിരുന്നു. ഹേറോദേസ് എന്നു് പേരുണ്ടായി രുന്ന പോലീസ് മേധാവി അവനെ പോർക്കളത്തിലേക്കു് വലിച്ചിഴക്കാൻ തത്രപ്പെടുകയായിരുന്നു, കാരണം, ക്രിസ്തുവിൽ ഭാഗഭാഗിത്വം കിട്ടുവാൻ അവൻ തന്റെ ഭാഗം പൂർത്തിയാക്കാൻവേണ്ടിത്തന്നെ; ഒററിക്കൊടുത്തവർ യൂദായുടെ ശിക്ഷതന്നെയനുഭവിക്കണം.

7. ഒരു വെള്ളിയാഴ്ച അത്താഴസമയത്തു്, ആ അടിമയെയുംകൂട്ടി ഒരു കള്ളന്റെ പിന്നാലെയെന്നവണ്ണം അവരുടെ പതിവനുസരിച്ചു് ആയുധ ധാരികളായി അവർ പുറപ്പെട്ടു. വളരെവൈകി അവരവനമായവിടെ ത്തി. ഒരു ചെറുകുടിലിന്റെ മുകളിലെത്തെ മുറിയിൽ ഒരു കട്ടിലിൽ അ വനെ കണ്ടെത്തി. അപ്പോഴും അവനു് മറ്റൊരിടത്തു് ഒളിക്കാമായിരു ന്നു. എന്നാൽ ദൈവേഷ്ടം നടക്കട്ടെന്നു് പറഞ്ഞവൻ അവിടെത്തന്നെ ത ങ്ങി. ii) അവരുടെ വരവിനെപ്പററിയറിഞ്ഞപ്പോഠം താഴെചെന്നു് അ വനവരുമായി സംസാരിച്ചു. അവനെ ശ്രദ്ധിച്ചവർ അവന്റെ പ്രായത്തി ലും സ്ഥിരതയിലും അത്ഭുതപ്പെട്ടുപോയി. ഉടനെ, അവർക്കാവശ്യമുള്ള ആഹാരം കൊടുക്കാൻ അവൻ കല്പിച്ചു. എന്നിട്ടു് തനിക്കു് ശല്യം കൂടാ തെ പ്രാർത്ഥിക്കുവാൻ ഒരു മണിക്കൂർസമയം അനുവദിക്കണമെന്നവൻ ആവ ശ്യപ്പെട്ടു. iii) അവരനുവദിച്ചപ്പോഠം അവനെ ശ്രദ്ധിച്ചവരെ അത്ഭുത പ്പെടുത്തിക്കൊണ്ടു്, രണ്ടു മണിക്കൂർനേരത്തേക്കു് നിശബ്ദനാകാതെ—ദൈ വകൃപയാൽ ധാരാളമായിനിറഞ്ഞു്—അവൻനിന്നുകൊണ്ടു് പ്രാർത്ഥിച്ചു. ഇപ്രകാരമുള്ള ഭക്തനായൊരു വൃദ്ധനെ പിടിക്കാൻ വന്നതിൽ പലരും അ നുതപിച്ചു.

www.malankaralibrary.com



8. തന്റെ ജീവിതകാലത്തു് എപ്പോഴെങ്കിലും കണ്ടുമുട്ടിയ, ചെറിയവരും, വലിയവരും, പ്രസിദ്ധരും അപ്രസിദ്ധരുമായ എല്ലാവരേയും, ലോകം മുഴുവനുമുള്ള കത്തോലിക്കാ സഭയേയും അവൻ തന്റെ പ്രാത്ഥനയിൽ അനുസ്മരിച്ചു. പ്രാത്ഥന അവസാനിച്ചപ്പോൾ വേർപാടിന്റെ സമയമടുത്തു. അവരവനെ ഒരു കഴുതപ്പുറത്തുകയററി, പട്ടണത്തിലെത്തിച്ചു. ii) അതൊരു വലിയ ശാബതായിരുന്നു. അവിടെവച്ചു് പോലീസ് മേധാവി ഹേരോദേസും അവൻറപ്പൻ നിസെററസും അവനെ കണ്ടുമുട്ടി, അവരുടെ വാഹനത്തിലേക്കു് മാററി. അവരവന്റെ സമീപത്തിരുന്നു് അവനെ വശീകരിക്കാൻ ശ്രമിച്ചു. ''കർത്താവായ- സീസർ'' എന്നുപറഞ്ഞു് ധൂപവും അതുപോലുള്ള വസ്തുവും അർപ്പിച്ചു് നിന്നെത്തന്നെ രക്ഷിക്കുന്നതിൽ എന്താ തെററു് എന്നുപറഞ്ഞുതുടങ്ങി.

ആദ്യമാദ്യം അവനുത്തരം ഒന്നും നൽകിയില്ല. എന്നാൽ അവർ പിന്നെയും പിന്നെയും നിർബന്ധിച്ചപ്പോൾ അവൻ പറഞ്ഞു: ''നിങ്ങളുദ്ദേശിക്കുന്നതു് ഞാൻ ചെയ്യാൻ പോകുന്നില്ല''.

iii) അവനെ വശീകരിക്കാൻ സാധിക്കാഞ്ഞതിനാൽ അവർ ഭീഷണികൾ മുഴക്കിത്തുടങ്ങി. അവന്റെ ചിറി കീറിപ്പോകത്തക്കവേഗത്തിൽ അവനെ വാഹനത്തിൽനിന്നും താഴെയിറക്കി എന്നാൽ ഒന്നും സംഭവിക്കാത്തമട്ടിൽ, ചുററിലൊന്നും നോക്കാതെ അവൻ വേഗത്തിൽ മുന്നോട്ടുനീങ്ങി, അവർ അവനെ മല്ലരംഗത്തേക്കു് നയിച്ചു,

9. ആരേയും വ്യക്തമായി കേൾക്കാൻ അസാദ്ധ്യമായ വിധത്തിൽ അവിടം ശബ്ദായമാനമായിരുന്നു. എന്നാൽ പോളികാർപ്പവിടെ കയറിയ ഉടൻ സ്വർഗ്ഗത്തിൽനിന്നു് ''പോളീകാർപ്പേ, ധൈര്യമായിരിക്കു. മനുഷ്യനായി പെരുമാറു'' എന്നൊരു സ്വരം കേട്ടു. സംസാരിക്കുന്നവനെ ആരും കണ്ടില്ല, എന്നാൽ അവിടെ സന്നിഹിതരായിരുന്ന നമ്മുടെ ആളുകൾ സ്വരം കേട്ടു.

അവസാനം, അവനെകൊണ്ടുവന്നപ്പോൾ പോളികാർപ്പു് അറസ്റ്റു് ചെയ്യപ്പെട്ടു എന്നുകേട്ടു് ഒരു വലിയ ആരവം ഉണ്ടായി, ii) അവനെ പ്രോൺകോൺസുളിൻറടുത്തു് കൊണ്ടുവന്നപ്പോൾ അവൻ പോളികാർപ്പു തന്നെയോ എന്നുചോദിച്ചു. അവൻ താൻതന്നെ എന്നുത്തരം നൽകി. ഉടനെ വിശ്വാസം ഉപേക്ഷിക്കാൻ വശീകരണങ്ങളാരംഭിച്ചു. ''നിന്റെ പ്രായത്തെ ബഹുമാനിക്കുക'' എന്നുതുടങ്ങി അവർക്കു് പതിവായിരിക്കുന്നതുപോലെ പറഞ്ഞുതുടങ്ങി '' സീസറിന്റെ ഭാഗ്യത്തെച്ചൊല്ലി സത്യം ചെയ്യുക, നിന്റെ മനസ്സുമാററുക'' പറയുക. എന്നാൽ പോളീകാർപ്പാകട്ടെ, വിനോദസ്ഥലത്തുകൂടിനിൽക്കുന്ന നിയമമില്ലാത്ത ജാതികളുടെ കൂട്ടത്തെ താല്പര്യപൂർവ്വം ഉററുനോക്കിക്കൊണ്ടു്, അവരുടെനേരെ കൈ ഉയർത്തി. പിന്നീടു് നെടുവീർപ്പിട്ടു്, ആകാശത്തിലേക്കുനോക്കി പറഞ്ഞു; ''നിരീശ്വരന്മാർ തുലയട്ടെ''.

www.malankaralibrary.com



iii) എന്നാൽ പ്രോകോൺസുൾ നിർബന്ധിച്ചു പറഞ്ഞു. ''സത്യം ചെയ്യുക'' ഞാൻ നിന്നെ മോചിക്കാം, ക്രിസ്തുവിനെ ശപിക്കുക,

അപ്പോൾ പോളികാർപ്പു പറഞ്ഞു: 86 വർഷം ഞാനവനെ സേവിച്ചു. അവനെനിക്കൊരു ദ്രോഹവും ചെയ്തിട്ടില്ല. എന്നെ രക്ഷിച്ച എന്റെ രാജാവിനെ പിന്നെ ഞാനെങ്ങനെ ശപിക്കും?

10. അവൻ പിന്നെയും നിർബന്ധിച്ചു പറഞ്ഞു: '' സീസറിന്റെ ഭാഗ്യത്തെച്ചൊല്ലി സത്യം ചെയ്യുക'' അപ്പോൾ അവൻപറഞ്ഞു: ''നിങ്ങൾ പറന്നയുതുപോലെ ഞാൻ സീസറിന്റെ ഭാഗ്യത്തെച്ചൊല്ലി സത്യം ചെയ്യുമെന്ന്നിങ്ങൾ വെറുതെകരുതുകയും,ഞാനാരെന്ന്നിങ്ങൾക്കറിയില്ലെന്ന് നടിക്കുകയും ചെയ്യുന്നെങ്കിൽ വ്യക്തമായി കേൾക്കുക: ഞാനൊരു ക്രിസ്ത്യാനിയാണ്. എന്നാൽ ക്രിസ്തുമതത്തിന്റെ പ്രബോധനത്തെപ്പററി പഠിക്കുവാൻ നിനക്കാഗ്രഹമുണ്ടെങ്കിൽ ഒരു ദിവസം നിശ്ചയിച്ച് എനിക്കൊരവസരം തരിക. ii) പ്രോകോൺസുൾ പറഞ്ഞു ''ജനങ്ങളെ പ്രേരിപ്പിക്കാൻ ശ്രമിക്കു''! എന്നാൽ പോളികാർപ്പു പറഞ്ഞു: ''എന്റെ നോട്ടത്തിൽ നീ മാന്യനായ ഒരു വ്യക്തിയാണ്. ന്യായമായ രീതിയിൽ ദൈവം നിയമിച്ച അധികാരികളെയും ഭരണകർത്താക്കളെയും ബഹുമാനിക്കണമെന്നാണ് ഞങ്ങളെ പഠിപ്പിച്ചിരിക്കുന്നത്. ഇവരെ സംബന്ധിച്ചാണെങ്കിൽ ഞാനവരോട് ന്യായസ്ഥാനം നടത്തത്തക്കവണ്ണം അവരെ യോഗ്യന്മാരായി ഞാൻ ഗണിക്കുന്നില്ല''

11. ഉടനെ പ്രോകോൺസുൾ പറഞ്ഞു: ''എനിക്കു ക്രൂരമൃഗങ്ങളുണ്ട്. നീ നിന്റെ മനസ്സുമാററിയില്ലെങ്കിൽ ഞാൻ നിന്നെ അവയ്ക്കെറിഞ്ഞുകൊടുക്കും.'' അവൻ പറഞ്ഞു: ''അവയെ വിളിക്കു. കാരണം മെച്ചമായതിൽ നിന്ന് ദുഷിക്കപ്പെട്ടതിലേക്കുള്ള അനുപാതം ഞങ്ങൾക്ക് അനുവദിക്കപ്പെട്ടിട്ടില്ല. എന്നാൽ തിന്മയിൽനിന്നും നീതിയിലേക്കുള്ള മാററം തികച്ചും മാന്യമാണ്''. ii) വീണ്ടും അവൻ അവനോടു പറഞ്ഞു: ''നീ നിന്റെ മനസ്സു മാററുകയും വന്യമൃഗങ്ങളെ നിന്ദിക്കയും ചെയ്താൽ ഞാൻ നിന്നെ തീയിൽ ദഹിപ്പിക്കും'' ഉടൻ പോളികാർപ്പു പറഞ്ഞു നീ ഭീഷണിപ്പെടുത്തുന്ന അഗ്നി ഒരു മണിക്കൂർമാത്രം കത്തുകയും പിന്നെ കെടുകയും ചെയ്യുന്നു. അഭക്തരുടെമേൽ വന്നുപതിക്കുന്ന നിത്യശിക്ഷയുടേയും വിധിയുടേയും ഘോരാഗ്നിയെപ്പററി നിനക്കൊന്നും അറിയില്ല. എന്നാൽ നീയെന്തിനു താമസിക്കുന്നു ? വന്ന്, നിനക്കിഷ്ടമുള്ളതു ചെയ്യുക.

12. ഇവയും ഇവയ്ക്കുപുറമെ മററനേക കാര്യങ്ങളും പറഞ്ഞു കഴിഞ്ഞപ്പോൾ അവൻ ധൈര്യവും സന്തോഷവും നിറഞ്ഞവനായി. അവന്റെ മുഖം കൃപാവരത്താൽ നിറഞ്ഞു. അവനോടു പറയപ്പെട്ട കാര്യങ്ങളിൽ അവൻ സംഭ്രമിച്ചില്ല. മറിച്ച് ആ പ്രോകോൺസുകളാകട്ടെ അന്ധാളിച്ചുപോയി. അവൻ തന്റെ മുന്നോടിയെ മല്ലരംഗത്തേക്കയച്ച് ''പോളികാർപ്പ് താൻ ഒരു ക്രിസ്ത്യാനിയാണെന്ന് പ്രഖ്യാപിച്ചിരിക്കുന്നു'' എന്ന് മൂന്നുപ്രാവശ്യം വിളിച്ചുപറയിച്ചു.

www.malankaralibrary.com



ii) മുന്നോടി പറഞ്ഞപ്പോഴേക്കും സ്മിർണായിൽ താമസിച്ചിരുന്ന യൂദന്മാരുടെയും ജാതികളുടേയും സമൂഹം മുഴുവൻ അനിയന്ത്രിതമായ കോപത്തിൽ ഉച്ചസ്വരത്തിൽ അലറി: ''ഏഷ്യയിലെ ഗുരുവും, ക്രിസ്ത്യാനികളുടെ പിതാവും, ദേവധ്വംസകനും, ബലിയർപ്പിക്കേണ്ടെന്നും ആരാധിക്കേണ്ടെന്നും പലരേയും പഠിപ്പിക്കുന്നവനും ഇവനാണു്''.

അപ്രകാരം അവരലറുകയും, ഒരു സിംഹത്തെ അഴിച്ചുവിടാൻ ആസിയാർക്കു് ഫിലിപ്പിനോടു് ആവശ്യപ്പെടുകയുംചെയ്തു. വന്യമൃഗങ്ങളുടെ കളി താൻ അവസാനിപ്പിച്ചിരിക്കയായതിനാൽ അതസാദ്ധ്യമെന്നവൻ പ്രത്യുത്തരം നൽകി. iii) പിന്നെ പോളികാർപ്പിനെ ജീവനോടെ ദഹിപ്പിക്കാൻ ഒരേ സ്വരത്തിൽ അട്ടഹസിക്കണമെന്നവർ നിശ്ചയിച്ചു. തന്റെ തലയണയെസംബന്ധിച്ചു്, അതു കത്തുന്നതായി പ്രാർത്ഥനാവസരം അവനു കാണപ്പെടുകയും അവൻ ചുററുംതിരിഞ്ഞു് ''ഞാൻ ജീവനോടെ ദഹിപ്പിക്കപ്പെടണം'' എന്നു് തന്നോടുകൂടിയുള്ള വിശ്വാസികളോടു് പറയുകയുംചെയ്ത ദർശനം പൂർത്തിയാക്കപ്പെടേണ്ടിയിരുന്നു.

13 വിവരിക്കാവുന്നതിൽ വേഗത്തിൽ ഇക്കാര്യങ്ങളെല്ലാം സംഭവിച്ചു. ജനക്കൂട്ടം വളരെ വേഗത്തിൽ കടകളിൽനിന്നും കളിസ്ഥലത്തുനിന്നും തടിയും വിറകും പെറുക്കികൊണ്ടുവന്നു. സാധാരണ കാണാറുള്ളതുപോലെ, യഹൂദന്മാർ ഇതിനാക്കംകൂട്ടാൻ ഏറെ തീക്ഷ്ണതയുള്ളവരായിരുന്നു.

ii) അഗ്നി ഒരുക്കപ്പെട്ടപ്പോൾ അവന്റെ വസ്ത്രങ്ങളെല്ലാം അഴിച്ചുമാററപ്പെട്ടു: അവന്റെ ബെൽററഴിച്ചു. അവൻ തന്നെ അവന്റെ പാദരക്ഷ അഴിക്കുവാൻ തുടങ്ങി. അവനതു് ഇതുവരെ ചെയ്തിരുന്നില്ല, കാരണം വിശ്വാസികൾ അദ്ദേഹത്തിന്റെ ശരീരം സ്പർശിക്കുവാൻ അഹമഹമികയാ മുന്നോട്ടുവന്നിരുന്നു. അവന്റെ രക്തസാക്ഷിത്വത്തിനുമുമ്പുതന്നെ അവന്റെ പരിശുദ്ധജീവിതംകൊണ്ടു് അവൻ ബഹുമാനിക്കപ്പെട്ടിരുന്നു. iii) ഉടനെ ഒരുക്കിയ ചിതയിലേക്കു് അവനെ ആനയിച്ചു. അവരവന്റെ ശരീരം ആണിയാൽ ബന്ധിക്കാൻ തുടങ്ങിയപ്പോൾ അവൻ പറഞ്ഞു: ''എന്നെ വിടുവിൻ, കാരണം ഈ അഗ്നി സഹിക്കാൻ എനിക്കു ശക്തി നൽകുന്നവൻ ആണികളിൽനിന്നു് നിങ്ങൾ പ്രതീക്ഷിക്കുന്ന മുൻകരുതൽ കൂടാതെ തന്നെ നിശ്ചലമായി ചിതയിൽ നിൽക്കാൻ എനിക്കു കഴിവുതരും''

14. അതുകൊണ്ടു് അവരവനെ ആണിയാൽ ബന്ധിച്ചില്ല; പ്രത്യുത കെട്ടിയതേയുള്ളു, ഒരു വലിയ ആട്ടിൻകൂട്ടത്തിൽനിന്നു് ശ്രേഷ്ഠമായ ഒരു മുട്ടാടിനെ ബലിക്കെന്നപോലെ, അവന്റെ കൈകൾ പിറകിൽ പിടിച്ചുകെട്ടി. ഒരുക്കപ്പെട്ടതും ദൈവത്തിനു് സ്വീകാര്യവുമായ ഒരു ദഹനയാഗം പോലെ. അവൻ സ്വർഗ്ഗത്തിലേക്കു്നോക്കി പറഞ്ഞു: ''നിന്റെ മുമ്പിൽ വ്യാപരിക്കുന്ന നീതിമാന്മാരുടെ തലമുറയുടെയും മാലാഖമാരുടേയും ശക്തികളുടേയും എല്ലാ സൃഷ്ടികളുടേയും ദൈവമായ സർവ്വശക്തനായ കർത്താവേ,

www.malankaralibrary.com



ദൈവമേ, ആർവഴി ഞങ്ങൾ നിന്നെക്കുറിച്ചുള്ള പൂർണ്ണജ്ഞാനം പ്രാപിച്ചുവോ, നിൻെറ പ്രിയനും ഭാഗ്യവാനുമായ യേശുക്രിസ്തു എന്ന ആ ദാസൻെറ പിതാവേ, ഞാൻ നിന്നെ വാഴ്ത്തുന്നു കാരണം ഈ ദിവസത്തേക്കും ഈ നാഴികയ്ക്കും നിൻെറ രക്തസാക്ഷികളുടെ കൂട്ടത്തിൽ എൻെറ ഭാഗം അഭിനയിക്കാൻ നീയെന്നെ യോഗ്യനായി കരുതി.

ക്രിസ്തുവിൻെറ കാസയിലും ആത്മശരീരങ്ങളുടെ നിത്യജീവനിലേക്കുള്ള ഉത്ഥാനത്തിനുവേണ്ടി, പരിശുദ്ധാത്മാവിൻെറ അമർത്ത്യതയിലും, സമ്പുഷ്ടവും സ്വീകാര്യവുമായ ബലിയായി, അവരോടൊപ്പം നിൻെറ സന്നിധിയിൽ ഇന്ന് ഞാൻ സ്വീകരിക്കപ്പെടട്ടെ. നീയിതു ഒരുക്കുകയും, നേരത്തെ വെളിപ്പെടുത്തുകയും പൂർത്തീകരിക്കുകയുംചെയ്തു. നീയോ വഞ്ചനയില്ലാത്ത സത്യദൈവമാകുന്നു.

iii) എൻെറ പ്രിയദാസനും സ്വർഗ്ഗീയനുമായ മഹാപുരോഹിതൻവഴി ഇതിനും മററെല്ലാത്തിനും ഞാൻ നിന്നെ പുകഴ്ത്തുന്നു, ഞാൻ നിന്നെ വാഴ്ത്തുന്നു. ഞാൻ നിന്നെ മഹത്വപ്പെടുത്തുന്നു, അവൻവഴി അവനോടുകൂടി നിനക്കും നിൻെറ പരിശുദ്ധാത്മാവിനും ഇപ്പോഴും വരുവാനിരിക്കുന്ന കാലത്തും മഹത്വമുണ്ടായിരിക്കട്ടെ, ആമ്മീൻ".

15. അവൻ പ്രാർത്ഥന അവസാനിപ്പിച്ചു് ആമ്മേൻചൊല്ലിക്കഴിഞ്ഞപ്പോൾ ചിതക്കടുത്തുനിന്നവർ തീ കൊളുത്തി, അഗ്നി ആളിക്കത്തിയപ്പോൾ ഞങ്ങൾ അത്ഭുതംകണ്ടു—ഞങ്ങൾക്കു ദർശിക്കുവാൻ നൽകപ്പെട്ടതായിരുന്നതു്—അവിടെ സംഭവിച്ചവ ശേഷമുള്ളവരോടു് വിവരിക്കാൻ ഞങ്ങൾ കാത്തുസൂക്ഷിക്കപ്പെട്ടു.

ii) അഗ്നി മേൽക്കൂരയുള്ള ഒരു മുറിയുടെ രൂപംപൂണ്ടു. കാററു നിറഞ്ഞ കപ്പലിൻെറ പാമരംപോലെയായി; രക്തസാക്ഷിയുടെ ശരീരത്തിനുചുററും അഗ്നി ഒരു ഭിത്തിയുണ്ടാക്കി. അവനതിൻെറ മദ്ധ്യത്തിലായിരുന്നു, കത്തുന്ന ശരീരമായല്ല. പിന്നെയോ റൊട്ടി ചുടുന്നപോലെയോ, സ്വർണ്ണവും വെള്ളിയും മൂശയിൽ ശുദ്ധീകരിക്കപ്പെടുന്നതുപോലെയോ, കുന്തിരിക്കത്തിൻെറയോ മറേറതെങ്കിലും സുഗന്ധദ്രവ്യങ്ങളുടെയോ ഗന്ധം പോലെയൊന്നു് ഞങ്ങൾക്കനുഭവപ്പെട്ടു.

16. അവൻെറ ശരീരം അഗ്നിയാൽ ദഹിപ്പിക്കുവാൻ അസാദ്ധ്യമെന്നു്കണ്ടു നിയമമില്ലാത്ത മനുഷ്യർഅവസാനം അവൻെറടുത്തുചെന്നു് ഒരു കഠാരയാൽ കുത്തിക്കൊല്ലുവാൻ ഒരു കൊലയാളിക്കു് ഉത്തരവുകൊടുത്തു. അവനതു ചെയ്തപ്പോൾ ഒരു പ്രാവുംതീയണയ്ക്കുവാൻ തക്കവണ്ണം വളരെയധികം രക്തവും പുറത്തുവന്നു. തെരഞ്ഞെടുക്കപ്പെട്ടവരും നിയമമില്ലാത്തവരും തമ്മിൽ ഇത്ര വ്യത്യാസമുണ്ടല്ലോ എന്നുകണ്ടു് ജനക്കൂട്ടം ആശ്ചര്യസ്തബ്ധരായി. ii) നിശ്ചയമായും ഏററം ശ്ലാഘനീയനായ പോളികാർപ്പ് തെരഞ്ഞെടുക്കപ്പെട്ടവരിൽ ഒരുവനായിരുന്നു. അവൻെറ കാലത്തു് ഞങ്ങ

www.malankaralibrary.com



ളുടെയിടയിൽ അവൻ അപ്പസ്തോലികവും പ്രവാചകതുല്യനമായ ഗുരുവും, സ്മിർണായിലെ കത്തോലിക്കാ സഭയിലെ മെത്രാനമായി തന്നെത്തന്നെ കാട്ടി. അവൻെറ വായിൽനിന്ന വീണ വചനങ്ങളെല്ലാം നിവൃത്തിയായി. അവ നിവൃത്തിയാകുകതന്നെചെയ്യും.

17. എന്നാൽ അസൂയാലുവും തിന്മ നിറഞ്ഞവനമായ ദുഷ്ടൻ, നീതിമാന്മാരുടെ വംശശത്രു, അവൻെറ രക്തസാക്ഷിത്വത്തിൻെറ ശ്രേഷ്ഠതയും ആരംഭം മുതലുള്ള അവൻെറ കുററമററ ജീവിതവും, അവൻ എങ്ങനെ അമർത്ത്യതയുടെ റീത്തുനേടിയെന്നും, അനല്പമായ പ്രതിഫലം പ്രാപിച്ചു എന്നുംകണ്ട്, അവൻെറ ശരീരം എടുക്കുവാൻ ഞങ്ങളെ അനുവദിച്ചില്ല. പലരും അതെടുക്കുവാനും അവൻെറ പരിശുദ്ധശരീരത്തോട് ഐക്യം പാലിക്കാനും ആഗ്രഹിച്ചു.

ii) ഹേറോദേസിൻെറ അപ്പനും ആൽസിൻെറ സഹോദരനുമായ നിസെററാസിനെ പ്രേരിപ്പിച്ച് ശരീരം കൊടുക്കാതിരിക്കാൻ മജിസ്ട്രേററിനോട് വാദിച്ചു. ''അവർ പറഞ്ഞു അവർ കുരിശിൽ തറയ്ക്കപ്പെട്ടവനെ ഉപേക്ഷിച്ച് ഇവനെ ആരാധിക്കാൻ തുടരും''. ഇതു് യഹൂദന്മാരുടെ പ്രേരണയും നിർബന്ധവും മൂലമാണ് സംഭവിച്ചതു്. ഞങ്ങൾ തീയിൽനിന്നവനെ എടുക്കാൻ പോകുന്നതു് അവരും നോക്കിക്കൊണ്ട് നിൽക്കുകയായിരുന്നു.

രക്ഷിക്കപ്പെട്ടവരായ എല്ലാവരുടേയും ലോകത്തിനുവേണ്ടി പീഡസഹിച്ചവനെ നമുക്കൊരിക്കലും ഉപേക്ഷിക്കാൻ സാദ്ധ്യമല്ലെന്നവർ അറിഞ്ഞില്ല. പാപികൾക്കായി മരിച്ച കുററമററവനായ അവനെ ഒഴിച്ച് മററാരെയും നമുക്കൊരിക്കലും ആരാധിക്കാൻ സാദ്ധ്യവുമല്ല. iii) അവനെ നാം ദൈവപുത്രനായി ആരാധിക്കുന്നു. എന്നാൽ രക്തസാക്ഷികളെ അവൻെറ ശിഷ്യരും അവനെ അനുകരിക്കുന്നവരുമായ നാം സ്നേഹിക്കുന്നു. കാരണം അവരുടെ രാജാവും ഗുരുവുമായവനോട്, അവർക്കുള്ള സീമാതീതമായ ഭക്തിമൂലം അതവർക്കുചേർന്നതുമാണ്. അവരുടെ സ്നേഹിതരും ശിഷ്യരുമാകുക എന്നതു് നമ്മുടെയും ഭാഗ്യമായിരിക്കട്ടെ.

18. യഹൂദന്മാരുടെ ക്യാപ്ററൻ അവരുടെ വിവാദംകണ്ട് അവരുടെ രീതി അനുസരിച്ച് അവൻെറ ശരീരം എടുത്തു് മദ്ധ്യത്തിലിട്ട് ദഹിപ്പിച്ചു. ഞങ്ങൾ അവസാനം അവൻെറ അസ്ഥികളെടുത്തു. അവ വിലയേറിയ രത്നങ്ങളേക്കാളും, സ്വർണ്ണത്തേക്കാളും പ്രിയംകരമാണ്. അതിനു് യോജിച്ച ഒരു സ്ഥലത്തു് അതു് സൂക്ഷിച്ചു,

ii) അവിടെ അവൻെറ രക്തസാക്ഷിത്വദിനം ജനനദിവസംപോലെ ആനന്ദത്തോടും ആശ്വാസത്തോടും ആചരിക്കാൻ കർത്താവ് ഞങ്ങളെ അനുവദിക്കും. നമുക്കുമുമ്പേപോയ മല്ലന്മാരെ ഓർമ്മിക്കുന്നതിനും ഇനിവരാനിരിക്കുന്നവരെ ഒരുക്കുന്നതിനും തയ്യാറാക്കുന്നതിനുംവേണ്ടിതന്നെ.

www.malankaralibrary.com



19. ഫിലാഡൽഫിയായിൽനിന്നു് കൂട്ടിക്കൊണ്ടു് വരപ്പെട്ട 12 പേരോടൊപ്പം സ്മിർണായിൽവച്ചു് രക്തസാക്ഷിയാക്കപ്പെട്ട ഭാഗ്യവാനായ പോളികാർപ്പിനെ സംബന്ധിച്ച കാര്യങ്ങളിവയാണു്. അവൻ മററാരേക്കാളധികം എല്ലാവരാലും സ്മരിക്കപ്പെടുന്നു. എല്ലാ സ്ഥലത്തുമുള്ള ജാതികളാലും അവൻ സ്മരിക്കപ്പെടുന്നു. അവൻ ശ്രേഷ്ഠനായൊരു ഗുരുവും പ്രശസ്തനായൊരു രക്തസാക്ഷിയുമായിരുന്നു. ക്രിസ്തുവിൻെറ സുവിശേഷത്തിനു് അനുസരണമായ അവൻെറ രക്തസാക്ഷിത്വം അനുകരിക്കുവാൻ എല്ലാവരും ആഗ്രഹിക്കുന്നു. ii) തൻെറ ക്ഷമാപൂർണ്ണമായ സഹനത്താൽ അവൻ ദുഷ്ടനായ ന്യായാധിപനെ ജയിച്ചു; അമർത്യതയുടെ കിരീടം കരസ്ഥമാക്കി. സർവ്വശക്തനായ പിതാവായ ദൈവത്തെ മഹത്വപ്പെടുത്തുന്നതിലും, നമ്മുടെ ആത്മാക്കളുടെ രക്ഷകനും നമ്മുടെ ശരീരങ്ങളുടെ നാവികനും, ലോകം മുഴുവനുമുള്ള കത്തോലിക്ക സഭയുടെ ഇടയനും നമ്മുടെ കർത്താവുമായ യേശുക്രിസ്തുവിനെ വാഴ്ത്തുന്നതിലും അവൻ ശ്ലീഹന്മാരോടും, എല്ലാ നീതിമാന്മാരോടുമൊപ്പം സന്തോഷിക്കുന്നു,

20. ഈ കാര്യങ്ങൾ വളരെ പൂർണ്ണമായ രീതിയിൽ വിവരിക്കണമെന്നു് നിങ്ങൾ അപേക്ഷിച്ചിരുന്നല്ലോ. എന്നാൽ തല്ക്കാലം ഞങ്ങൾ ചുരുക്കമായി നമ്മുടെ സഹോദരൻ മാർസിയൻവഴി നിങ്ങളോടു് വിവരിക്കുന്നു. നിങ്ങൾ ഈ കാര്യങ്ങൾ ഗ്രഹിച്ചിട്ടു് ഈ കത്തു് മററിടങ്ങളിലുള്ള സഹോദരന്മാർക്കു് എത്തിക്കണം. തൻെറ സ്വന്തം ദാസന്മാരിൽ നിന്നു് തനിക്കായി തെരഞ്ഞെടുക്കപ്പെട്ടവരെ ഉണ്ടാക്കുന്ന കർത്താവിനെ അവരും മഹത്വപ്പെടുത്താൻതന്നെ. 2) തൻെറ കൃപയാലും നിറവാലും നിത്യമായ തൻെറ രാജ്യത്തിലേക്കു് തൻെറ ദാസനും, ഏക ജാതനുമായ യേശുക്രിസ്തുവഴിതന്നെ കൊണ്ടെത്തിക്കുവാൻ കഴിവുള്ളവനു് എല്ലാക്കാലത്തിലും മഹത്വവും ബഹുമാനവും, ശക്തിയും, ഉന്നതിയും ഉണ്ടായിരിക്കട്ടെ. എല്ലാ വിശുദ്ധന്മാർക്കും വന്ദനം പറയുവിൻ. ഞങ്ങളോടുകൂടിയുള്ളവരും, ഈ കത്തെഴുതിയ എവരിസ്റ്റസും അവൻെറ കുടുംബംമുഴുവനും നിങ്ങൾക്കു് ആശംസകൾ അയയ്ക്കുന്നു,

21. ഭാഗ്യവാനായ പോളിക്കാർപ്പു് രക്തസാക്ഷിയായതു് സാൻ-ത്തിക്കസ് മാസത്തിൻെറ മദ്ധ്യഭാഗത്തു് രണ്ടാംദിവസമായിരുന്നു. അതായതു് മാർച്ചു് ഒന്നാംതീയതിക്കു് ഏഴുദിവസംമുമ്പ് ഒരു വലിയശാബദ് ദിവസം ഉച്ചകഴിഞ്ഞു് രണ്ടുമണിക്കു്. ഹേറോദേസ് അവനെ അറസ്റ്റു ചെയ്തു്. ത്രാള്ളസിലെ ഫിലിപ്പു് പ്രധാനാചാര്യനും സ്ഥാത്തിയുസ് കാദ്രാത്തുസ് പ്രോകോൺസുളും ആയിരിക്കവെ നമ്മുടെ കർത്താവായ യേശുക്രിസ്തുവിൻെറ നിത്യമായ ഭരണകാലത്താണു്. അവനു് മഹത്വവും, ബഹുമാനവും, ഉന്നതിയും, നിത്യസിംഹാസനവും തലമുറതലമുറയോളം ഉണ്ടായിരിക്കട്ടെ. ആമ്മീൻ.

22. സഹോദരങ്ങളേ, സുവിശേഷമനുസരിച്ചു് യേശുക്രിസ്തുവി

www.malankaralibrary.com



വിന്റെ വചനത്താൽ നിങ്ങൾ ജീവിക്കുന്നതിനാൽ ഞങ്ങൾ നിങ്ങൾക്ക് വന്ദനം പറയുന്നു. തന്റെ പരിശുദ്ധരായ തിരഞ്ഞെടുക്കപ്പെട്ടവരുടെ രക്ഷയ്ക്കായി, അവന് പിതാവായ ദൈവത്തോടും പരിശുദ്ധാത്മാവോടുമൊപ്പം മഹത്വമുണ്ടായിരിക്കട്ടെ. ഭാഗ്യവാനായ പോളികാർപ്പ് രക്തസാക്ഷിമകുടംചൂടി. അതുപോലെ അവന്റെ കാലടികളെ പിന്തുടർന്ന് യേശുക്രിസ്തുവിന്റെ രാജ്യത്തിൽ കാണപ്പെടുവാനുള്ള ഭാഗ്യം നമുക്ക് ലഭിക്കട്ടെ.

ii) പോളികാർപ്പിന്റെ ശിഷ്യനായ ഇരനേവൂസിന്റെ പേപ്പറുകളിൽനിന്ന് ഈ കാര്യങ്ങൾ ഗായൂസ് പകർത്തിയതാണ്. ഇസോക്രാട്ടെസ് (Isocrates) കോരിന്ത്യയിൽവെച്ച് ഗായൂസിന്റെ കോപ്പിയിൽ നിന്ന് എഴുതി. എല്ലാവരോടുംകൂടി കൃപയുണ്ടായിരിക്കട്ടെ.

iii) എനിക്കു വെളിപ്പെട്ട ഭാഗ്യവാനായ പോളികാർപ്പിൽനിന്നുള്ള വെളിപാടാൽ, ഞാനിതന്വേഷിക്കയും, മുകളിൽപറഞ്ഞ കോപ്പിയിൽ നിന്ന് Pionius ആയ ഞാൻ പകർത്തുകയുംചെയ്തു. അതെപ്പററി ഞാൻ പിന്നാലെ വിവരിക്കാം. അതുകാലപ്പഴക്കത്താൽ പൊട്ടിപ്പൊടിഞ്ഞിരുന്നു. തന്റെ സ്വർഗ്ഗീയരാജ്യത്തിന്റെ തിരഞ്ഞെടുക്കപ്പെട്ടവരോടൊപ്പം എന്നെയും എത്തിക്കാൻവേണ്ടി ഞാനതു് ഒന്നിച്ചുചേർത്തു, അവന് പിതാവിനോടും പരിശുദ്ധാരൂപിയോടും ഒപ്പം തലമുറതലമുറയോളം മഹത്വം ഉണ്ടായിരിക്കട്ടെ. ആമ്മീൻ.

## 23. മോസ്കോ കൈയെഴുത്തുപ്രതിയിൽനിന്നുള്ള മറെറാരുപസംഹാരം.

ഈ കാര്യങ്ങൾ ഗായൂസ് ഇരനേയൂസിന്റെ പേപ്പറുകളിൽനിന്ന് പകർത്തി. ഇരനേയൂസ് വിശുദ്ധ പോളികാർപ്പിന്റെ ഒരു ശിഷ്യനായിരുന്നു. ii) ഈ ഇരനേയൂസ് ബിഷപ്പ് പോളികാർപ്പിന്റെ രക്തസാക്ഷിത്വത്തിന്റെ സമയം റോമിൽ ആയിരുന്നു. പലരേയും പഠിപ്പിച്ചുവന്നു; അവന്റെ മനോഹരങ്ങളും സത്യവിശ്വാസപരവുമായ പല കൃതികളും പ്രചാരത്തിലുണ്ട്. അവയിൽ അവൻ പോളികാർപ്പിനെപ്പററി പറയുന്നുണ്ട്. കാരണം, അവൻ അവന്റെ പ്രബോധകനാണ്, വിശുദ്ധനിൽനിന്ന് ലഭിച്ചതുപോലെതന്നെ അവൻ പാഷാണ്ഡതകളെ നന്നായി അടിച്ചമർത്തുകയും സഭാപരവും സാർവത്രികവുമായ നിയമം പിൻതലമുറക്ക് പകർന്നു കൊടുക്കുകയുംചെയ്തു.

3. അവൻ ഇതും പറയുന്നുണ്ട്: ഒരിക്കൽ മാർസിയൻ-അവന്റെ പിൻഗാമികൾ മാർസിയനൈററുകാർ എന്ന് വിളിക്കപ്പെടുന്നു-പോളികാർപ്പിനെ കണ്ടുമുട്ടി ചോദിച്ചു: "പോളികാർപ്പ്, താങ്കൾക്ക് നമ്മെ അറിയാമോ?" ഉടനെ മാർസിയനോട് പറഞ്ഞു: "എനിക്കു നിന്നെയറിയാം, സാത്താന്റെ ആദ്യജാതനെ എനിക്കറിയാം".

www.malankaralibrary.com



4, പോളികാർപ്പ് സ്മിർണായിൽവെച്ച് കൊല്ലപ്പെട്ട ആ മണിക്കൂറിൽ റോമിലായിരുന്ന ഇരനേവൂസ് കാഹളധ്വനിപോലുള്ളൊരു ശബ്ദത്തിൽ ഇപ്രകാരം കേട്ടു: "പോളികാർപ്പ്, രക്തസാക്ഷിയായി". ഈ കാര്യവും പോളികാർപ്പിൻെറ കൃതികളിൽ കാണാം.

5. നേരത്തെ പറഞ്ഞതുപോലെ ഇരനേയൂസിൻെറ പേപ്പറുകളിൽ നിന്നു് ഗായൂസ് ഒരു കോപ്പി എടുത്തു. അതിൽനിന്നു്, കോരിന്തിൽ വെച്ചു് ഇസോക്രാത്തസ് ഒന്നെടുത്തു. പിയോണിയൂസായ ഞാൻ, ഇസോക്രാട്ടസിൻെറ കൃതികളിൽ അവ തിരഞ്ഞുകൊണ്ടിരുന്നപ്പോൾ പോളികാർപ്പിൽനിന്നുള്ള വെളിപ്പാടനുസരിച്ചു്, അതു് കണ്ടെത്തുകയുംചെയ്തു. അതു് കാലപ്പഴക്കത്താൽ പൊട്ടിപ്പൊളിഞ്ഞിരുന്നു. തൻെറ സ്വർഗ്ഗീയ രാജ്യത്തിൽ തൻെറ തെരഞ്ഞെടുക്കപ്പെട്ടവരോടൊപ്പം എന്നേയും എത്തിക്കാൻവേണ്ടി ഞാനതു് ഒന്നിച്ചുചേർത്തു. അവനു് പിതാവിനോടും പരിശുദ്ധാത്മാവിനോടും ഒപ്പം തലമുറതലമുറയോളം മഹത്വം ഉണ്ടായിരിക്കട്ടെ. ആമ്മീൻ,

# സ്മിർണയിലെ മെത്രാൻ പോളികാർപ്പ് ഫിലിപ്പിയർക്കെഴുതിയ ലേഖനം

രക്തസാക്ഷിത്വത്തിൻെറ അവസരം പോളിക്കാർപ്പ വിളിച്ചുപറഞ്ഞു: 86 വർഷം ഞാൻ ക്രിസ്ത്യാനിയായിരുന്നു. രക്തസാക്ഷിത്വം 155 ലോ 156 ലോ ആണു്. ജനനം 69 ലോ 70 ലോ ആയിരിക്കാം. അന്ത്യോക്യയിലെ വി ഇഗ്നേഷ്യസ്സ് രക്തസാക്ഷിത്വത്തിൻെറ അവസരം (117-ൽ) 47 വയസ്സുകാരനും.

ഇഗ്നേഷ്യസ് തൻെറ രക്തസാക്ഷിമകുടം ചൂടാൻ റോമിലേക്കുപോകുമ്പോൾ പോളിക്കാർപ്പ സ്മിർണയിലെ മെത്രാനായിരുന്നു. ത്രോവാസിൽ നിന്നു് ഇഗ്നേഷ്യസ് പോളിക്കാർപ്പിനെഴുതിയ കത്താണു് അദ്ദേഹത്തെപ്പററി ചരിത്രത്തിൽ കാണുന്ന ആദ്യത്തെ പരാമർശനം.

ഇഗ്നേഷ്യസ് റോമിലേക്കു പുറപ്പെട്ട അവസരം ഫിലിപ്പിയാക്കാരുടെ ചില അപേക്ഷകൾക്കുത്തരമായിട്ടാണു് പോളിക്കാർപ്പ് ഈ കത്തെഴുന്നതു്. ഇഗ്നേഷ്യസിൻെറ കത്തുകൾ ശേഖരിക്കുക. ഒരു ദൗത്യസംഘത്തെ ഇടയനില്ലാത്ത സിറിയൻ സഭയിലേക്കയയ്ക്കുക-ഇതു് ഇഗ്നേഷ്യസിൻെറ ഒരു അന്തിമാഭിലാഷമായിരുന്നു. മറെറാന്നു് ഫിലിപ്പിയയിലെ സഭയിൽ സംഭവിച്ച ഒരു നിർഭാഗ്യ സംഭവമാണു്. വാലൻസ് എന്ന പ്രെ

www.malankaralibrary.com



സ്ബിററും ഭാര്യയും എന്തോപണമിടപാടിൽ വഞ്ചന കാട്ടിയതിന് സ ഭയ്ക്കു പുറത്താക്കപ്പെട്ടു. തത്സംബന്ധമായി പോളിക്കാർപ്പിൻെറ ഉപദേ ശം അവർ ആരാഞ്ഞു. മൂന്നാമത്ത് അബദ്ധോപദേശങ്ങൾ അവിടവിടെ തലപൊക്കാൻ തുടങ്ങിയിരുന്നു.

പോളിക്കാർപ്പിൻെറ കത്ത് വളരെ ഹ്രസ്വമാണെങ്കിലും കർത്താവി ൻെറ സ്വഭാവം പാടെ വെളിപ്പെടുന്നുണ്ടതിൽ. വിനീതനും ശുദ്ധമാനസ നും സത്യസന്ധനുമായ ഒരു ദൈവപുരുഷനെ നമുക്കതിൽ കാണാം. അദ്ദേ ഹത്തിന് വലിയ താത്വികപരിശീലനമൊന്നും സിദ്ധിച്ചിട്ടില്ല. ഗ്രീ ക്കിൻെറ പാണ്ഡിത്യമോ പഴയനിയമത്തിൻെറ ജ്ഞാനമോ അദ്ദേഹത്തി നില്ല. ക്രിസ്തീയ പ്രബോധനങ്ങളെ നിരന്തരം അദ്ദേഹം ധ്യാനിച്ചി രുന്നു.

തത്വശാസ്ത്രപരമോ ദൈവശാസ്ത്രപരമോ ആയ ഒരു ചർച്ചയ്ക്കും അദ്ദേഹ ത്തിനു താല്പര്യമില്ലായിരുന്നു. എന്നാൽ പാഷാണ്ഡതയെ വെറുപ്പോടും കലവറകൂടാതെയും അദ്ദേഹം എതിർത്തിരുന്നു. ഒരു യഥാർത്ഥ ഇടയൻെറ അന്തർജ്ഞാനവും രീതിയും അദ്ദേഹത്തിനുണ്ടായിരുന്നു.

അദ്ദേഹത്തിൻെറ ജീവിതത്തിലേക്കു വെളിച്ചംവീശുന്ന വളരെയധി കം കാര്യങ്ങൾ നമുക്കു ലഭിച്ചിട്ടില്ല. ഇരനേയൂസ്, പോളീകാർപ്പിനെ പ്പററി പറഞ്ഞിരിക്കുന്നവയേ നമുക്കുള്ളു. ഒരു കുട്ടിയായി ഇരനേയൂസ്, പോളിക്കാർപ്പിൻെറ സംരക്ഷണയിൽവന്നുചേർന്നു, 130-നും 140-നും ഇ ടയ്ക്കാണ് ഇരേനിയൂസ് ജനിച്ചതു്. പോളിക്കാർപ്പു റോമാ സന്ദർശിച്ച പ്പോൾ ഇരേനിയൂസ് അവിടെയുണ്ടായിരുന്നുവെന്നു തോന്നുന്നു.

ഈസ്റ്റർ തീയതി സംബന്ധിച്ച് പോപ്പ് അനിസെററസുമായി ചർച്ച ചെയ്യാൻ രക്തസാക്ഷിത്വത്തിന് രണ്ടോ മൂന്നോ വർഷംമുമ്പ് പൊളി കാർപ്പ് റോമിൽ പോകുകയുണ്ടായി. അവിടെവച്ച് മാർസിയൻ, ഗ്നോസ്റ്റിക് അബദ്ധസിദ്ധാന്തക്കാരുടെ പല ശിഷ്യരേയും സത്യവി ശ്വാസത്തിലേക്ക്കൊണ്ടുവരുവാൻ അദ്ദേഹത്തിനു കഴിഞ്ഞു. റോമിൽവ ച്ച് മാർസീയനുമായി ഏററുമുട്ടി, അവനെ 'സാത്താൻെറ ആദ്യജാതൻ' എന്നു വിളിക്കാനും പോളിക്കാർപ്പു മടിച്ചില്ല.

സഭകൾക്കും വ്യക്തികൾക്കുമായി പോളിക്കാർപ്പ് ധാരാളം കത്തുക ളെഴുതിയിട്ടുണ്ടെന്ന് ഇരേനേയൂസ് പറയുന്നു. ഫിലിപ്പിയക്കാർക്കെഴുതി യ കത്തിൽനിന്നാണ് ഇരേനിയൂസ് കൂട്ടെക്കൂടെ ഉദ്ധരിക്കുന്നതു്.

പോളിക്കാർപ്പ് തൻെറ വിശ്വാസപാരമ്പര്യം വി. യോഹന്നാനിൽ നിന്നും മററ് ശ്ളീഹന്മാരിൽനിന്നും സ്വീകരിച്ചുവെന്നും ഏഷ്യായിലെ ശ്ളീഹന്മാരാണ് തന്നെ തൻെറ സ്ഥാനത്തു് വാഴിച്ചതെന്നും ഇരേനിയൂസ് പലപ്രാവശ്യം പറഞ്ഞിട്ടുണ്ട്.

www.malankaralibrary.com



യേശുവിൻെറ ശിഷ്യരുമായി പോളികാർപ്പ് നേരിട്ടു സംഭാഷണം നടത്തിയിട്ടുണ്ട്. എന്നാൽ പോളിക്കാർപ്പിനേപ്പററി ഒന്നും പറയുന്നില്ല.

## സ്മിർണായിലെ മെത്രാനായ വി. പോളിക്കാപ്പ് ഫിലിപ്പിയക്കെഴുതിയ ലേഖനം

പോളിക്കാർപ്പം അവനോടുകൂടിയുള്ള വൈദികരും ഫിലിപ്പിയായിൽ പ്രവാസത്തിലിരിക്കുന്ന ദൈവസഭയ്ക്കെഴുതുന്നത്; സർവ്വശക്തനായ ദൈവത്തിൽനിന്നും, നമ്മുടെ രക്ഷകനായ യേശുക്രിസ്തുവിൽനിന്നും ദയയും ശാന്തിയും നിങ്ങൾക്ക് വർദ്ധിക്കുമാറാകട്ടെ.

1. യഥാർത്ഥസ്നേഹത്തിൻെറ മാതൃകകളെ നിങ്ങൾ സ്വീകരിച്ചു എന്നതിൽ നിങ്ങളോടൊത്തു് ഞാൻ സന്തോഷിക്കുന്നു. വിശുദ്ധർക്ക് യോജിച്ച ചങ്ങലകളാൽ ബന്ധിതരായ അവർ യഥാർത്ഥത്തിൽ നമ്മുടെ കർത്താവിനും ദൈവത്തിൻെറ തെരഞ്ഞെടുക്കപ്പെട്ടവർക്കും ഒരു കിരീടമാണ്. പണ്ടു മുതലെ കീർത്തികേട്ട നിങ്ങളുടെ വിശ്വാസത്തിൻെറ ഉറച്ച അടിസ്ഥാനത്തെ പ്രതി ഞാൻ സന്തോഷിക്കുന്നു.

നിങ്ങളുടെ വിശ്വാസം ഇപ്പോഴും നിലനില്ക്കുകയും, മരണംത്താളം നമ്മുടെ പാപങ്ങൾക്കുവേണ്ടി സഹിച്ച നമ്മുടെ കർത്താവിനു് ഫലം പുറപ്പെടുത്തുകയുംചെയ്യുന്നു. പാതാളത്തിൻെറ ചങ്ങലകളെ തകർത്തു് ദൈവം അവനെ ഉയർപ്പിച്ചു.

1. iii) അവനെ നിങ്ങൾ ദർശിച്ചിട്ടില്ലെങ്കിലും അവാച്യവും ശ്രേഷ്ഠവുമായ സന്തോഷത്താൽ- അനേകർ അനുഭവിക്കാൻ കാത്തിരുന്ന സന്തോഷത്താൽ നിങ്ങൾ പ്രവർത്തികളാലല്ലാ യേശുക്രിസ്തുവഴി പിതാവിൻെറ ഇഷ്ടത്താലുള്ള കൃപയിലത്രേ രക്ഷപ്രാപിച്ചതു് എന്നു് അറിഞ്ഞുകൊണ്ടു് നിങ്ങൾ വിശ്വസിക്കുന്നു.

2. i) അതുകൊണ്ടു് നിങ്ങൾ അരകെട്ടി, ഭയത്തോടെ ദൈവത്തെ സേവിക്കുവിൻ, പൊള്ളയായ വായാടിത്തവും ജനക്കൂട്ടത്തിൻെറ അബദ്ധപ്രബോധനങ്ങളും വിട്ടകലുവിൻ, നമ്മുടെ കർത്താവേശുക്രിസ്തുവിനെ മരിച്ചവരിൽനിന്നുയർപ്പിച്ചു്, അവനുമഹത്വവും തൻെറ വലത്തു ഭാഗത്തു സിംഹാസനവും കൊടുത്തവനിൽ വിശ്വസിക്കുവിൻ. ആകാശത്തിലും ഭൂമിയിലുമുള്ള സമസ്തവും അവൻ അവനു് കീഴ്പ്പെടുത്തി. അവനെശ്വാസമുള്ള സകലവും സ്നേഹിക്കുന്നു. അവൻ ജീവനുള്ളവരുടേയും മരിച്ചവരുടേയും വിധി കർത്താവായി എഴുന്നെള്ളിവരും. അവനെ അനുസരിക്കാത്തവരോടു് ദൈവം അവൻെറ രക്തത്തിനു് പകരം ചോദിക്കും, നാം അവൻെറ ഇഷ്ടംചെയ്തു്, കല്പനകളനുസരിക്കുകയും, അവൻ സ്നേഹിച്ചതിനെ സ്നേഹിച്ചു്, അത്യാർത്തി, ദ്രവ്യാഗ്രഹം, അപവാദം, കള്ളസാക്ഷി

www.malankaralibrary.com



തുടങ്ങിയ എല്ലാ ദുഷ്പ്രവൃത്തികളിൽ നിന്നകലുകയും, തിന്മയ്ക്കുപകരം തിന്മയും, നിന്ദനത്തിനു് നിന്ദയോ, അടയ്ക്കുടിയോ ശാപത്തിനു ശാപമോ നൽകാതെ ഇരിക്കയും വേണം. വിധിക്കപ്പെടാതിരിക്കാൻ നിങ്ങൾ വിധിക്കരുതു്. ക്ഷമിക്കപ്പെടുവാൻ ക്ഷമിക്കുവിൻ. കരുണ കാണിക്കപ്പെടുവാൻ കരുണയുള്ളവരായിരിപ്പിൻ. നിങ്ങൾ കൊടുക്കുന്ന അളവിനാൽത്തന്നെ നിങ്ങൾക്കും അളന്നുകിട്ടും. ദരിദ്രരും നീതിയെപ്രതി പീഡിപ്പിക്കപ്പെടുന്നവരും ഭാഗ്യവാന്മാർ. എന്തെന്നാൽ ദൈവരാജ്യം അവരുടേതാകുന്നു. എന്നു് കർത്താവു് പഠിപ്പിച്ചപ്പോൾ പറഞ്ഞ കാര്യങ്ങൾ ഓർക്കുകയുംവേണം. അങ്ങനെ നാം ചെയ്താൽ അവനെ മരണത്തിൽ നിന്നുയർപ്പിച്ചവൻ നമ്മെയും ഉയർപ്പിക്കും.

3. i) സഹോദരങ്ങളെ നീതിയെപ്പററി ഞാനീകാര്യങ്ങൾ എഴുതുന്നതു് എന്റെ സ്വന്തഇഷ്ടത്താലല്ല, പിന്നെയോ നിങ്ങൾ ആദ്യമായി എന്നെ ക്ഷണിച്ചതിനാലാണു്. എനിക്കോ എന്നെപ്പോലുള്ള മററൊരാൾക്കോ ഭാഗ്യവാനും വാഴ്ത്തപ്പെട്ടവനുമായ പൗലോസിന്റെ ജ്ഞാനത്തോടു് കിടപിടിക്കത്തക്ക ജ്ഞാനമില്ല. തന്റെ കാലത്തുണ്ടായിരുന്ന തലമുറയുമായി മുഖാമുഖം നിങ്ങളുടെയിടയിൽ സന്നിഹിതനായിരുന്നപ്പോൾ അവൻ കൃത്യമായും ഉറപ്പായും സത്യവചനം നിങ്ങളെ പഠിപ്പിച്ചിട്ടുണ്ടല്ലോ. അവൻ സന്നിഹിതനല്ലാത്തപ്പോൾ നിങ്ങൾക്കു് കത്തുകളയയ്ക്കുകയും ചെയ്തു. നിങ്ങൾ അവ ശ്രദ്ധാപൂർവ്വം പഠിക്കുകയും, പ്രത്യാശയാൽ അനുധാവനം ചെയ്യപ്പെടുകയും, ദൈവത്തോടും ക്രിസ്തുവിനോടും, നമ്മുടെ അയല്ക്കാരോടുമുള്ള സ്നേഹത്താൽ നയിക്കപ്പെടുകയും ചെയ്താൽ നിങ്ങൾക്കു നൽകപ്പെട്ട വിശ്വാസത്തിൽ വളരാൻ നിങ്ങളെ അവ സഹായിക്കും. ഈ കാര്യങ്ങളിൽ മുഴുകിയിരിക്കുന്നവൻ നീതിയുടെ കല്പന പൂർത്തിയാക്കുന്നു. സ്നേഹമുള്ളവൻ എല്ലാ പാപത്തിൽനിന്നുമകലെയാണു്. എന്നാൽ എല്ലാ തിന്മകളുടേയും ആരംഭം ദ്രവ്യാഗ്രഹമാണു്. നാമീ ലോകത്തിലേക്കൊന്നും കൊണ്ടുവന്നില്ല. ഇതിൽനിന്നൊന്നും കൊണ്ടുപോകാൻ പററില്ല എന്നറിഞ്ഞുകൊണ്ടു് കർത്തൃകല്പനയനുസരിച്ചു ജീവിക്കാൻ ആദ്യമായി നമ്മെത്തന്നെ നമുക്കു് പഠിപ്പിക്കാം.

ii) നിങ്ങൾ നിങ്ങളുടെ ഭാര്യമാർക്കു ലഭിച്ചിട്ടുള്ള വിശ്വാസത്തിലും, സ്നേഹത്തിലും, ശുദ്ധതയിലും വിശ്വസ്തതാപൂർവ്വം പ്രേമിക്കാനും, എല്ലാ ശുദ്ധതയിലും, മററുള്ള എല്ലാവരേയും സ്നേഹിക്കാനും, ദൈവഭയത്തിൽ കുട്ടികളെ വളർത്താനും അവരെ അഭ്യസിപ്പിക്കണം iii) വിധവകളും ദൈവത്തോടുള്ള വാഗ്ദാനത്തിൽ വിവേകികളായിരിക്കണം. എല്ലാവർക്കുംവേണ്ടി നിരന്തരം പ്രാർത്ഥിക്കണം. തങ്ങൾ ദൈവത്തിന്റെ ആലയങ്ങളാണെന്നും, (കാഴ്ചകളെപ്രതി) എല്ലാം ശോധന ചെയ്യപ്പെടുന്നെന്നും, വികാരത്താലും, വിചാരത്താലുമുളവാകുന്നവയും, ഹൃദയത്തിന്റെ രഹസ്യങ്ങളും ഒന്നും അവനു് മറഞ്ഞിരിക്കുന്നില്ല എന്നറിഞ്ഞുകൊണ്ടു് നിന്ദനം ദൂഷണം

www.malankaralibrary.com



കള്ളസാക്ഷ്യം, ദ്രവ്യാഗ്രഹം തുടങ്ങിയ എല്ലാത്തരം തിന്മകളിൽനിന്നും അകന്നിരിക്കണം.

5. i) ദൈവം പരിഹസിക്കപ്പെടുന്നില്ല എന്നറിഞ്ഞു കൊണ്ട് അവന്റെ കല്പനകൾക്കും മഹത്വത്തിനും യോജിച്ച രീതിയിൽ നാം ജീവിക്കണം.

ii) അതുപോലെ ശുശ്രൂഷകരും അവന്റെ നീതിക്കുമുമ്പിൽ കളങ്കരഹിതരായിരിക്കണം, അവർ ദൈവത്തിന്റേയും ക്രിസ്തുവിന്റേയും ശുശ്രൂഷകരായിരിക്കണം. മറിച്ച് മനുഷ്യരുടേതായിരിക്കരുത്. അവർ അപവാദം പറയരുത്. ദ്വയാർത്ഥംവച്ച് സംസാരിക്കരുത്. ധനത്തെ സ്നേഹിക്കുന്നവരാകരുത്. എല്ലാററിലും മിതത്വവും ദയയുമുള്ളവരായിരിക്കണം. എല്ലാവരുടേയും ശുശ്രൂഷകനായിത്തീർന്ന് അവർ സത്യമനുസരിച്ച് ജീവിക്കണം. ഈ കാലത്തു് നാമവനെ പ്രസാദിപ്പിച്ചാൽ മരണത്തിൽനിന്നുയർപ്പിക്കും എന്നവൻ പറഞ്ഞിരിക്കുന്നതുപോലെ വരുവാനിരിക്കുന്ന കാലവും നമുക്ക ലഭിക്കും. നമ്മുടെ പൗരത്വം അവനുയോജിച്ച രീതിയിൽ മാനിച്ചാൽ, നമുക്ക വിശ്വാസം ഉണ്ടെങ്കിൽ നാമും അവനോടുകൂടെ വാഴും.

iii) അതുപോലെ യുവാക്കൾ എല്ലാക്കാര്യത്തിലും, പ്രത്യേകിച്ച് ശുദ്ധതയിലും, എല്ലാ തിന്മകളിൽനിന്നും, തങ്ങളേത്തന്നെ നിയന്ത്രിക്കുന്നതിലും കുററമററവരായിരിക്കണം. ഈ ലോകത്തിലുള്ള ദുഷ്ക്കാമത്തിൽ നിന്നു് സ്വയം വെട്ടിമാററുന്നവൻ ഭാഗ്യവാൻ; കാരണം ശാരീരിക വികാരങ്ങൾ അരൂപിക്കെതിരായി യുദ്ധം നടത്തുന്നു. വേശ്യാസംസർഗ്ഗംചെയ്യുന്നവരാകട്ടെ ; വിഷയാസക്തരാകട്ടെ, സ്വവർഗ്ഗസംഭോഗികളാകട്ടെ, ദൈവരാജ്യം അവകാശപ്പെടുത്തുകയില്ല. അതുപോലെതന്നെ വഴിപിഴച്ച കാര്യങ്ങൾ ചെയ്യുന്നവരും ഇവയിൽനിന്നെല്ലാം അകന്നിരിക്കുക അത്യാവശ്യമാണ്. ദൈവത്തോടും ക്രിസ്തുവിനോടും എന്നവണ്ണം, വൈദികരോടും ശെമ്മാശ്ശന്മാരോടും അനുസരണയുള്ളവരായിരിക്കണം. യുവതികൾ കളങ്കരഹിതവും ശുദ്ധവുമായ മനസ്സാക്ഷിയോടെ ജീവിക്കണം.

6. വൈദികരും അതുപോലെ അനുകമ്പയും എല്ലാവരോടും ദയയും ഉള്ളവരായിരിക്കണം. വഴിതെററിപ്പോയവരെ തിരിച്ചുകൊണ്ടുവരണം: രോഗികളെ ശുശ്രൂഷിക്കണം. വിധവകളേയും അനാഥരെയും ദരിദ്രരെയും വിഗണിക്കരുത്. പിന്നെയോ ദൈവത്തിന്റേയും മനുഷ്യരുടേയും മുമ്പിൽ ബഹുമാന്യമായതു് എന്തോ, അതു് ചെയ്യണം. അവർ എല്ലാവിധകോപത്തിൽനിന്നും, പക്ഷപാതത്തിൽനിന്നും, നീതിയില്ലാത്തവിധിയിൽനിന്നും, പണത്തോടുള്ള സ്നേഹത്തിൽനിന്നും അകന്നിരിക്കണം. ആരുടേയും കുററങ്ങളെപ്പററി വേഗത്തിൽ വിശ്വസിക്കരുത്. നമുക്കെല്ലാം പാപങ്ങൾ ഉണ്ടെന്നറിഞ്ഞുകൊണ്ടു് മററുള്ളവരെ വിധിക്കുമ്പോൾ, കർക്കശനായിരിക്കരുത്. നമ്മുടെ കർത്താവു് ക്ഷമിക്കണമേ എന്നു് നാം അപേക്ഷിക്കുമ്പോൾ നാം തന്നെ ക്ഷമിക്കേണ്ടിയിരിക്കുന്നു. കാരണം നാം ക

www.malankaralibrary.com



ത്താവിന്റേയും ദൈവത്തിന്റേയും കൺമുമ്പിലാണ്, എല്ലാവരും മിശിഹായുടെ ന്യായാസനത്തിൻമുമ്പാകെ നിൽക്കേണ്ടിവരും; ഓരോരുത്തനും തന്നെപ്പററി കണക്കുകൊടുക്കേണ്ടിവരുകയുംചെയ്യും. അതുകൊണ്ടു് അവൻ കല്പിച്ചതുപോലെ, ഭയത്തോടും ബഹുമാനത്തോടുംകൂടെ നമുക്കവനെ സേവിക്കാം. അപ്രകാരംതന്നെയാണല്ലോ, സുവിശേഷം നമ്മോടു് പ്രസംഗിച്ച ശ്ലീഹന്മാരും, കർത്താവിന്റെ വരവിനെ മുൻകൂട്ടി അറിയിച്ച നിബിയന്മാരും കല്പിച്ചിട്ടുള്ളതു്.

നന്മയിൽ നാം ശുഷ്ക്കാന്തിയുള്ളവരായിരിക്കണം. ഇടർച്ചയുള്ള അവസരങ്ങളേയും, വ്യാജസഹോദരന്മാരെയും, കാപട്യം നിറഞ്ഞവരും ശൂന്യമസ്തിഷ്ക്കരായവരെ ചതിക്കുന്നവരുമായ കർത്തൃനാമധാരികളെയും ഒഴിവാക്കണം.

7. i) എന്തെന്നാൽ യേശുക്രിസ്തു ശരീരത്തിൽവന്നു എന്നു് പ്രഖ്യാപിക്കാത്തവൻ അന്തിക്രിസ്തുവാകുന്നു. അതുപോലെ കുരിശിന്റെ സാക്ഷ്യം പ്രഘോഷിക്കാത്തവൻ പിശാചിന്റേതാകുന്നു; തന്റെ ദുഷ്ക്കാമത്തിനുവേണ്ടി കർത്തൃവചനങ്ങളെ കോട്ടിമാററുകയും ഉയർപ്പും വിധിയും ഇല്ലെന്നു പറയുകയും ചെയ്യുന്നവൻ-സാത്താന്റെ ജാതനാകുന്നു. ii) നമുക്കതുകൊണ്ടു് ജനക്കൂട്ടത്തിന്റെ പൊള്ളത്തരങ്ങളും അബദ്ധോപദേശങ്ങളും തള്ളിക്കളയാം; ആരംഭം മുതൽ നമുക്കു നൽകപ്പെട്ട വചനത്തിലേക്കു് തിരിയാം. പ്രാർത്ഥനയിൽ ഉററിരിക്കാം. ഉപവാസത്തിൽ സ്ഥിരമായിത്തുടരുവിൻ. പരീക്ഷയിൽ ഉൾപ്പെടാതിരിക്കുവാൻ എല്ലാം കാണുന്ന ദൈവത്തെ തീക്ഷ്ണതാപൂർവ്വം വിളിച്ചപേക്ഷിക്കുവിൻ. കർത്താവു പറഞ്ഞതുപോലെ ‘‘ആത്മാവു് ഒരുക്കമുള്ളതു്, ജഡമോ ബലഹീനമത്രേ’’

8. നമ്മുടെ പ്രത്യാശയും നമ്മുടെ നീതീകരണത്തിന്റെ അച്ചാരവുമായ യേശുക്രിസ്തുവിനെ ദൃഢമായും നിരന്തരമായും മുറുകെപ്പിടിക്കാം, അവൻ പാപം ചെയ്യാതിരുന്നിട്ടും, തന്റെ വായിൽ വഞ്ചനയില്ലാതിരുന്നിട്ടും; മരത്തിൽവച്ചു് തന്റെ ശരീരത്തിൽ നമ്മുടെ പാപങ്ങളെല്ലാം അവൻ വഹിച്ചു. അവനിൽ നാം ജീവിക്കാനായി അവൻ നമ്മെപ്രതി എല്ലാം സഹിച്ചു. ii) അതുകൊണ്ടു് അവന്റെ ക്ഷമാപൂർവ്വമായ സഹനത്തെ നമുക്കനുകരിക്കാം. അവന്റെ നാമത്തെപ്രതി സഹിച്ചുകൊണ്ടു്, അവനെ നമുക്കു മഹത്വപ്പെടുത്താം. അവൻ തന്റെ വ്യക്തിത്വത്തിൽ നമുക്കൊരു ദൃഷ്ടാന്തം തന്നിരിക്കുന്നു; അതാണു് നാം വിശ്വസിച്ചതും.

9. i) നീതിയുടെ വചനത്തിനു് അനുസരണയുള്ളവരായിരിപ്പാൻ ഞാൻ നിങ്ങളെ ഉപദേശിക്കുന്നു. അതുപോലെ എല്ലാം ക്ഷമാപൂർവ്വം സഹിക്കുവിൻ. ഭാഗ്യവാന്മാരായ ഇഗ്നേഷ്യസ്, സോസിമസ്, റൂഫസ് എന്നിവരിൽ നിങ്ങൾ നിങ്ങളുടെ സ്വന്തം കണ്ണുകൾകൊണ്ടു് കണ്ടതാണല്ലോ. കൂടാതെ നിങ്ങളുടെ അംഗങ്ങളായവരിലും പൗലോസിൽ തന്നെയും മററപ്പസ്തോലന്മാരിലും നിങ്ങളിതു ദർശിച്ചതാണല്ലോ,

www.malankaralibrary.com



ii) ഇവരാരും ഓടിയതു് വെറുതെയല്ല. പിന്നെയോ വിശ്വാസത്തിലും നീതിയിലും, അവർ ആരുടെ കഷ്ടതകളിൽ പങ്കുചേർന്നുവോ, ആ കർത്താവിനോടുകൂടെ അവൻ അർഹിക്കുന്ന സ്ഥലത്താണിപ്പോൾ എന്നു് സ്വയം നമുക്കു് പ്രേരിപ്പിക്കാം. കാരണം അവർ ഈ ലോകത്തെ സ്നേഹിച്ചില്ല. പിന്നെയോ നമ്മെപ്രതിമരിക്കയും നമുക്കുവേണ്ടി ദൈവം ഉയർപ്പിക്കുകയും ചെയ്തവനെ സ്നേഹിച്ചു.

10. i) ഈ കാര്യങ്ങളിലുറച്ചുനില്പിൻ. വിശ്വാസത്തിൽ സ്ഥിരമായും അചഞ്ചലമായും വർത്തിച്ചും, സഹോദര്യത്തെ സ്നേഹിച്ചും, അന്യോന്യം സ്നേഹിച്ചും, സഖാക്കളെ സത്യത്തിലും, കർത്താവിന്റെ ശാന്തതയിൽ പരസ്പരം ബഹുമാനിച്ചും, ആരേയും നിന്ദിക്കാതെയും, കർത്തൃദൃഷ്ടാന്തത്തെ അനുകരിപ്പിൻ. ii) ഒരു കാരുണ്യപ്രവൃത്തിചെയ്യാൻ കഴിയുമ്പോൾ മാററിവയ്ക്കരുതു്. കാരണം, ദാനം മരണത്തിൽ നിന്നകററുന്നു. നിങ്ങളെല്ലാവരും, ഒരുവൻ മററൊരുവനു് കീഴ്പ്പെടുവിൻ. അങ്ങനെ നിങ്ങളുടെ പെരുമാററംജാതികളിൽനിന്നുള്ളടണ്ഡനങ്ങൾക്കതീതമായിരിക്കും:നിങ്ങളുടെ സൽപ്രവൃത്തികൾക്കു് നിങ്ങൾ പ്രശംസിക്കപ്പെടുകയുംചെയ്യും. നിങ്ങൾ മൂലം കർത്താവു് അധിക്ഷേപിക്കപ്പെടുകയില്ല. iii) ആരുമൂലം കർത്തൃനാമം ദൂഷിക്കപ്പെടുന്നുവോ, അവർക്കു് ഹാ കഷ്ടം. നിങ്ങൾ ജീവിക്കുന്ന രീതിയിൽ സംയമനം പഠിപ്പിക്കുവിൻ.

11. i) ഒരിക്കൽ നിങ്ങളുടെയിടയിൽ ഒരു വൈദികനായിരുന്ന വാലെൻസിനെപ്പററി ഞാൻ അത്യധികം ദുഃഖിച്ചു. അവനു നൽകപ്പെട്ട ജോലി അവൻ വേഗം മറന്നുകളഞ്ഞു. അതുകൊണ്ടു് ധനത്തോടുള്ള സ്നേഹത്തിൽനിന്നകന്നു് ശുദ്ധതയോടും സത്യസന്ധതയോടും വ്യാപരിക്കുവാൻ ഞാൻ നിങ്ങൾക്കു് മുന്നറിയിപ്പു് നൽകുന്നു. ii) എല്ലാത്തരം തിന്മകളിൽ നിന്നും അകലുവിൻ. ഈ കാര്യങ്ങളിൽ തന്നെത്തന്നെ ഭരിക്കുവാൻ കഴിവില്ലാത്തവൻ മററുള്ളവരെ എങ്ങനെ പഠിപ്പിക്കും? ധനത്തോടുള്ള സ്നേഹത്തിൽ നിന്നകലാത്തവൻ വിഗ്രഹാരാധനയിൽ അശുദ്ധമാക്കപ്പെട്ടു, ദൈവത്തിന്റെ ന്യായവിധിയെപ്പററി അജ്ഞരായ ജാതികളെപ്പോലെ അവൻ വിധിക്കപ്പെടുകയുംചെയ്യും. അതുമല്ലെങ്കിൽ പൗലോസു് പഠിപ്പിക്കുന്നതുപോലെ വിശുദ്ധന്മാർ ലോകത്തെ വിധിക്കുന്നു എന്നു് നാമറിയുന്നില്ലേ? ഏതായാലും നിങ്ങളുടെയിടയിൽ അത്തരം കൃത്യങ്ങളൊന്നും കാണുകയോ കേൾക്കുകയോ ചെയ്തിട്ടില്ല. തത്സംബന്ധമായി പൗലോസു് അത്യദ്ധ്വാനംചെയ്തു. തന്റെ ലേഖനത്തിന്റെ ആരംഭത്തിൽ സൂചിപ്പിച്ചിട്ടുമുണ്ടു്. അക്കാലത്തു് ദൈവത്തെ അറിഞ്ഞ സഭകളിൽ അവൻ നിങ്ങളിൽമാത്രം പ്രശംസിക്കുവാനാഗ്രഹിച്ചു. അന്നും ഞങ്ങൾ അവനെ അറിഞ്ഞിരുന്നില്ല.

iii) അവനെപ്രതിയും അവന്റെ ഭാര്യയെപ്രതിയും ഞാൻ വളരെയധികം ദുഃഖിക്കുന്നു. കർത്താവു് അവർക്കു് യഥാർത്ഥമായ അനുതാപം നൽകട്ടെ. അവന്റെ കാര്യത്തിൽ നിങ്ങളും മിതത്വമുള്ളവരായിരിക്കണം അ

www.malankaralibrary.com



ത്തരക്കാരെ ശത്രുക്കളായി ഗണിക്കരുതു്. നിങ്ങഠം നിങ്ങളുടെ ശരീരം മുഴുവനേയും രക്ഷിക്കാൻവേണ്ടി കഷ്ടപ്പെടുകയും, വഴിതെററിപ്പോകുകയും ചെയ്ത അംഗങ്ങളായ അവരെ വീണ്ടെടുക്കണം. കാരണം, ഇങ്ങനെ ചെയ്യുമ്പോഠം നീങ്ങഠം നിങ്ങളെത്തന്നെ പണിതുയർത്തുന്നു,

12. i) നിങ്ങഠം വേദപുസ്തകത്തിൽ പാണ്ഡിത്യമുള്ളവരാണെന്നും, നിങ്ങഠംക്കൊന്നും അജ്ഞാതമല്ലെന്നും എനിക്കുറപ്പുണ്ടു്.—എനിക്കെല്ലാം നൽകപ്പെട്ടിട്ടില്ല—വി. ഗ്രന്ഥത്തിൽ പറയുന്നതുപോലെ, കോപിക്കാം എന്നാൽ പാപമാകരുതു്. നിങ്ങളുടെ കോപത്തിന്മേൽ സൂര്യൻഅസ്തമിക്കരുതു്. ഇതോർക്കുന്നവൻ ഭാഗ്യവാൻ. നിങ്ങഠം അപ്രകാരമെന്നു് ഞാൻ കരുതുന്നു.

ii) നമ്മുടെ കർത്താവേശുക്രിസ്തുവിന്റെ പിതാവായ ദൈവവും, ദൈവപുത്രനും, നിത്യപുരോഹിതനുമായ യേശുക്രിസ്തുവും, വിശ്വാസത്തിലും, സത്യത്തിലും, എല്ലാ ശാന്തതയിലും, കോപംകൂടാതെയും, ക്ഷമാപൂർവ്വമുള്ള സഹനത്തിലും സുദീർഘമായ പീഡനങ്ങളിലും, ആത്മനിയന്ത്രണത്തിലും, ശുദ്ധതയിലും, നിങ്ങളെ പണിതുയർത്തട്ടെ, നിങ്ങഠംക്കും നിങ്ങളോടൊപ്പം ഞങ്ങഠംക്കും, നമ്മുടെ കർത്താവേശുക്രിസ്തുവിലും, അവനെ മരിച്ചവരിൽനിന്നുയർപ്പിച്ച പിതാവിലും വിശ്വസിക്കുവാനിരിക്കുന്ന, ആകാശത്തിൻ കീഴുള്ള എല്ലാവർക്കും അവൻ തന്റെ വിശുദ്ധന്മാരുടെയിടയിൽ ഓഹരിയും, അവകാശവും നൽകട്ടെ. രാജാക്കന്മാർക്കുവേണ്ടിയും വിധികർത്താക്കഠംക്കുവേണ്ടിയും അധികാരികഠംക്കുവേണ്ടിയും, നിങ്ങളെ പീഡിപ്പിക്കുകയും ഞെരുക്കുകയും ചെയ്യുന്നവർക്കുവേണ്ടിയും, കുരിശിന്റെ ശത്രുക്കഠംക്കുവേണ്ടിയും, പ്രാർത്ഥിക്കുവിൻ. നിങ്ങളുടെ ഫലം എല്ലാവരിലും കാണപ്പെടാനും, അവനിൽ നിങ്ങഠം പൂർണ്ണരാകാനും തന്നെ.

13. i) ആരെങ്കിലും സിറിയായ്ക്കു് പോകുന്നെങ്കിൽ, അവൻ നിങ്ങളുടെ കത്തും എടുക്കണമെന്നു് നിങ്ങളും ഇഗ്നാത്യോസും എനിക്കെഴുതിയിരുന്നു. സൗകര്യപ്രദമായ അവസരം ലഭിച്ചാൽ ഞാനതിൽ ശ്രദ്ധിക്കാം ഞാൻ തന്നെയോ, അല്ലെങ്കിൽ എന്നെയും നിങ്ങളേയും പ്രതിനിധീകരിച്ചുകൊണ്ടു് ഒരു ളേയോ അയയ്ക്കാം, നിങ്ങഠം അപേക്ഷിച്ചതുപോലെ ഇഗ്നാത്യോസ് ഞങ്ങഠംക്കെഴുതിയ എഴുത്തുകളും ഞങ്ങളുടെ പക്കലുള്ള മററെഴുത്തുകളും ഞങ്ങഠം നിങ്ങഠംക്കയയ്ക്കുന്നു. അവയെല്ലാം ഈ കത്തിനോടൊത്തു് ചേർത്തിട്ടുണ്ടു്. അവയിൽനിന്നു് നിങ്ങഠംക്കു് വളരെ ഫലം കിട്ടും. അവ വിശ്വാസവും, സഹനവും കർത്താവിനെ സംബന്ധിച്ചുള്ള പ്രബോധനവും ഉഠംക്കൊണ്ടതാണു്. ഇഗ്നേഷ്യസിനെപ്പററിയും അവനോടുകൂടെയുള്ളവരെപ്പററിയും, നിങ്ങഠംക്കറിയാവുന്ന വസ്തുനിഷ്ഠമായ വിവരങ്ങഠം ഞങ്ങളെ അറിയിക്കണം.

www.malankaralibrary.com



14. അടുത്തിടയ്ക്കു് നിങ്ങളുടെ പക്കൽ ശുപാർശചെയ്ത ക്രേസ്കൂസ് വഴി ഞാനീ കത്തയയ്ക്കുന്നു. ഇപ്പോഴും വീണ്ടും അതെ ശുപാർശ ചെയ്യുന്നു. അവൻ കുററംകൂടാതെ ഞങ്ങളോടൊത്തു വസിച്ചു. അവൻ നിങ്ങളോടുകൂടെയും അങ്ങനെ വസിക്കുമെന്നു് ഞാൻ കരുതുന്നു. അവന്റെ സഹോദരി നിങ്ങളുടെ പക്കൽ വരുമ്പോൾ അവളെയും ഞാൻ നിങ്ങളോടു് ശുപാർശ ചെയ്യുന്നു. നിങ്ങൾക്കും നിങ്ങളുടെ എല്ലാവർക്കും യേശുക്രിസ്തുവിന്റെ കൃപയിൽ അഭിവാദനങ്ങൾ ! ആമ്മീൻ.